പുസ്തകം 73
ലക്കം 10
ഒക്ടോബർ 2004
ഇഖാഅ് 1383
ശഅബാൻ - റമദാൻ 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

**ലേഖനം**

6 ***നമസ്കാരം : മഹത്തായ ഒരു ആരാധന***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

9 ***പരിശുദ്ധ റമദാൻ ഒരു സ്വർഗ്ഗീയ വസന്തം***
മുഹമ്മദ് ഉമർ എച്ച്. എ.

12 ***സുസ്പഷ്ടമായ പ്രമാണങ്ങളും സനാതന തത്ത്വങ്ങളും***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

15 ***മനുഷ്യൻ നിലവിൽ വന്നത് പരിണാമത്തിലൂടെ***
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

19 ***വ്രതം: ആത്മശുദ്ധി വരുത്തുന്ന ആരാധന***
മഹ്മൂദ് കൽക്കുളം

22 ***മഹ്ദി ഇമാമിന്റെ ആവിർഭാവം***
മൗലവി മുഹമ്മദ് യൂസുഫ്

26 ***മൊബൈൽ, ഇന്റർനെറ്റ്, വെബ് - അനുഗ്രഹവും ഭീഷണിയും***
ഫസൽ അഹ്മദ്

30 ***ലോകമഹായുദ്ധത്തെക്കുറിച്ചുള്ള സൂചനകൾ***
ഏ. പി. കുഞ്ഞാമു

**നിയമം**

34 ***മുഹമ്മദീയ നിയമം മതം മാറ്റൽ***

**കവിത**

18 ***കുല്ലുമൻ അലൈഹാഫാൻ***
അസ്മ എടപ്പകത്ത്

കുറിപ്പുകൾ,
വാർത്തകൾ.


**മുഖചിത്രം : സുൽത്താൻ ഹസൻ മസ്ജിദ് - മദ്രസാ കോംപ്ലക്സിന്റെ നടുത്തളം, എ. ഡി. 1363ൽ പണികഴിപ്പിച്ചത്. കെയ്റോ, ഈജിപ്ത്**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സന്മാർഗ്ഗ ദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾകൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം.

(2:186)

## നബിവചനം

ഹദ്റത്ത് അബൂ ഹുറൈറ (റ) യിൽ നിന്നുള്ള നിവേദനം: "റമദാൻ മാസം പ്രവേശിക്കുമ്പോൾ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ശൈത്താൻ ബന്ധിതനായിത്തീരുകയും ചെയ്യുന്നതാണ്."

(ബുഖാരി)



# പരിശുദ്ധ റമദാൻ

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്ത കാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പ് സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാത്തരം ദോഷങ്ങളിൽ നിന്നും അകന്നുനിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. വിശുദ്ധ നബി(സ) റമസാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ്കാലത്ത് ഭക്ഷ്യപേയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നും വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാ ടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധയെല്ലാം ദൈവത്തിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണ്.

*(ഇസ്ലാമിലെ അഞ്ചുകാര്യങ്ങൾ)*

മുഖക്കുറിപ്പ്

# ഇസ്ലാമിലെ വ്രതം: പുരാതനമായൊരു അദ്ധ്യാത്മിക പാരമ്പര്യം

വ്രതാനുഷ്ഠാനം അതിപുരാതന കാലം മുതൽക്കു തന്നെ മനുഷ്യന്റെ അദ്ധ്യാത്മിക പുരോഗതിക്ക് ദൈവം നിശ്ചയിച്ച ഒരുപാധിയാണെന്ന് ഖുർആൻ പറയുന്നു:

يَاأَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ
عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ

'അല്ലയോ വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടിട്ടുള്ളത് പോലെ നിങ്ങൾക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം 'തഖ്‌വാ' (ഭക്തി) ഉള്ളവരായി ത്തീരുന്നതിനുവേണ്ടി' (2:184).

ഭാരതത്തിലെ പ്രാചീന മതാചാര്യനായ ശ്രീബുദ്ധൻ വ്രതമനുഷ്ഠിച്ചുള്ളതായി ലളിതവിസ്തരം ബുദ്ധചരിതം എന്നീ ബുദ്ധമതഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുന്നു. ഹിന്ദുമതത്തിൽ ഉപവാസമെന്നാൽ പാപങ്ങളിൽ നിന്ന് ഉപാവർത്തിച്ച് (പിൻതിരിഞ്ഞ്) ഗുണങ്ങളോട് കൂടിയ വാസമാണ്. അഗ്നിപുരാണത്തിൽ (175ാം അദ്ധ്യായം) ഇത് സംബന്ധിച്ചുള്ള അദ്ധ്യാപനങ്ങളുണ്ട്. മോശെക്ക് പത്ത് കല്പന ലഭിക്കുന്നതിന് മുമ്പായി അദ്ദേഹം നാൽപത് ദിവസം ഉപവസിച്ചതായി പുറപ്പാട് 34:28ലും ആവർത്തനം 9:9ലും കാണാം. യേശു നാലപ്തുനാൾ നോമ്പ് നോറ്റതായി തന്റെ ശിഷ്യർക്ക് ഉപവാസം പ്രബോധിച്ചതായും (മത്താ. 4:2, 17:21) സുവിശേഷങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ഇസ്ലാമിലെ നിർബന്ധമായ ആരാധനയിൽ വ്രതാനുഷ്ഠാനം ഉൾപ്പെടുത്തിക്കൊണ്ട് റസൂൽ തിരുമേനി (സ) മുസ്ലിംകളെയാകമാനം വ്രതത്തിന്റെ ഗുണഭോക്താക്കളാക്കി മാറ്റി. മനുഷ്യന്റെ ആത്മീയ പുരോഗതിക്കായുള്ള പുരാതനമായ ഒരു പാരമ്പര്യം അല്ലാഹു റസൂൽ തിരുമേനി (സ)യിലൂടെ മനുഷ്യസമുദായത്തിന് സമർപ്പിക്കുകയായിരുന്നു. അവിടുന്ന് അരുളി: 'തിന്മകൾ സൂക്ഷിക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നോമ്പുകാരൻ തെറ്റായ പ്രവർത്തികൾ ചെയ്യാതിരിക്കുകയും സംസ്കാരശൂന്യമായ വാർത്തകൾ പറയാതിരിക്കുകയും ചെയ്യട്ടെ. അവനോട് ശണ്ഠകൂടുകയോ അവൻ ശകാരിക്കപ്പെടുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണ് എന്ന് രണ്ട് പ്രാവശ്യം പറയട്ടെ... റമസാൻ സമാഗതമായാൽ സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടും.' റസൂൽ തിരുമേനി വീണ്ടും അരുളി: വല്ല നോമ്പുകാരനും തെറ്റായ വാക്കും പ്രവർത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ തന്റെ ഭക്ഷണപാനീയം ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു താല്പര്യവുമില്ല.' എന്ന്.

വ്രതത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ)യുടെ ആത്മീയ ശിഷ്യനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു: 'ആഹാരം കുറക്കുകയും വിശപ്പ് സഹിക്കുകയും ചെയ്യുക എന്നത് ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർത്ഥങ്ങൾ കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷവും അവന് മറ്റൊരു ജീവിതമുണ്ട്. നിത്യമായുള്ള ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കി തള്ളുക എന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അതുവഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാണ്.' (ഇസ്ലാമിലെ അഞ്ചു കാര്യങ്ങൾ ഭാ: 15–10) ■

ലേഖനം

# നമസ്കാരം : മഹത്തായ ഒരു ആരാധന

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

### നമസ്കാരം ദൈവവുമായുള്ള അഭിമുഖമാണ്. അത് അനുഭൂതിദായകമാക്കുന്നതെങ്ങിനെ?

വിശുദ്ധ ഖുർആനിൽ രണ്ട് സ്വർഗ്ഗീയാരാമങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്. അവയിലൊന്ന് ഈ ലോകത്തുവെച്ചുതന്നെ നൽകപ്പെടുന്നതാണ്. അത് നമസ്കാരത്തിൽ അനുഭവിക്കുന്ന ആനന്ദമാണ്. 'സ്വലാത്ത്' മനുഷ്യനിൽ ചുമത്തപ്പെടുന്ന ഭാരമല്ല. മറിച്ച്, മനുഷ്യന്റെ സേവകാവസ്ഥയും (അബൂദിയത്ത്) ദൈവത്തിന്റെ പരിപാലകൻ എന്ന ഗുണവും (റബൂബിയ്യത്ത്) തമ്മിലുള്ള ശാശ്വതമായ ആകർഷണവും സ്ഥിരമായ ബന്ധവും നിലനിർത്തുന്ന മാദ്ധ്യമമാണ്. ഈ ബന്ധം സുസ്ഥാപിതമാക്കുവാനാണ് സർവ്വശക്തനായ അല്ലാഹു 'സ്വലാത്ത്' നിശ്ചയിച്ചിരിക്കുന്നത്. ഈ ബന്ധം നിലനിർത്താനും സുസ്ഥാപിതമാക്കാനും അല്ലാഹു 'സ്വലാത്തി'ൽ അവാച്യമായ ആനന്ദം നിക്ഷേപിച്ചിരിക്കുന്നു. ഉദാഹരണമായി ഒരാണും പെണ്ണും തമ്മിൽ വിവാഹിതരായശേഷം അവർ തമ്മിൽ സന്തുഷ്ടരല്ലെങ്കിൽ അസ്വസ്ഥതകൾ തലപൊക്കാൻ തുടങ്ങുന്നു. അതേപ്രകാരം 'സ്വലാത്തി'ൽ ആനന്ദം ലഭ്യമായില്ലെങ്കിൽ സേവകനും യജമാനനും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു.

സർവശക്തനുമായുള്ള നിങ്ങളുടെ ബന്ധം ആനന്ദദായകമാക്കിത്തീർക്കാനും തുടർന്നുകൊണ്ടുപോകാനും വേണ്ടി നിങ്ങൾ അടച്ചിട്ട വാതിലുകൾക്കപ്പുറമിരുന്നു പ്രാർത്ഥിക്കുവിൻ. അപ്പോൾ പരിപാലകനായ ദൈവവും അവനെ ആരാധിക്കുന്നവനും തമ്മിലുള്ള ബന്ധത്തിൽ പ്രകാശത്തിനുമേൽ പ്രകാശം നിറയ്ക്കപ്പെടുന്നു. പൂർണ്ണമായും വിവരിക്കാനാവാത്തവിധം അഗാധവും സൂക്ഷ്മവുമായ ബന്ധമാണത്. അത്തരമൊരു ആനന്ദം അനുഭവവേദ്യമാകുന്നതുവരെ മനുഷ്യൻ മൃഗങ്ങളിൽ നിന്നും ഒട്ടും വിഭിന്നമല്ലാത്ത ഒരവസ്ഥയിലായിരിക്കും. ആ ആനന്ദം വളരെ കുറഞ്ഞ നേരത്തേക്കു മാത്രം അനുഭവപ്പെട്ടാലും, ആരാധകന്ന് ആ അനുഭവത്തിന്റെ മാധുര്യം രുചിച്ചറിയാൻ സാധിക്കുന്നു. അത്രപോലും അനുഭവമില്ലാത്ത ആൾ അന്ധനായിത്തന്നെ തുടരുന്നു. വിശുദ്ധ ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു:

وَمَنْ كَانَ فِي هَٰذِهِ أَعْمَىٰ
فَهُوَ فِي الْآخِرَةِ أَعْمَىٰ

"വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും" (17:53). ഭാവിയെക്കുറിച്ചുള്ള എല്ലാ വാഗ്ദാനങ്ങളും ഈ തത്വവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. (മൽഫൂസാത്ത് വാല്യം 6 പേജ് 371).

തനിയ്ക്ക് നമസ്കാരത്തിൽ അനുഭവപ്പെട്ടിരുന്ന ആവേശവും ആനന്ദവും നഷ്ടപ്പെട്ടുപോയി എന്ന് ഒരു ആരാധകൻ കണ്ടെത്തുമ്പോൾ ദുഃഖവും നിരാശയും തോന്നേണ്ടതില്ല. നഷ്ടപ്പെട്ട ആ അവസ്ഥ വീണ്ടെടുക്കാൻ അയാൾ പൂർവ്വാധികം ആവേശത്തോടെ പരിശ്രമിക്കണം. ഇതിനുള്ള അനുയോജ്യമായ വഴികൾ പശ്ചാത്താപവും ഇസ്തിഗ്ഫാറും ആത്മാർത്ഥതയുമാണ്. നമസ്കാരത്തിൽ ആനന്ദമനുഭവപ്പെടാത്തതുകാരണം നാം നമസ്കാരം ഉപേക്ഷിക്കരുത്. മറിച്ച് നാം അധികമായി നമസ്കരിക്കയാണു വേണ്ടത്. തനിക്ക് ലഹരിപിടിക്കുന്നില്ലെന്ന കാരണത്താൽ ഒരു മദ്യപാനി മദ്യം ഉപേക്ഷിക്കുന്നില്ല. മദ്യപാനം കൊണ്ട് താൻ ആഗ്രഹിക്കുന്ന സന്തോഷം കൈവരുന്നതുവരെ അയാളത് തുടരുന്നു. അതിനാൽ, ആരാധകൻ 'സ്വലാത്തി'ൽ ആസ്വാദ്യത അനുഭവിക്കുന്നില്ലെങ്കിൽ 'സ്വലാത്ത്' വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം, തളർന്നു പോകരുത്. വെള്ളം തേടി കിണർ കുഴിച്ചുകൊ

ണ്ടിരിക്കുന്ന ആൾ വെള്ളം കാണുന്നതു വരെ കുഴിച്ചുകൊണ്ടിരിക്കണം. വെള്ളമെത്തുന്നതിനുമുമ്പ് കുഴിക്കുന്നതു നിർത്തുന്ന ഒരാൾക്ക് വെള്ളം ലഭിക്കുന്നില്ല. എന്നാൽ ക്ഷീണിതനാവാതെ നിരന്തരം പരിശ്രമിക്കുന്ന ആൾ ലക്ഷ്യം നേടുന്നു. നമസ്കാരത്തിൽ ആത്മനിർവൃതി നേടാൻ ആവശ്യമായത് ഇസ്തിഗ്ഫാർ അഥവാ പശ്ചാത്താപവും ആവേശവും സ്ഥിരചിത്തതയും അതുപോലെത്തന്നെ കൂടുതലായുള്ള ദുആയും ആണ് (മൽഫൂസാത്ത് വാല്യം 5 പേജ് 432).

'മുത്തഖി' അഥവാ സാത്വികൻ ദൈവത്തെ ഭയപ്പെടുകയും പൂർണ്ണമായ ഏകാഗ്രതയോടെ നമസ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ പരിശ്രമത്തിൽ, തന്റെ മനസ്സാന്നിധ്യത്തിനും ഏകാഗ്രതക്കും ഭംഗം വരുത്തുന്ന ചിന്തകളിലും ഭയപ്പാടുകളിലും അള്ളിപ്പിടിച്ചു അയാൾ തന്റെ നമസ്കാരത്തെ 'താഴേക്ക് വലിക്കുന്നു.' എന്നിരിക്കിലും, സാത്വികനായ ഒരാൾ പൂർണ്ണമായ ഏകാഗ്രത കൈവരിക്കാനും അതുവഴി തന്റെ നമസ്കാരം 'നേരെയാക്കാനും' കഠിനാദ്ധ്വാനം ചെയ്യുന്നു. ചിലപ്പോൾ നമസ്കാരത്തിൽ അയാൾക്ക് ഏകാഗ്രത നഷ്ടമാവുന്നു. അപ്പോൾ വളരെ ശ്രമിച്ച് അയാളത് വീണ്ടെടുക്കുന്നു. ഒടുവിൽ അല്ലാഹു താൻ തന്നെ അയാൾക്ക് മാർഗ്ഗദർശനം നൽകുന്നു. ഈ മാർഗ്ഗദർശനം ഏതു രൂപത്തിലുള്ളതാണ് എന്നതാണ് ചോദ്യം. ഈ ഘട്ടത്തിൽ അവരുടെ അവസ്ഥ 'യൂഖീമൂന സ്വലാത്ത്' (വി. ഖുർആൻ 2:4) 'അവർ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നു' എന്ന് വിവരിക്കപ്പെട്ടതിനു പകരം പൂർണ്ണമായ ഏകാഗ്രതക്കും ഏകാഗ്രതയില്ലായ്മക്കുമിടയിലുള്ള അവസ്ഥയെ അവർ തരണം ചെയ്യുന്നു. അല്ലാഹു തന്റെ ഗുപ്തമായ ശക്തി മുഖേന ചിലർക്കു നൽകുന്ന പദവി വഴി അവർക്ക് നമസ്കാരം ഭക്ഷണമായിത്തീരുന്നു. കഠിനമായ ദാഹം അനുഭവിക്കുന്ന ഒരാൾ തണുത്ത വെള്ളം കണ്ടാലെന്ന പോലെ നമസ്കാരത്തിൽ അവർ പൂർണ്ണമായ ആസ്വാദ്യതയും ആനന്ദവും അനുഭവിക്കുന്നു. വളരെയധികം ആസ്വാദ്യതയും ആനന്ദവും നൽകുന്ന മേത്തരം ഭക്ഷണം കണ്ടെത്തുന്ന വിശന്നുവലഞ്ഞ ഒരാളുടെതാണ് മറ്റൊരു ഉപമ. ചിലരുടെ നമസ്കാരത്തിലുള്ള ഉന്നതമായ അവസ്ഥയിതാണ്. അവർക്ക് നമസ്കാരം 'അത്യാസക്തി'യായി മാറുന്നു. അതില്ലാതെ അവർക്ക് വേദനയനുഭവപ്പെടുന്നു. നമസ്കാരം അവർക്ക് ആനന്ദവും സംതൃപ്തിയും പ്രദാനം ചെയ്യുന്നു. അങ്ങനെയുള്ള അവസ്ഥ എല്ലാവർക്കും എളുപ്പത്തിൽ പ്രാപ്യമായ ഒന്നല്ല. അതിന്റെ ആസ്വാദ്യതതയും ആനന്ദവും വാക്കുകളാൽ പൂർണ്ണമായും വിവരിക്കാൻ സാധ്യവുമല്ല.

സാത്വികനായ ഒരു മനുഷ്യൻ ദൈവത്തെ വ്യക്തിപരമായി സ്നേഹിക്കുന്ന നിലയിൽ പുരോഗതി പ്രാപിക്കുന്നു. ആ വ്യക്തിക്ക് തന്റെ നമസ്കാരത്തിൽ ഏകാഗ്രത കൈവരിക്കാൻ പരിശ്രമിക്കേണ്ട ആവശ്യം നേരിടുകയില്ല. അയാളുടെ നമസ്കാരം എപ്പോഴും മുറപ്രകാരം ഉള്ളതു തന്നെയാണ്. അതായത് പൂർണ്ണമായ ഏകാഗ്രതയും ഹൃദയത്തിന്റെയും മനസ്സിന്റെ പൂർണ്ണ സാന്നിധ്യവും ഉള്ളതുതന്നെയായിരിക്കും. അയാളുടെ നമസ്കാരം. തന്റെ ആഗ്രഹാഭിലാഷങ്ങൾ ദൈവത്തിന്റെ ആഗ്രഹാഭിലാഷങ്ങളുമായി താദാത്മ്യം പ്രാപിക്കുന്ന സ്വാഭാവികമായ ഒരവസ്ഥ അങ്ങനെയുള്ള സാത്വികനായ വ്യക്തിയിൽ വികാസം പ്രാപിക്കുന്നു. കൃത്രിമത്വത്തിന്റെ അംശം കാണാത്തവിധം ദൈവത്തോടുള്ള അയാളുടെ സ്നേഹം വ്യക്തിപരമായി മാറുന്നു. തിന്നുകയും കുടിക്കുകയും ശാരീരികമായ മറ്റാനന്ദങ്ങൾ അനുഭവിക്കുകയും ചെയ്യുമ്പോൾ മൃഗങ്ങളും മനുഷ്യരും ആസ്വാദ്യത കണ്ടെത്തുന്നതുപോലെ സാത്വികനായ ഒരു വിശ്വാസി ഭൗതികസുഖങ്ങളിലുപരിയായ ഒരാനന്ദം നമസ്ക്കാരത്തിൽ കണ്ടെത്തുന്നു.

സാധ്യമായ ഏറ്റവും നല്ല രീതിയിൽ നമസ്കാരം അനുഷ്ഠിക്കണം. എല്ലാ പുരോഗതിയുടെ വേരും കോണിപ്പടിയും അതാണ്. അതുകൊണ്ടാണ് നമസ്കാരത്തെക്കുറിച്ച് വിശ്വാസിയുടെ 'മിഅ്റാജ്' എന്ന് പറയപ്പെട്ടിരിക്കുന്നത്. ഇസ്ലാമിൽ ആയിരക്കണക്കായ ഔലിയാക്കളും (പരിശുദ്ധർ) സിദ്ദീഖിങ്ങളും, അബ്ദാലും (ആന്തരികമായ പരിവർത്തനം വരുത്തുന്നവർ) ഖുത്തുബ്കളും (നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നവർ) കടന്നുകഴിഞ്ഞിട്ടുണ്ട്. ഈ ഉന്നതമായ പദവികൾ അവർക്ക് നേടാൻ സാധ്യമായതെങ്ങനെയാണ്? നമസ്കാരം മുഖേനയായിരുന്നു. നബി തിരുമേനി (സ) തന്നെ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്.

قرة عيني في الصلوة

നമസ്കാരം എന്റെ കണ്ണുകളുടെ കുളിർമ്മയും ആശ്വാസവുമാണ്.

(ഒരാൾ നമസ്കാരത്തിൽ അഗാധമായ ആനന്ദം കണ്ടെത്തുകയാണെങ്കിൽ) തീർച്ചയായും ഏറ്റവും നല്ലതും ഉന്നതവുമായ ആനന്ദത്തിന്റെ രൂപം നമസ്കാരം തന്നെയാണ്. ഇതാണ് നബി തിരുമേനിയുടെ (സ) പ്രസ്താവനയുടെ അർത്ഥം. അങ്ങനെ ഒരാൾ തന്റെ ആത്മാവിനോടുള്ള സമരത്തിൽ നിന്ന് വിമുക്തനായി അവസാനം ഉന്നതമായ ഒരു ഘട്ടത്തിലെത്തിച്ചേരുന്നു.

ചുരുക്കത്തിൽ 'യൂഖിമൂനസ്സ്വലാത്ത' 'അവൻ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നു.' എന്നാൽ ആദ്യത്തെ ഘട്ടമാണ് അപ്പോൾ താല്പര്യമില്ലാതെയും സ്വയം സമരം ചെയ്തും ഒരാൾ നമസ്കാരമനുഷ്ഠിക്കുന്നു. ഈ അവസ്ഥയിൽ നിന്ന് മുക്തനായി അവസാനത്തെ ഘട്ടത്തിലെത്തിച്ചേരുന്ന വ്യക്തിക്കുള്ളതാണ് വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനം. അയാൾക്ക് 'നമസ്കാരം കണ്ണിനു കുളിർമ്മയും ആശ്വാസവുമേകുന്നു' (മൽഫൂസാത്ത് വാല്യം 8 പേജ് 309–11).

ദൈവത്തെ കണ്ടുമുട്ടാനാഗ്രഹിക്കുകയും അവന്റെ സാന്നിദ്ധ്യത്തിലെത്തിച്ചേരാൻ കൊതിക്കുകയും ചെയ്യുന്ന

ആൾക്ക് തന്റെ ലക്ഷ്യം വേഗത്തിൽ നേടാനുള്ള വാഹന മാണ് നമസ്കാരം. നമസ്കാരം ഉപേക്ഷിച്ച ഒരാൾക്ക് എങ്ങനെ അവിടെയെത്താൻ സാധിക്കും? നമസ്കാരത്തിന്റെ സത്യയാഥാർത്ഥ്യം മനസ്സിലാക്കാതെ, പരിശുദ്ധിയോടെയും ആശ്വാസത്തോടെയും സ്നേഹം നിറഞ്ഞ ഹൃദയത്തോ ടെയും നമസ്കാരം അനുഷ്ഠിക്കാതെ അതിനെ ഉപേക്ഷി ച്ചപ്പോഴാണ് മുസ്ലിംകളുടെ പതനമാരംഭിച്ചതെന്നത് ഒരു യാഥാർത്ഥ്യമാണ്. അർഹമായ സ്നേഹബഹുമാനങ്ങളോടെ നമസ്കാരം അനുഷ്ഠിക്കപ്പെട്ടകാലം മുഴുലോകത്തും ഇസ് ലാമിന്റെ മഹത്വത്തിന്റെ കാലമായിരുന്നു. മുസ് ലിംകൾ ശരി യായ രീതിയിലുള്ള നമസ്കാരം ഉപേക്ഷിച്ചപ്പോൾ മുസ്ലിംകൾ സ്വയം തന്നെ ഉപേക്ഷിക്കപ്പെട്ടിരിക്കയാണ്. ഹൃദയമറിഞ്ഞ ആത്മാർത്ഥതയോടെ അനുഷ്ഠിക്കപ്പെടുന്ന നമസ്കാരം മുഖേനയാണ് ഒരാൾ എല്ലാ വിഷമങ്ങളിൽ നിന്നും മോചിതനാകുന്നത്. എന്റെ ആവർത്തിച്ചുള്ള അനു ഭവമാണിത്. ഞാനേതെങ്കിലും വിഷമം ദൂരീകരിച്ചുകിട്ടാൻ പ്രാർത്ഥിക്കുന്നു. അങ്ങനെ ഞാൻ നമസ്കാരത്തിൽ മുഴു കിയിരിക്കുമ്പോൾ അല്ലാഹു ആ വിഷമം പരിഹരിക്കുന്നു. (മൽഫൂസാത്ത് വാല്യം 5 പേജ് 255).

'സ്വലാത്ത്' എന്നത് പ്രാർത്ഥനയുടെ ഉന്നതമായ ഒരു രൂപമാണ്. വ്യസനകരമെന്നു പറയട്ടെ, ആളുകൾ അതിന്റെ വില മനസ്സിലാക്കുന്നില്ല. നില്ക്കുക, കുനിയുക, പ്രണാമം ചെയ്യുക എന്നിവയടങ്ങിയ ആചാരപരമായ ഒരു അനുഷ്ഠാ നമായി നമസ്കാരത്തെ അവർ കരുതുന്നു. അർത്ഥമറിഞ്ഞോ, അറിയാതെയോ തത്തയെപ്പോലെ ചില വാക്കുകൾ ആവർത്തിച്ചുരുവിടുന്നു. വ്യസനകരമായ മറ്റൊരു കാര്യം ഇന്നത്തെ മുസ്ലിംകൾ മുമ്പേ നമസ്കാരത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അറിവില്ലാത്തവരും അതിൽ ശ്രദ്ധ യില്ലാത്തവരുമാണെന്നതിനു പുറമേ അവരിൽ ചില കക്ഷി കൾ നമസ്കാരം തന്നെ പറ്റേ ഉപേക്ഷിക്കുകയും അതിനു പകരമായി ചില മന്ത്രങ്ങളും ആവർത്തനങ്ങളും ഉണ്ടാക്കു കയും ചെയ്തു എന്നതാണ്. അങ്ങനെയുള്ള, നോഷാഹി, ചിശ്തീ തുടങ്ങിയ നിരവധി കക്ഷികൾ ഉണ്ട്. അത്തരം ആളു കൾ ഇസ്ലാമിനെ അകത്തു നിന്നു തന്നെ ആക്രമിക്കുകയും ഇസ്ലാമിന്റെ അച്ചടക്കം പൊട്ടിച്ചെറിഞ്ഞ് പുതിയ ഒരു ശരീ അത്ത് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

നമുക്കും ഏതൊരു സത്യാന്വേഷിക്കും നമ സ്കാരത്തിന്റെ അനുഗ്രഹം ഉള്ളതിനാൽ ഒരു ബിദ്അത്തി ന്റെയും ആവശ്യമില്ലെന്ന കാര്യം ഓർത്തുകൊള്ളുക. നബി(സ) തിരുമേനി ഏതെങ്കിലും ബുദ്ധിമുട്ടിലകപ്പെടുമ്പോൾ ഉടനെ നമസ്കാരത്തിനായി നിൽക്കുന്നു. ഒരാളെ ദൈവത്തി ലേക്കടുപ്പിക്കാൻ നമസ്കാരത്തോളം വലിയ വേറെ ഒന്നും ഇല്ല എന്നത് നമ്മുടെയും എല്ലാ സത്യജനങ്ങളുടെയും അനു ഭവമാണ്.

ഒരാൾ നമസ്കാരത്തിനായി നിൽക്കുമ്പോൾ ബഹുമാ നത്തിന്റെ ഒരവസ്ഥയിലാണയാൾ. ഒരു ദാസൻ തന്റെ യജ മാനന്റെ മുമ്പിൽ നിൽക്കുമ്പോൾ അയാൾ തന്റെ കൈകൾ കെട്ടിയാണ് നിൽക്കുന്നത്. തല കുനിക്കുന്ന അവസ്ഥ നിൽക്കുന്നതിനേക്കാൾ വിനയം കാണിക്കുന്ന അവസ്ഥയാ ണ്. വിനയം കാണിക്കാനുള്ള അവസാനത്തെ നിലയാണ് സാഷ്ടാംഗപ്രമാണം. ഒരു മനുഷ്യൻ പരിപൂർണ്ണമായ ശ്രദ്ധയും കീഴ്വഴക്കവും കാണിക്കാൻ ഉദ്ദേശിക്കുമ്പോൾ അയാൾ സാഷ്ടാംഗപ്രമാണം ചെയ്യുന്നു. നമസ്കാരത്തെ ചുരുക്കുകയും കുനിയലും, സാഷ്ടാംഗപ്രമാണവും ആക്ഷേ പാർഹമായി കരുതുകയും ചെയ്യുന്ന വിഡ്ഢികളും ഭൗതി കരുമായ ആളുകൾക്ക് നാശം. വളരെ സ്തുത്യർഹമായ താണ് കുനിയലും സാഷ്ടാംഗപ്രണാമവും. 'സ്വലാത്ത്' ഏതൊരു ലോകത്തുനിന്ന് വന്നതാണെന്നും അതിന്റെ പരിധി ഏതൊരു ലോകത്തെത്തുമെന്നുമുള്ള കാര്യത്തെപ്പറ്റി അല്പമെങ്കിലും അറിവില്ലാതെ മനുഷ്യന് ഒന്നും നേടാൻ സാധ്യമല്ല. എന്നാൽ, ദൈവത്തിൽ വിശ്വാസമില്ലാത്ത ഒരാൾക്ക് എങ്ങനെ 'സ്വലാത്തി'ൽ വിശ്വസിക്കാൻ സാധ്യ മാവും?

'സ്വലാത്ത്' നന്മയുടെ ഒരു സംയുക്തമാണ്. നിരവധി തിന്മകൾ അതുവഴി ഉന്മൂലനം ചെയ്യാൻ സാധിക്കും. അഞ്ചു നേരത്തെ നിശ്ചിത 'സ്വലാത്തി'ൽ യാഥാർത്ഥ്യവും വിവേക വുമടങ്ങിയിരിക്കുന്നുവെന്ന് ഇതിനുമുമ്പ് പല തവണ ഞാൻ പറഞ്ഞിട്ടുണ്ട്. മനുഷ്യനെ അഭിമുഖീകരിക്കുന്ന മഹാദുരി തത്തിൽ നിന്ന് അവനെ മോചിപ്പിക്കുകയാണ് 'സ്വലാത്തി'ന്റെ ഉദ്ദേശ്യം. നമസ്കാരനിർവ്വാഹണത്തിന് നിശ്ചയിക്കപ്പെട്ട സമയം ആരംഭിക്കുന്നത് സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നും നീങ്ങുമ്പോഴാണെന്ന് പറയപ്പെട്ടിരിക്കുന്നു. ഒരു വ്യക്തി നല്ല നിലയിലായിരിക്കുമ്പോൾ അല്ലാഹു നിശ്ചയിച്ച പരിധികളെ ലംഘിക്കുന്നത് കാരണം അയാൾ കുറ്റക്കാരനാകുന്നു എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. എന്നാൽ ഏതെങ്കിലും ദുഃഖം അഥവാ വേദന അയാളെ സ്പർശി ക്കുമ്പോൾ സ്വാഭാവികമായും അയാൾ ആരോടെങ്കിലും സഹായം തേടുന്നു. ഉദാഹരണമായി, ഒരാൾക്ക് അപ്രതീ ക്ഷിതമായി അറസ്റ്റ് വാറണ്ട് വന്നാൽ അതയാളുടെ അസ്വ സ്ഥതയുടെ ആദ്യഘട്ടമാണ്. അയാളുടെ മനസ്സമാധാനം ഇല്ലാതാവുന്നു. സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നും നീങ്ങു മ്പോൾ അനുഷ്ഠിക്കപ്പെടുന്ന 'ളുഹർ' നമസ്കാരത്തിന്റെ സമ യത്തോട് ഇതിനെ താരതമ്യപ്പെടുത്താവുന്നതാണ്.

പിന്നെ ആ വ്യക്തി കോടതിയിൽ ഹാജരാക്കപ്പെടു കയും വിചാരണക്കുശേഷം അയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ചെയ്യുന്ന അവസ്ഥ വരുന്നു. വിസ്തരിക്ക പ്പെടുന്ന സാക്ഷികൾ അയാൾക്കെതിരായി സംസാരിക്കുന്നു. അയാളുടെ അസ്വസ്ഥതയും വേദനയും വർദ്ധിക്കുന്നു. ഇതിനെ 'അസർ', നമസ്കാരത്തിന്റെ സമയത്തോടുപമി ക്കാം. സൂര്യപ്രകാശം വളരെ മങ്ങിയ സമയമാണ് 'അസർ' നമസ്കാരത്തിന്റെ സമയം. ഒരു കുറ്റവാളിയായി പ്രഖ്യാപി ക്കപ്പെട്ടിരിക്കയാൽ അവന്റെ ആത്മാഭിമാനവും പദവിയും വളരെയധികം പതിതാവസ്ഥയിലായ സമയത്തിന്റെ പ്രതീ കമാണിത്. പിന്നെ ന്യായാധിപൻ തന്റെ അന്തിമവിധി പ്രഖ്യാ

*(ശേഷം 21 -ാം പേജിൽ)*

ലേഖനം

# പരിശുദ്ധ റമദാൻ ഒരു സ്വർഗ്ഗീയ വസന്തം

മുഹമ്മദ് ഉമർ എച്ച്. ഏ. കോഴിക്കോട്

## സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുകയും പിശാചുക്കളെ ബന്ധനസ്ഥരാക്കുകയും ചെയ്യുന്ന പരിശുദ്ധ റമദാൻ സമാഗതമായി

ദൈവാരാധനയുടെയും ദൈവസ്മരണയുടെയും പ്രാർത്ഥനകളുടെയും ഒരദ്ധ്യാത്മീയ വസന്തകാലമായ റമദാൻ നമ്മുടെ ജീവിതത്തിൽ വീണ്ടും പ്രവേശിക്കുകയാണ്. ഉപരിലോകത്ത് സ്വർഗ്ഗകവാടങ്ങൾ തുറന്നിടപ്പെടുകയും ദൈവകാരുണ്യത്തിന്റെ ആത്മീയ വർഷം വിശ്വാസികളുടെ ഹൃദയങ്ങളിൽ പതിക്കുകയും ചെയ്യുന്ന അനുഗൃഹീത മാസമാണ് സമാഗതമായിരിക്കുന്നത്. പകൽ അന്നപാനീയങ്ങൾ വെടിഞ്ഞ് ശരീരേച്ഛക്കുമേൽ ദൈവേച്ഛയുടെ വൈജയന്തി പ്രഖ്യാപിക്കുകയും രാത്രിയുടെ അന്ത്യയാമങ്ങളിൽ ദൈവത്തിനു മുമ്പിൽ കണ്ണീരൊഴുക്കി ചെയ്യുന്ന നിസ്തുലമായ ഒരു ആത്മീയ ജീവിതക്രമത്തിലേക്ക് വിശ്വാസികൾ സ്വയം സമർപ്പിക്കുകയും ചെയ്യുന്ന അനുഗ്രഹീത ദിനങ്ങളാണ് വന്നണയുന്നത്. ഈ പരിശുദ്ധമാസത്തെക്കുറിച്ച് റസൂൽ തിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു:

''റമദാൻ മാസത്തെക്കുറിച്ചു ശ്രദ്ധാലുക്കളായി ജാഗരൂകരായിത്തീരുക. തീർച്ചയായും അത് അനുഗ്രഹങ്ങൾ നിറഞ്ഞ പുണ്യമാസമാണ്." (നിസായി, കിതാബുസ്സൌം) വീണ്ടും അരുൾ ചെയ്യുന്നു:

"വ്രതാനുഷ്ഠാനിയുടെ മൗനം തസ്ബീഹും നിദ്ര ആരാധനയും പ്രാർത്ഥന സ്വീകൃതവും കർമ്മം ദ്വിഗുണീകരിക്കപ്പെട്ടു പ്രതിഫലം നൽകപ്പെടുന്നതും ആകുന്നു."

ഹസ്റത്ത് റസൂൽ കരീം(സ) അരുൾ ചെയ്തതായി ഹസ്റത്ത് അബുഹുറൈറ(റ) നിവേദനം ചെയ്യുന്നു:

"റമദാൻ മാസം പ്രവേശിക്കുമ്പോൾ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ശൈത്താൻ ബന്ധിതനായിത്തീരുകയും ചെയ്യുന്നതാണ്."

ഈ ഹദീസിന്റെ ഉദ്ദേശ്യം, റമദാൻ മാസത്തിന്റെ ആഗമനത്തോടുകൂടി ബാഹ്യമായ നിലയിൽ ഭൂമി സ്വർഗ്ഗമായിത്തീരുമെന്നും മനുഷ്യൻ എല്ലാവിധ തിന്മകളിൽ നിന്നും പിൻമാറുന്നത് നിമിത്തം നരകം കൊട്ടിയടക്കപ്പെടുമെന്നും ശൈത്താൻ ചങ്ങലയിൽ ബന്ധിതനായിത്തീരുന്നതിനാൽ ലോകത്ത് നിന്നും എല്ലാവിധ പൈശാചികപ്രവണതകളും ഇല്ലാതാകുന്നതാണെന്നും അല്ല. ഇത് പ്രത്യക്ഷത്തിൽ കാണപ്പെടുന്ന അവസ്ഥക്ക് വിരുദ്ധമാണ്. പ്രസ്തുത ഹദീസിൽ റമദാൻ മാസം ആഗതമാകുമ്പോൾ എന്നല്ല റമളാൻ മാസം പ്രവേശിക്കുമ്പോൾ എന്നാണു വന്നിരിക്കുന്നത്. അതായത് ഏതൊരാളിലാണോ റമദാൻ പ്രവേശിക്കുന്നത് അയാൾക്കായി സ്വർഗ്ഗകവാടം തുറക്കപ്പെടുമെന്നും നരകത്തിന്റെ വാതിൽ അടക്കപ്പെടുമെന്നും ശൈത്താന്റെ എല്ലാ പ്രക്രിയകളിൽ നിന്നും അയാൾ സംരക്ഷിക്കപ്പെടുമെന്നും ആണ്.

ഇതു സംബന്ധിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV (റഹ്) അരുൾ ചെയ്യുന്നു:

''ഓരോ മനുഷ്യനും അവന്റേതായ ആകാശവും ഭൂമിയും ഉണ്ട്. ഓരോ ആൾക്കും വ്യക്തിപരമായി ഈ ഹദീസുമായി ബന്ധമുണ്ട്. റമദാന്റെ നന്മകൾ ചെയ്യുകയും അതുമായി ബന്ധപ്പെട്ട കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന ആൾക്കായി സ്വർഗ്ഗകവാടങ്ങൾ വിശാലമാക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ പരിശുദ്ധ റമദാനിൽ നിന്നും പ്രയോജനമടയാത്ത ആൾക്ക് ഈ ഹദീസുമായി ഒരു ബന്ധവുമില്ല. (അൽഫസ്ൽ 26-2-1994)

ഈ പരിശുദ്ധ മാസത്തിന്റെ മാഹാത്മ്യത്തെയും അതിലുണ്ടാകുന്ന ദൈവികാനുഗ്രഹങ്ങളെയും കുറിച്ചു ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:

"ഖുർആൻ ഇറക്കപ്പെട്ട മാസമാണിതെന്ന വിശുദ്ധ ഖുർആന്റെ വചനത്തിൽ നിന്നും റമദാന്റെ മഹത്വം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ

മാസത്തെക്കുറിച്ച് സൂഫിവര്യന്മാർ പറഞ്ഞിരുന്നത് ഹൃദയശുദ്ധീകരണത്തിന്നും ആത്മീയ പ്രകാശത്തിന്നുമായുള്ള ഉദാത്തമായ മാസമാണെന്നാണ്. ഇതിൽ അധികമായി ദിവ്യദർശനങ്ങൾ ഉണ്ടാകുന്നു. നമസ്കാരം കൊണ്ടു ഹൃദയപരിശുദ്ധിയും വ്രതാനുഷ്ഠാനം കൊണ്ട് ഹൃദയത്തിന്നു തിളക്കവും ഉണ്ടാകുന്നു. ഹൃദയപരിശുദ്ധിയെന്നത് കൊണ്ട് ദോഷപ്രവണമായ ആത്മാവിന്റെ സ്വേച്ഛയിൽ നിന്നും അകന്നു നിൽക്കുക എന്നും ഹൃദയത്തിന്റെ തിളക്കം എന്നതുകൊണ്ട് ഒരു വിശ്വാസിക്ക് ദൈവദർശനമുണ്ടാകത്തക്കവണ്ണം ദിവ്യവെളിപ്പാടുകൾ ഉണ്ടാകും എന്നതുമാണ്. ഉൻസില ഫീഹിൽ ഖുർആൻ എന്നതിൽ ഈ സൂചനയാണ് അടങ്ങിയിരിക്കുന്നത്. എന്നാൽ പലവിധത്തിലുള്ള രോഗങ്ങളും മനുഷ്യനെ ഈ നിഅ്മത്തിൽ നിന്നും നഷ്ടപ്പെട്ടവനാക്കിത്തീർക്കുന്നു." (അൽഹക്കം 10-12-1902) വീണ്ടും അരുൾ ചെയ്യുന്നു:

"കുറഞ്ഞ ഭക്ഷണവും വിശപ്പിന്റെ സഹനവും ഹൃദയ പരിശുദ്ധിക്കു വളരെ ആവശ്യമാണ്. ഇതിന്റെ ഫലമായി ആത്മദർശനശക്തി അധികരിക്കുന്നു. മനുഷ്യൻ ഭൗതിക ഭക്ഷണം കൊണ്ടുമാത്രമല്ല ജീവിക്കുന്നത്. ആത്മീയ ജീവിതത്തെക്കുറിച്ചുള്ള ചിന്ത പാടെ ഉപേക്ഷിക്കുന്നത് തന്റെ മേൽ കോപം ഇറങ്ങുന്നതിന്നുള്ള നിമിത്തമാണ്. എന്നാൽ വ്രതമനുഷ്ഠിക്കുന്ന ആൾ വെറും വിശപ്പും ദാഹവും സഹിക്കലല്ല നോമ്പിന്റെ ഉദ്ദേശ്യമെന്നു മനസ്സിലാക്കണം. മറിച്ച് എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. ഹസ്റത്ത് റസൂൽ കരീം (സ) പരിശുദ്ധ റമദാനിൽ വളരെയധികം 'ഇബാദത്ത്' ചെയ്യാറുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണപാനീയങ്ങളെക്കുറിച്ചുള്ള ചിന്ത വെടിഞ്ഞുകൊണ്ട് ഈ ആവശ്യങ്ങളിൽ നിന്നു വിട്ടുനിന്നു കൊണ്ട് എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. ഭൗതികമായ ആഹാരം ലഭിക്കുകയും എന്നാൽ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന ആൾ ഭാഗ്യദോഷിയാണ്. ഭൗതികാഹാരം ശരീരത്തിന് പുഷ്ടിനൽകുന്നതോടൊപ്പം ആത്മീയാഹാരം ആത്മാവിനെ നിലനിറുത്തുന്നു. ഇത് നിമിത്തം ആത്മീയശക്തിക്ക് തീക്ഷ്ണത ലഭിക്കുന്നു. അല്ലാഹുവിന്റെ ഭാഗത്ത് നിന്നു നിങ്ങൾക്കു വിജയപ്രാപ്തി ലഭിക്കേണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവന്റെ അനുഗ്രഹത്താൽ (ദൈവികാനുഗ്രഹത്തിന്റെ) എല്ലാ കവാടങ്ങളും തുറക്കപ്പെടുന്നു." (ബദർ 18-1-1907).

വ്രതാനുഷ്ഠാനത്തെക്കുറിച്ചും അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും അല്ലാഹു വിശുദ്ധ ഖുർആനിൽ അരുൾ ചെയ്യുന്നു: (2:184) അതായത്, വിശ്വാസികളേ! നിങ്ങൾക്കു മുമ്പുള്ളവരിൽ വ്രതാനുഷ്ഠാനം കടമയാക്കപ്പെട്ടത്പോലെ നിങ്ങളുടെ മേലും കടമയാക്കപ്പെട്ടിരിക്കുന്നു, ദൈവഭക്തിയും സൂക്ഷ്മതയും കരഗതമാകുന്നതിന്നു വേണ്ടി" (2:184).

ഈ പരിശുദ്ധ വചനത്തിൽ മൂന്നു കാര്യങ്ങളാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

(1) റമദാൻ മാസത്തിലെ നോമ്പ് അല്ലാഹുവിനാൽ കല്പിക്കപ്പെട്ട കടമയാണ്. അനുവദനീയമായ കാരണങ്ങളല്ലാതെ മനഃപൂർവ്വം നോമ്പനുഷ്ഠിക്കാത്തയാൾ ദൈവശിക്ഷക്ക് പാത്രീഭൂതനായിത്തീരുന്നതാണ്.

(2) വ്രതാനുഷ്ഠാനത്തെക്കുറിച്ച് മുൻവേദ ഗ്രന്ഥങ്ങളിലും മതങ്ങളിലും കല്പനകളുണ്ട്.

(3) വ്രതാനുഷ്ഠാനം മുഖേന ഹൃദയ പരിശുദ്ധിയും സൂക്ഷ്മദൈവഭക്തിയും സംജാതമാകുന്നു.

ഇവിടെ അല്ലാഹു നോമ്പനുഷ്ഠാനത്തെക്കുറിച്ച് മുൻവേദങ്ങളിൽ കല്പനകളുണ്ടെന്ന് പ്രസ്താവിക്കുന്നു.

ഇത് സംബന്ധിച്ചു എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ FASTING എന്ന വാക്കിന്ന് ഇപ്രകാരം വിവരണം നൽകപ്പെട്ടിരിക്കുന്നു.

It would be difficult to name any religious system of any description in which it is wholy unrecognised (Vol. 10, P. 192).

വ്രതത്തെ പൂർണ്ണമായും തിരിച്ചറിയാത്ത ഏതെങ്കിലും മതവ്യവസ്ഥയുടെ പേര് പറയുക പ്രയാസകരമായിരിക്കും.

നാം വിവിധ മതങ്ങളെയും അവയുടെ അദ്ധ്യാപനങ്ങളെയും കുറിച്ച് പാരായണം ചെയ്യുമ്പോൾ അവയിലൊക്കെ വിവിധ രൂപങ്ങളിലും ഭാവങ്ങളിലും വ്രതാനുഷ്ഠാനവും ഉപവാസവും കാണപ്പെടുന്നു. ഹിന്ദുയോഗികൾ നാല്പത് ദിവസം വരെ ഭക്ഷണപാനീയാദികൾ ഉപേക്ഷിച്ചുകൊണ്ട് ഉപവാസമനുഷ്ഠിക്കാറുണ്ട്. അതേപ്രകാരം ജൈനമതക്കാരും അവരുടെ ആചാരാനുഷ്ഠാനമനുസരിച്ച് വ്രതമനുഷ്ഠിക്കുന്നു. ഫാർസിമത വേദപുസ്തകത്തിലും ഉപവാസത്തെക്കുറിച്ചുള്ള കല്പന കാണപ്പെടുന്നു. ബനീ ഇസ്രായീല്യരുടെ വ്രതാനുഷ്ഠാനത്തെപ്പറ്റി ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്.

"അല്ലാഹുത്ത ആല ബനീ ഇസ്രായിലിലെ ഒരു നബിക്ക് ഇറക്കിയ ദിവ്യവെളിപ്പാടിൽ അറിയിക്കുന്നു, ഏതൊരാൾ അല്ലാഹുവിന്റെ തൃപ്തിക്കായി വ്രതമനുഷ്ഠിക്കുന്നുവോ അയാളുടെ ശരീരാരോഗ്യം താൻ നന്നാക്കിക്കൊടുക്കുന്നതാണെന്നും അവന്ന് വളരെയധികം പ്രതിഫലം നൽകി അനുഗ്രഹിക്കുന്നതാണെന്നും അല്ലാഹു അരുൾ ചെയ്തതായി നീ നിന്റെ സമുദായത്തെ അറിയ്ക്കുക." (കൻസുൽ ഉമ്മാൽ)

ഹദ്റത്ത് മൂസാനബിയുടെ വ്രതാനുഷ്ഠാനത്തെക്കുറിച്ചു ബൈബിൾ ഇപ്രകാരം പറയുന്നു:

"അവൻ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും നാല്പതു പകലും നാല്പതു രാവും യഹോവയോടുകൂടിയിരുന്നു. അവൻ പത്തു കല്പനയായ നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതിക്കൊടുത്തു." (പുറപ്പാട് 34:28, 29).

ഇഞ്ചീൽ സുവിശേഷമനുസരിച്ച് ഹദ്റത്ത് ഈസാനബി(സ)യും നാല്പത് ദിവസം വ്രതമനുഷ്ഠിച്ചതായി മത്തായ് 4:3ൽ പറയുന്നു.

എങ്ങനെയാണ് ഉപവാസമനുഷ്ഠിക്കേണ്ടത് എന്നതിനെപ്പറ്റി ഈസാനബി(അ) തന്റെ ശിഷ്യന്മാരെ ഉപദേശിക്കുന്നു:

''ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തരെ പ്പോലെ വാടിയമുഖം കാണിക്കരുത്. അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് വിതുങ്കേണ്ടുന്നതിന്ന് മുഖം

വിരൂപമാക്കുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടുന്നതിന്ന് തലയിൽ എണ്ണ തേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും." (മത്തായി 6:16–18).

ചുരുക്കത്തിൽ എല്ലാ മതഗ്രന്ഥങ്ങളിലും വിവിധരൂപത്തിൽ വ്രതാനുഷ്ഠാനത്തെപ്പറ്റിയുള്ള കല്പനകൾ ഉള്ളതായി കാണപ്പെടുന്നു.

ഉപര്യുക്ത വിശുദ്ധ ഖുർആൻ വചനത്തിൽ നോമ്പനുഷ്ഠിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യത്തെക്കുറിച്ചു അരുൾ ചെയ്തത്.

ല അല്ലക്കും തത്തഖൂൻ.

– നിങ്ങൾ സൂക്ഷ്മതയുള്ളവരും ഭയഭക്തിയുള്ളവരും ആയിത്തീരുവാനായിട്ടാണെന്നു അരുൾ ചെയ്യുന്നു.

മനുഷ്യർ ഒരു മാസക്കാലം വരെ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് സൂക്ഷ്മതയുള്ളവരും ദൈഭക്തരും പാപവിമോചിതരും ആയിത്തീരുന്നതാണെന്ന് കരുതുന്നത് മൗഢ്യമാണ്. അങ്ങനെയാണെങ്കിൽ ലോകത്തുള്ള ദരിദ്രലക്ഷങ്ങൾ മുത്തഖീങ്ങളാണെന്ന് പറയേണ്ടി വരും.

വിശുദ്ധ ഖുർആനിൽ പ്രപയുക്തമായ തഖ്‌വ എന്ന വാക്കിന്ന് വളരെ വിശാലമായ അർത്ഥമാണുള്ളത്. അറബിഭാഷയിലുള്ള 'ഖി' എന്ന അക്ഷരത്തിന്ന് രക്ഷപ്പെടുത്തുക എന്നാണർത്ഥം. വിശുദ്ധ ഖുർആനിലുള്ള വഖിനാ അദാബന്നാർ – നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷപ്പെടുത്തേണമേ – എന്ന ദുആയിലുള്ള 'ഖി' എന്ന അക്ഷരത്തിന്ന് രക്ഷപ്പെടുത്തുക എന്ന അർത്ഥമാണുള്ളത്. 'അത്തഖ്‌വ' എന്ന വാക്ക് ഈ 'ഖി'യിൽ നിന്നും ഉൽഭൂതമായതാണ്. ചുരുക്കത്തിൽ തഖ്‌വ എന്നാൽ ശൈത്താന്റെ എല്ലാ അക്രമങ്ങളിൽ നിന്നും തന്നെ രക്ഷപ്പെടുത്തുക എന്നാണുദ്ദേശ്യം. തഖ്‌വ എന്ന വാക്കിന്ന് എന്താണു വ്യാഖ്യാനമെന്ന് ഹസ്‌റത്ത് അബൂഹുറൈറ(റ) യോടുചോദിക്കപ്പെട്ടതിന്ന് അദ്ദേഹം നൽകിയ മറുപടി ഇവിടെ പ്രസക്തമാണ്. അതായത് "ശുഭ്രവസ്ത്രധാരിയായ ഒരാൾ മുൾപ്പടർപ്പുകൾ നിറഞ്ഞ ഒരു വനാന്തരത്തിൽ കൂടി യാത്ര ചെയ്യുമ്പോൾ തന്റെ ശരീരത്തിന്നും വസ്ത്രത്തിന്നും ഒരുപോറലും ഏല്ക്കാതെ അതിസൂക്ഷ്മമായി നടക്കുന്നത്പോലെയായിരിക്കും മുത്തഖിയായ ഒരു മനുഷ്യൻ ഇഹലോകജീവിതം നയിക്കുന്നത്."

ഹസ്‌റത്ത് റസൂൽ കരീം(സ) അരുൾ ചെയ്യുന്നു: വ്രതാനുഷ്ഠാനം ശൈത്താന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിന്നുള്ള ഒരു പരിചയാണ്. അതുകൊണ്ടു നോമ്പനുഷ്ഠിക്കുന്ന ആൾക്ക് ഒരു വിധത്തിലുള്ള അനാവശ്യ സംസാരവും പാടില്ലാത്തതാണ്. ഒരു വിധത്തിലുള്ള അജ്ഞതയും പ്രകടിപ്പിക്കരുത്. ആരെങ്കിലും കലഹിക്കുവാൻ വരികയാണെങ്കിൽ അല്ലെങ്കിൽ അസത്യം പറയുകയാണെങ്കിൽ താൻ നോമ്പെടുത്തവനാണെന്ന് അയാൾ രണ്ടുപ്രാവശ്യം പറയട്ടെ.

(ബുഖാരി, മുസ്‌ലിം, കിതാബുസ്സൗം)

വീണ്ടും അരുൾ ചെയ്യുന്നു:

'ഏതൊരാൾ കളവു പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിൽ നിന്നും വിരമിക്കുന്നില്ലയോ അയാൾ (നോമ്പനുഷ്ഠിച്ചുകൊണ്ട്) ഭക്ഷണപാനീയം ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന്ന് ഒരാവശ്യവും ഇല്ല തന്നെ; (ബുഖാരി, മുസ്‌ലിം)

വീണ്ടും അരുൾ ചെയ്യുന്നു:

"ഏതൊരാൾ റമദാനിൽ നോമ്പെടുത്തതിന്നുശേഷം മനഃപൂർവ്വം വല്ല പാപവും ചെയ്യുകയും ഏതെങ്കിലും വിശ്വാസിക്കെതിരായി വ്യാജാരോപണം ചെയ്യുകയും അല്ലെങ്കിൽ ലഹരിപദാർത്ഥം ഉപയോഗിക്കുകയും ചെയ്യുന്നുവോ അല്ലാഹു അയാളുടെ എല്ലാ കർമ്മങ്ങളും നിഷ്പ്രയോജനമാക്കിത്തീർക്കുന്നതാണ്. അതുകൊണ്ടു നിങ്ങൾ റമദാന്റെ കാര്യത്തിൽ സൂക്ഷ്മത പാലിക്കുക. കാരണം ഇതു അല്ലാഹുവിന്റെ മാസമാണ്.'' (കൻസുൽ ഉമ്മാൽ)

ചുരുക്കത്തിൽ ഈ പരിശുദ്ധ മാസം വിശ്വാസികൾക്കു മുത്തഖീങ്ങളും ഇബാദുർ റഹ്മാനും ആയിത്തീരുന്നതിന്നുള്ള ഒരു പരിശീലനകാലഘട്ടം (Training period) ആകുന്നു.

ഹസ്‌റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് പരിശുദ്ധ റമദാന്റെ മാഹാത്മ്യത്തെക്കുറിച്ചു അരുൾ ചെയ്യുന്നു.

"ഇസ്‌ലാമിന്റെ മൂന്നാമത്തെ റുക്ൻ (കാര്യം) വ്രതാനുഷ്ഠാനമാണ്. നോമ്പനുഷ്ഠിക്കേണ്ടുന്നതിന്റെ യാഥാർത്ഥ്യത്തെപ്പറ്റിയും ജനങ്ങൾ അജ്ഞരാണ്. വാസ്തവത്തിൽ ഏതൊരു നാട്ടിൽ മനുഷ്യൻ പോകുന്നില്ലയോ ഏതൊരു പ്രപഞ്ചത്തെക്കുറിച്ചുതന്നെ മനുഷ്യൻ അവിടുത്തെ സ്ഥിതിഗതികളെക്കുറിച്ച് അജ്ഞനാണോ അവൻ എന്തുപറയുവാനാണ്? നോമ്പെന്നത് കൊണ്ടു മനുഷ്യൻ വിശന്നും ദാഹിച്ചും കൊണ്ടിരിക്കുക മാത്രമല്ല ഉദ്ദേശ്യം. എന്നാൽ അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും പ്രഭാവത്തെക്കുറിച്ചും അനുഭവജ്ഞാനത്തിൽ കൂടി മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. എത്ര കണ്ടു മനുഷ്യൻ കുറഞ്ഞ ആഹാരം കഴിക്കുന്നുവോ അത്ര കണ്ടു ആത്മസംശുദ്ധി സംജാതമാവുകയും ആത്മദർശനശക്തികൾ വർദ്ധിക്കുകയും ചെയ്യുന്നുവെന്നത് മനുഷ്യന്റെ പ്രകൃതിയിൽപ്പെട്ടതാണ്. ഒരാഹാരത്തെക്കുറച്ചുകൊണ്ട് മറ്റെ ആഹാരത്തെ വർദ്ധിപ്പിക്കുക എന്നതാണ് അല്ലാഹുവിന്നു അഭീഷ്ടമായിട്ടുള്ളത്. നോമ്പനുഷ്ഠിക്കുന്ന ആൾ താൻ വിശന്നിരുന്നാൽ മാത്രം മതി എന്നു കരുതാതെ എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. ചുരുക്കത്തിൽ വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം ഇതാണ്: മനുഷ്യൻ തന്റെ ശരീരത്തിന്റെ വളർച്ചക്കാവശ്യമായ ഭൗതികമായ ആഹാരം വർജ്ജിച്ചുകൊണ്ട് ആത്മാവിന്റെ സമാധാനത്തിന്നും സംതൃപ്തിക്കും ആവശ്യമായ ആത്മീയാഹാരം കഴിക്കുകയാണ്. ദൈവപ്രീതിക്കുവേണ്ടിമാത്രം വ്രതമനുഷ്ഠിക്കുന്നവർ, വെറും ഒരാചാരനുഷ്ഠാനമെന്നനിലയിൽ അല്ലാതെ നോമ്പനുഷ്ഠിക്കുന്നവർ അല്ലാഹുവിന്റെ ഹംദിലും (അൽഹംദുലില്ല) തസ്ബീഹിലും (സുബ്ഹാനല്ലാഹ്) തഹ്ലീലിലും (ലാഇലാഹ ഇല്ലല്ലാഹ്) മുഴുകിയിരിക്കേണ്ടതാണ്. ഇത് മൂലം അവർക്ക് ആത്മീയാഹാരം ലഭിക്കുന്നു. (മൽഫൂസാത്ത് വോ. 9). ■

ലേഖനം

# സുസപഷ്ടമായ പ്രമാണങ്ങളും സനാതന തത്ത്വങ്ങളും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**അൽബയ്യിന - അൽഖയ്യിമ എന്നീ രണ്ട് സങ്കല്പനങ്ങളെപറ്റി വിശദീകരിക്കുന്നു.**

വെട്ടിത്തിളങ്ങുന്ന സവിശേഷ തേജസ്സോടുകൂടി സൂര്യൻ ഉദിച്ചുയർന്ന് അന്ധകാരം പാടെ പോയ്മറയുന്നതുപോലെയുള്ള സ്പഷ്ടമായ സത്യങ്ങൾക്ക് പ്രയോഗിക്കപ്പെടുന്ന ഖുർആനിക സാങ്കേതിക പദമാണ് "അൽബയ്യിന" എന്നത്. പ്രബുദ്ധതയുടെ പുതിയ കാലഘട്ടത്തിന്റെ പ്രാരംഭം കുറിച്ചുകൊണ്ടുള്ള ദൈവിക സന്ദേശവാഹകന്മാരുടെ ആവിർഭാവത്തോടെ അത് പ്രത്യക്ഷപ്പെടുന്നു. ഇസ്‌ലാമിന്റെ ആരംഭവുമായി മാത്രം ബന്ധപ്പെട്ട ഒരു സംഗതിയല്ല അത്. ദൈവികമായ സകല വെളിപാടുകളുടെയും സമാരംഭവുമായി ബന്ധപ്പെട്ടതാണത്. ഒരു സമുദായത്തിന്റെ സമൂല പരിവർത്തനത്തിനുവേണ്ടി ആഗതനാവുന്ന ദൈവദൂതൻ സ്വയം അൽബയ്യിനയുടെ (സ്പഷ്ടമായ പ്രമാണങ്ങളുടെ) മൂർത്തീമദ്ഭാവവും അഗ്രഗാമിയുമായിരിയ്ക്കും.

فِيهَا كُتُبٌ قَيِّمَةٌ ③

''.......... അതിൽ ഋജുവും സാധുവുമായ പ്രമാണങ്ങൾ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു"

"അൽ ഖയ്യിമ" എന്നത് ഓരോ മതത്തിന്റെയും ഉൾക്കാതലായിത്തീരുന്ന പ്രവാചകാദ്ധ്യാപനങ്ങളെ സൂചിപ്പിക്കുന്ന മറ്റൊരു പദമാണ്. അതിന് മാറ്റങ്ങളെ ചെറുത്തുനിൽക്കുന്ന സ്ഥായിയായ ഒരു ഭാവമുണ്ട്. സൂറ ബയ്യിന (സൂറ 98) യിലെ പ്രഖ്യാപനപ്രകാരം എല്ലാ പ്രവാചകന്മാരും പ്രധാനമായും അടിസ്ഥാനപരമായ ഒരേ സന്ദേശമാണ് കൊണ്ടുവരുന്നത്. ഇതിന്നർത്ഥം, പ്രഥമ ദൈവദൂതനായിരുന്ന ആദം (അ) അദ്ദേഹത്തെ തുടർന്നുവന്ന മറ്റേത് പ്രവാചകനിൽ നിന്നും വ്യത്യസ്തനായിരുന്നില്ല എന്നാണ്. ''അൽഖയ്യിമ" (മതാദ്ധ്യാപനങ്ങൾ) എല്ലാ ദൈവിക മതങ്ങളെയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയാണ്. അതിനുസരിച്ച് ആദ്യ പ്രവാചകനായിരുന്ന ആദമിന്റെ മതത്തിന്റെയും അവസാനത്തെ ശരീരത്തോട് കൂടിവന്ന (നിയമസംഹിതയോടെ) പ്രവാചകനായ മുഹമ്മദ് (സ)യുടെ മതത്തിന്റെയും മൗലികഘടകങ്ങൾ ഒന്ന് തന്നെയായിരിക്കണം. എങ്കിലും ആദ്യകാലമതങ്ങളിലും തുടർന്നുള്ള കാലഘട്ടങ്ങളിൽ ക്രമാനുഗതമായി വികസിതമായിത്തീർന്ന മതങ്ങളിലും സാമ്യതകൾക്ക് പകരം ധാരാളം വ്യത്യാസങ്ങൾ കണ്ടെന്ന് വരാവുന്നതാണ്. മൗലികതകളിൽ സമാനത നിലനിർത്തുമ്പോഴും വിശദാംശങ്ങളിൽ വ്യത്യസ്തത ജനിപ്പിക്കുക എന്നത് യഥാർത്ഥത്തിൽ പരിണാമത്തിന്റെ ഒരു അന്തർഗത സ്വഭാവമാണ്. ഉദാഹരണത്തിന് സസ്തനികൾ എന്ന മൃഗവർഗ്ഗങ്ങൾ നട്ടെല്ലും കൈകാലുകളുമുള്ള ഉഷ്ണരക്തജീവികളാണ്. എങ്കിലും അവയെല്ലാം സൂക്ഷ്മമായും സദൃശങ്ങളല്ല. ചെമ്മരിയാടും, മനുഷ്യനും, പുഷ്പവും കുരങ്ങും സസ്തനികൾ എന്ന വിഭാഗത്തിൽപ്പെട്ടവയാണ്. എങ്കിലും അവയെല്ലാം വളരെയേറെ വ്യത്യസ്തങ്ങളുമാണ്. അപ്പോൾ മതങ്ങൾ വികാസം പ്രാപിക്കുന്തോറും അടിസ്ഥാനപരമായ കാര്യങ്ങളിൽ വ്യത്യസ്തത പുലർത്താതെതന്നെ പുതിയ ശീർഷകങ്ങളോടും നാമങ്ങളോടും കൂടി പ്രത്യക്ഷപ്പെടുന്നതായി കാണാവുന്നതാണ്. അതേ സമയം അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്ഥിരമായ കണ്ണി അവയുടെ ശാശ്വത അദ്ധ്യാപനങ്ങൾ തന്നെയായിരിക്കും.

'അൽബയ്യിന' എന്നുള്ളത് മുകളിൽ പ്രവചിച്ചതുപോലെ പ്രവാചകൻ കൊണ്ടുവരുന്ന പ്രമാണങ്ങളുടെ ശ്രേഷ്ഠത മാത്രമല്ല, അദ്ദേഹത്തിന്റെ വ്യക്തിപരമായ സ്വഭാവവൈശിഷ്ട്യം കൂടിയാണ്. ദൈവികപ്രാതിനിധ്യം അവകാശപ്പെടുന്നതിന് മുമ്പുള്ള അദ്ദേഹത്തിന്റെ സത്യസന്ധത, അദ്ദേഹം ഒന്നിച്ചു വളർന്ന മുഴുസമൂഹവും ഏകകണ്ഠമായി സാക്ഷ്യപ്പെടുത്തുമാറ് അത്രയും ഉൽകൃഷ്ടവും പ്രകടവുമായിരിക്കും. എന്നാൽ 'അൽബയ്യിന' എന്നത് കൊണ്ടു അതുമാത്രമല്ല ഉദ്ദേശിക്കപ്പെടുന്നത്. ഒരു പ്രവാചകന്റെ സത്യാവസ്ഥക്ക് സ്വർഗ്ഗീയാടയാളങ്ങൾ കൂടി

പിൻബലം നൽകുമ്പോൾ സമൂഹത്തിന് അത് നിഷേധിക്കുവാനുള്ള നിർവ്യാജ പഴുതുകളില്ലാത്തവിധം അത് പരിസ്ഫുടമായിത്തീരുന്നു. താൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവനാണെന്നതിന്നുള്ള അനിഷേധ്യമായ ഈ പ്രത്യക്ഷീകരണം, വിരോധാഭാസമെന്ന് പറയട്ടെ, കഠിനശത്രുതയ്ക്കും, അദ്ദേഹത്തിന്നെതിരിൽ അക്രമങ്ങൾ അഴിച്ചുവിടുന്നതിനും കാരണമായിത്തീരാറാണ് പതിവ്. പ്രത്യേകിച്ചും പഴയ മതനിയമങ്ങളനുവർത്തിയ്ക്കുന്ന പുരോഹിത വർഗ്ഗത്തിൽ നിന്നും. അദ്ദേഹത്തിലൂടെ സത്യത്തിന്റെ ഒരു പുതുദിനപുലരിയുണ്ടാവുമെന്ന തിരിച്ചറിവാണ് അദ്ദേഹത്തെ തള്ളിപ്പറയുവാൻ അവരെ പ്രേരിപ്പിക്കുന്നത്. ഒരു പുതു അരുണോദയത്തിന്നിടം നൽകിയാൽ നിരക്ഷരരായ സാമാന്യ ജനങ്ങളുടെ മേലുള്ള അവരുടെ ആധിപത്യത്തിന് ക്ഷതമേല്ക്കുകയും പഴരാവൽ മതാചാരപുരോഹിതാധിപത്യം നശിച്ചൊടുങ്ങുകയും ചെയ്യും. ഒരു പ്രത്യേക വർഗ്ഗമെന്ന നിലയിലുള്ള അവരുടെ അതിജീവനത്തിന് നേരിടുന്ന ഈ ശക്തമായ ഭീഷണി, അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മറന്നുകൊണ്ട്, ഏത് മാർഗ്ഗേണയും അനിയന്ത്രിതാക്രമണങ്ങൾ അഴിച്ചുവിടുന്ന ഒരു പ്രതിരോധമുന്നണി രൂപീകരിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. അവരുടെ മർക്കടഗോഷ്ടികളും, ഭീഷണികളും പ്രവാചകനെ ഭയപ്പെടുത്തുവാൻ പര്യാപ്തങ്ങളല്ലെന്ന് തെളിയുമ്പോൾ, ഉന്മത്തരായിക്കൊണ്ട് ആക്രമണങ്ങൾ അഴിച്ചുവിടുക എന്ന മാർഗ്ഗം സ്വീകരിക്കുന്നു. എന്നാൽ 'അൽബയ്യിനയെ' പരാജയപ്പെടുത്തുക എന്നത് അവരുടെ ശക്തിക്കതീതമായ കാര്യമാണ്. അതിന്റെ വിജയശക്തി സത്യത്തിന്റെ ശ്രേഷ്ഠതയിൽ മാത്രമല്ല, അതിനേക്കാളേറെ അതിന് നൽകപ്പെടുന്ന ദൈവീകപിന്തുണയിലാണ് സ്ഥിതിചെയ്യുന്നത്. അങ്ങനെ അൽബയ്യിന ദൈവവിധിക്കനുസരിച്ച് സ്ഥലകാലങ്ങളെ അതിജീവിച്ചു കൊണ്ട് പ്രകടിത തത്വമായി സദാ നിർഗ്ഗമിക്കുകയും ചെയ്യുന്നു. അൽബയ്യിനയുമായുള്ള ആത്മബന്ധം അതിജീവനമാർഗ്ഗവും പ്രതിലോമനിലപാട് സർവ്വനാശ കാരണവുമാണ്.

താത്വികസംവാദങ്ങൾക്ക് വിഷയങ്ങൾ സൃഷ്ടിക്കുന്ന കേവല ജ്ഞാനവിഭാഗത്തിൽ പെട്ടതല്ല 'അൽബയ്യിന'. അതാത് കാലഘട്ട വെല്ലുവിളികളെ വിജയകരമാംവിധം തരണം ചെയ്തശേഷം ക്രമേണ വികസിതമായിത്തീരുന്ന കേവലാദർശങ്ങളോട് അതിനെ ഉപമിക്കാവുന്നതല്ല. ആരംഭം മുതൽ ദൈവിക വെളിപാടുകൾ പ്രദാനം ചെയ്ത അത്യുജ്ജ്വല തേജസ്സാണ് അത് കാഴ്ചവെക്കുന്നത്.

അൽബയ്യിന എന്ന പ്രയോഗത്തിൽ മറ്റ് അന്തഃസ്ഥിത ആശയങ്ങൾ കൂടി അന്തർഭവിച്ചിരിക്കുന്നു. വിശ്വാസോന്നമനത്തിനും ആത്മീയോൽകർഷത്തിനുമുള്ള പ്രേരകപ്രതിഭാസമായി അത് വർത്തിക്കുന്നു. അതൊരിക്കലും നിഷ്ക്രിയമല്ല. മറിച്ച് പരിണാമത്തിലെ ആധിപത്യസിദ്ധാന്തം പോലെയാണത്. എല്ലാ പ്രവാചക പ്രസ്ഥാനങ്ങളുടെയും ആരംഭം അൽബയ്യിനയിൽ നിന്നാണ്. വ്യതിരിക്തം, തിരിച്ചറിവ് എന്നീ ധാത്വാർത്ഥങ്ങളുള്ള ഒരു കേവല ക്രിയയിൽ നിന്നാണിതിന്റെ വ്യുൽപത്തി. ഖുർആനിക പ്രയോഗമായ 'അൽബയാൻ' എന്നതിന്റെ അർത്ഥവുമായി ഇതിന് ബന്ധമുണ്ട്. അൽബയാൻ – സംസാരശേഷി – രണ്ട് അർത്ഥങ്ങളെ വ്യതിരിക്തമാക്കുവാനും മനുഷ്യവികാരങ്ങളെ വ്യക്തമായി പ്രകടിപ്പിക്കുവാനുമുള്ള കഴിവാണത്. അൽബയ്യിന പോലെത്തന്നെ അൽബയാനും ഒരു ദൈവികവരദാനമാണെന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാവുന്നത്. താഴെ കൊടുത്ത ഖുർആനിക സൂക്തം സൂചിപ്പിക്കുന്നതും അതാണ്:

خَلَقَ الْإِنسَانَ ۝
عَلَّمَهُ الْبَيَانَ ۝

"അവൻ മനുഷ്യനെ സൃഷ്ടിച്ചു, അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു."

മനുഷ്യന് സംസാരശേഷി അനുഗ്രഹിച്ചരുളിയത് അല്ലാഹുവാണെന്ന് വ്യക്തമായി പറഞ്ഞിരിക്കെ, ആദ്യമായി മനുഷ്യനെ ഭാഷ പഠിപ്പിച്ചതും ദൈവം തന്നെയാണെന്ന് നിശ്ചയമായും നിർണ്ണയിക്കാവുന്നതാണ്. മനുഷ്യന്റെ സംസാരപാടവവത്തെക്കുറിച്ചുള്ള നിഗൂഢത ദുർഗ്രാഹ്യമായി നിലകൊള്ളുമായിരുന്നത് ഇതിന്നടിസ്ഥാനത്തിൽ ഒട്ടും ദുർജ്ഞേയമല്ലാതായിത്തീർന്നിരിക്കയാണ്. പരിണാമസിദ്ധാന്തത്തിന്റെ വ്യാപ്തി എത്ര തന്നെ വ്യാപകമാക്കപ്പെട്ടാലും അതുകൊണ്ടുമാത്രം വിശദീകരിക്കപ്പെടാൻ കഴിയാത്തവിധം, മനുഷ്യനെ മറ്റ് ജന്തുലോകപരിധിയിൽ നിന്നും തുലോം വ്യത്യസ്ഥനാക്കുന്നത് അവന്റെ സംസാരശേഷിയാണ്. അതിനാൽ അൽബയാൻ – സംസാരപാടവം – തീർച്ചയായും ദൈവികവെളിപാടിന്റെ വരദാനമായിരിക്കാനേ വഴിയുള്ളൂ.

ബയാൻ, ബയ്യിന എന്നിവയുടെ പൊതുധാതു ഒന്നുതന്നെയാണ്. രണ്ടിനും വിവേചനം എന്ന ഗുണവുമുണ്ട്. ഈ സാമ്യത നിലനിൽക്കേ തന്നെ അവ തമ്മിൽ അന്തരവുമുണ്ട്. അൽബയാൻ സഹജമായും വാമൊഴിയിലൂടെയുള്ള ആശയപ്രകടനവുമായി ബന്ധപ്പെട്ടതാണെങ്കിൽ അൽബയ്യിന ഇതിൽ മാത്രം ഒതുങ്ങുന്നതല്ല തന്നെ. ചിലപ്പോൾ അത് വാച്യമായ പ്രഖ്യാപനങ്ങളിലൂടെ പ്രകടിതമാവുന്നു. മറ്റു ചിലപ്പോൾ ഭാഷണമാദ്ധ്യമത്തിന്റെ ആവശ്യകതയില്ലാതെ തനിയെ പ്രകടിതമാവുകയും ചെയ്യുന്നു. ശാശ്വതങ്ങളായ എല്ലാ ദൈവികാദ്ധ്യാപനങ്ങളും ആറാടിക്കിടക്കുന്ന മദ്ധ്യാഹ്ന സൂര്യതേജസ്സ് പോലെ ഇവിടെ അൽബയ്യിനയും മൗനപ്രകാശിതമാണ്. ഒരു വശത്തുകൂടി അവലംബിതർക്ക് അത് ശക്തിപ്രദാനം ചെയ്യുകയും ചെയ്യുന്നു.

'അൽ ഖയ്യിമ' എന്നത് സ്ഥായിയായ സ്വഭാവമുള്ള അടിസ്ഥാന അദ്ധ്യാപനങ്ങളെക്കുറിക്കുന്ന പദമാണ്. രണ്ട് പ്രയോഗങ്ങളും ഒന്നായി പരിണമിക്കുന്നത് ഇവിടെയാണ്. കേവലത്വം, അല്ലെങ്കിൽ മൂല്യങ്ങളുടെ സാർവ്വത്രികത്വം എന്നീ തത്വശാസ്ത്രപരമായ പ്രയോഗങ്ങൾ അൽഖയ്യിമ എന്ന പ്രയോഗം ദ്യോതിപ്പിക്കുന്ന മൂല്യ

ങൾക്ക് തികച്ചും ബാധകമാണ്. എന്നാൽ കേവലമെന്നോ സാർവ്വലൗകികമെന്നോ യഥാർത്ഥത്തിൽ വിശേഷിക്കപ്പെടാവുന്ന ആദർശങ്ങളും ആശയങ്ങളും ഉണ്ടായിരിക്കാനിടയുണ്ടോ എന്ന് തികച്ചും ഭൗതികമായ കാഴ്ചപ്പാടിലൂടെ നാം സൂക്ഷ്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ശാസ്ത്രീയ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ ഭൂരിഭാഗം ചിന്തകന്മാരും ആശയങ്ങളുടെയും മൂല്യാരംഭങ്ങളുടെയും കേവലത്വത്തെ പൂർണ്ണമായും നിരാകരിക്കുന്നവരാണ്. വൈരുദ്ധ്യാത്മക ഭൗതികവാദമെന്ന മാർക്സിറ്റ് കാഴ്ചപ്പാടുമായി കേവലത്വം പൊരുത്തപ്പെടുകയില്ല എന്ന ഒരേ ഒരു കാരണം കൊണ്ട് മാത്രമാണ് അവർ അങ്ങനെ ചെയ്യുന്നത്. എന്നാൽ അവർക്ക് ചുറ്റുമുള്ള ഭൗതികലോകത്തിൽ അവർ അഭിമുഖീകരിക്കേണ്ടിവരുന്ന ദൈനംദിന യാഥാർത്ഥ്യങ്ങൾ കേവലത്വമെന്ന ആശയത്തെ പൂർണ്ണമായും നിരാകരിക്കുവാനുള്ള യാതൊരു ന്യായീകരണങ്ങളും നൽകുന്നില്ല തന്നെ.

രാത്രിയെ തുടർന്ന് പകലും, പകലിനെ തുടർന്ന് രാത്രിയും ഉണ്ടാവുന്നു. അഗ്നി ജ്വലിപ്പിക്കുന്നു. ജലം തീ കെടുത്തുന്നു. ചൂടിനെക്കുറിച്ചും തണുപ്പിനെക്കുറിച്ചുമുള്ള നമ്മുടെ ബോധം, ദുഃഖത്തെക്കുറിച്ചും സന്തോഷത്തെക്കുറിച്ചുമുള്ള നമ്മുടെ സങ്കല്പം, വിശപ്പിനെക്കുറിച്ചും, വിശപ്പടക്കിയാലുള്ള സംതൃപ്തിയെക്കുറിച്ചുമുള്ള നമ്മുടെ അനുഭവം ദാഹത്തെക്കുറിച്ചും ദാഹശമനത്തെക്കുറിച്ചുമുള്ള ധാരണ, എന്നിങ്ങനെയുള്ള അനുഭവങ്ങളുടെ നിജത്വം തെളിയിക്കുവാൻ നമുക്ക് ഒരു ശാസ്ത്രകാരന്റെ ആവശ്യകതയില്ല. അവയുടെ നിജസ്ഥിതി തെളിയിക്കുവാൻ ഒരു അഭിഭാഷകന്റെ ആവശ്യവുമില്ല. യാതൊരു വിധ മാറ്റങ്ങൾക്കും വിധേയമാവാതെ, വിസ്തരിക്കപ്പെടാതെ അവ നിരുപാധികം നിലനിന്നു വരുന്നുണ്ട്. അതേസമയം അവയുടെ കേവലത്വം മനുഷ്യന്റെ ഇന്ദ്രിയാനുഭൂതിയുടെ സവിശേഷതകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രാത്രിയും പകലുമെന്ന കേവലസങ്കല്പത്തിന് കാഴ്ചശക്തിയുടെ ആവശ്യകതയുണ്ട്. എന്നാൽ ദർശന വൈകല്യമുള്ളവരുടെ സ്ഥിതി എന്താണ്? വസ്തുതകളെക്കുറിച്ചുള്ള അവരുടെ സങ്കല്പം കാഴ്ചശക്തിയുള്ളവരുടേതിനേക്കാൾ ആപേക്ഷികമായി വ്യത്യസ്തങ്ങളായിരിക്കും. നാം പ്രാഥമികളെന്ന് തരംതിരിക്കപ്പെട്ട സങ്കൽപങ്ങൾ പോലും പ്രകൃതിയിൽ താരതമ്യാധിഷ്ഠിതമായിരിക്കുകയില്ലേ എന്ന സംശയത്തിന് ഇത് ഇടം നൽകുന്നു. സംശയത്തിന്റെ ബാഹ്യാറിവിനും കേവലയാഥാർത്ഥ്യത്തിനുമിടയിൽ അതിവിപുലമായൊരു വർണരാജിയുണ്ട്. അവ രണ്ടും, നിരീക്ഷകന്റെ ദർശനവ്യക്തയും, പ്രകാശലഭ്യതയുമനുസരിച്ച് വർണരാജിയിലൂടെ ഏത് ദിശയിലേക്കും സ്ഥാനാന്തരം ചെയ്യപ്പെടാവുന്നതാണ്. എങ്കിലും അത്തരം സംശയങ്ങൾ അപൂർവ്വസന്ദർഭങ്ങളെയും വിഷയങ്ങളെയും പരാമർശിച്ച് കൊണ്ട് മാത്രമെ ഉന്നയിക്കപ്പെടാറുള്ളൂ. മനുഷ്യന്റെ മൊത്തത്തിലുള്ള ആഗോളാനുഭവജ്ഞാനവുമായി താരതമ്യപ്പെടുത്തുമ്പോൾ അവ തുലോം തുച്ഛവും തീരെ ചെറുതുമായ ന്യൂനപക്ഷം മാത്രമെ ആവുന്നുള്ളു. മനുഷ്യന്റെ സാർവ്വജനീനമായ അനുഭവജ്ഞാന സമന്വയത്തിൽ മാറ്റം വരുത്തുവാൻ അവ ഒട്ടും പര്യാപ്തങ്ങളുമല്ല.

ഇവ സുനിശ്ചിതാവസ്ഥ പ്രാപിച്ചിരിക്കുന്ന, മനുഷ്യന്റെ, ഇത്തരം പ്രാഥമിക സങ്കൽപങ്ങളെ സംബന്ധിച്ചുള്ളവയേയല്ല. കേവലമെന്ന് പറയാവുന്ന, ഇതിനേക്കാൾ സങ്കീർണ്ണവും ഗഹനവുമായ മറ്റ് വിഷയങ്ങളുമുണ്ട്. രസതന്ത്രത്തിലും, ഊർജതന്ത്രത്തിലുമുള്ള നമ്മുടെ ആധുനിക ജ്ഞാനം അത്തരത്തിൽപെട്ടവയാണ്. മനുഷ്യന്റെ ആഗോളനിരീക്ഷണാടിസ്ഥാനത്തിൽ സുസ്ഥാപിതങ്ങളായിത്തീർന്ന മുൻകാല നിരീക്ഷണങ്ങളെ നിഷേധിക്കാതെ തന്നെ അവ കൂടുതൽ കൂടുതൽ വികസിതമായിക്കൊണ്ടിരിക്കുകയാണെന്നതിന് യാതൊരു സംശയവുമില്ല. ഭേദഗതികളും, വിലയിരുത്തലുകളും വെറും ബാഹ്യതലത്തിൽ മാത്രമാണ് നടക്കുന്നത്. തെളിയിക്കപ്പെട്ട വസ്തുതകളുടെ സുപ്രധാന മേഖലകളിൽ അനിശ്ചിതഘടകം ഒരിക്കലും സംശയത്തിന്റെ നിഴൽ പതിപ്പിക്കുന്നില്ല. നൂതന ഗവേഷണങ്ങളിൽ ക്ലിപ്തവും പരിമിതവുമായ മേഖലകളിൽ മാത്രമെ അത് ബാധിക്കുന്നുള്ളൂ. അതിനാൽ ചുരുങ്ങിയ പക്ഷം മനുഷ്യന്റെ ലൗകികാനുഭവമേഖലകളിൽ സുനിശ്ചിതത്വം എന്ന ആശയം നിലവിലുണ്ടെന്നും, മാത്രമല്ല അത് പുരോഗമനോന്മുഖമായി തുടർന്നുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യം കൂടിയാണെന്നും ആർക്കും വളരെ സുരക്ഷിതമായി ഉപസംഹരിക്കാവുന്നതാണ്. എന്നാൽ മതഭക്തിയുടെയും വിശ്വാസത്തിന്റെയും കാര്യത്തിൽ അങ്ങനെ അവകാശപ്പെടുന്നതിൽ യാതൊരു നീതീകരണവുമില്ല. വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസങ്ങളിലെ വസ്തുതകൾക്കും കാൽപനികതകൾക്കുമിടയിൽ വ്യക്തമായി അതിരുനിർണ്ണയം നടത്തുക എന്നത് അസാദ്ധ്യമല്ലെങ്കിൽപോലും വളരെ ദുഷ്കരമാണ്. ബാല്യകാലത്ത് അവർ മതവിശ്വാസത്തിന്റെ തൊട്ടിലിലാണ് വളർത്തപ്പെടുന്നത്. തങ്ങളുടെ വിശ്വാസത്തിലെ സത്യവും അസത്യവും തിരിച്ചറിഞ്ഞ് തിട്ടപ്പെടുത്തുവാൻ കഴിയുന്നതിന് എത്രയോ മുമ്പ് തന്നെ അത് അവരുടെ പ്രകൃതിയുടെ വ്യവസ്ഥിതിയുടെ അവിഭക്ത ഘടകമായിത്തീർന്നിരിയ്ക്കും. വിശ്വാസനഷ്ടം വരുത്തിക്കൊണ്ട്, തങ്ങളുടെ മാനസികജാഡ്യതയിൽ നിന്നും വിസ്മൃതാവസ്ഥയിൽ നിന്നും വിമുക്തരാവുന്ന ചുരുക്കം ചിലരാവട്ടെ, ഈ വസ്തുത ഒരിക്കലും പരസ്യമായി സമ്മതിക്കുകയുമില്ല. വിശ്വാസഭംഗം നേരിട്ടിട്ടും അതേ പേരിൽ അതേ വിശ്വാസത്തിൽ തന്നെ അള്ളിപ്പിടിച്ചിരിക്കുന്നവരാണവർ. തിരിച്ചറിയപ്പെടാനുള്ള വെറുമൊരു പ്രതീകമായി മാത്രമാണ് മതം അവരിൽ അതിജീവിക്കുന്നത്. തങ്ങളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിൽ യുക്തിജ്ഞാനത്തിനുള്ള സാധകമായ പങ്ക് നിഷേധിക്കുന്ന സകലമതങ്ങളുടെയും വിധി, നിർഭാഗ്യവശാൽ ഇത് തന്നെയാണ്.

*വിവ: കെ. വി. ഈസക്കോയ* ■

# മനുഷ്യൻ നിലവിൽ വന്നത് പരിണാമത്തിലൂടെ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**മനുഷ്യൻ പരിണമിച്ചു വന്ന എല്ലാ ഘട്ടങ്ങളേയും ഏകദേശം നാലായി തരം തിരിക്കാം. നിർജീവമായ ശിലാവസ്ഥ, ഉയർന്ന മസ്തിഷ്കമില്ലാത്ത അവസ്ഥ, ഉയർന്ന മസ്തിഷ്കമുള്ള അവസ്ഥ, അവസാനം നാഗരികതയുടെ അവസ്ഥ. ആദം എന്ന മനുഷ്യൻ മനുഷ്യപരിണാമത്തിലെ ഈ അവസാന ഘട്ടത്തിന്റെ പ്രതിനിധിയാണ്. (കഴിഞ്ഞ ലക്കം തുടർച്ച)**

وَاللَّهُ خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ جَعَلَكُمْ أَزْوَاجًا

അല്ലാഹു നിങ്ങളെ മണ്ണിൽ നിന്ന് സൃഷ്ടിച്ചു പിന്നീട് രേതസ്കണത്തിൽ നിന്നും. പിന്നെ അവൻ നിങ്ങളെ ഇണകൾ (അസ്വാജ്) ആക്കി (35:12).

**'അസ്വാജി'ന്റെ അർത്ഥം**

ഇവിടെ 'അസ്വാജ്' എന്നതിന്റെ അർത്ഥം ആണും പെണ്ണും എന്നല്ല. രേതസ് കണം എന്നതുകൊണ്ട് അത് ഉൾപ്പെട്ടു കഴിഞ്ഞു. രേതസ് കണത്തെ പ്രതിപാദിച്ചതിന് ശേഷം 'പിന്നീട് നിങ്ങളെ ഇണകളാക്കി' എന്ന പ്രസ്താവന ആൺ പെൺ എന്ന ലിംഗഭേദത്തെ കൂടാതെ മറ്റെന്തൊ അർത്ഥത്തെയാണ് സൂചിപ്പിക്കുന്നത്. അറബിയിൽ 'സൗജ്' എന്നതിന് 'ജാതി' 'വർഗ്ഗം'. പരിപൂർണ്ണ ഗ്രൂപ്പുകൾ എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. മനുഷ്യന്റെ മനസ്സ് പൂർണ്ണമായും വികസിച്ചപ്പോൾ പലവിധത്തിലുള്ള കഴിവുകളും അവനിൽ ആവിർഭവിച്ചു. മനുഷ്യൻ മറ്റു മനുഷ്യരിൽ നിന്നും അകലാനോ മറ്റു മനുഷ്യരിലേക്ക് അടുക്കാനോ ആരംഭിച്ചു. അവരവരുടെ പ്രവർത്തനവൃത്തത്തിൽ സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങളായ കുടുംബവും വ്യക്തികളുടെ കൂട്ടായ്മയും ഉണ്ടാക്കി.

മനുഷ്യന്റെ പരിണാമ കഥ ഇങ്ങനെ സംഗ്രഹിക്കാം. ഇന്ന് കാണുന്ന മനുഷ്യൻ പ്രാരംഭദശയിൽ ഒരുമൺകട്ടയായിരുന്നു. അതല്ല ഏതെങ്കിലും തരത്തിലുള്ള ശിലാതുണ്ടം പോലെയായിരിക്കാം. ഖുർആൻ പ്രതിപാദിക്കാത്ത ചില സുദീർഘമായ ഘട്ടങ്ങൾക്ക് ശേഷം മനുഷ്യൻ ഒരു തരത്തിലുള്ള ജീവിരൂപമായി മാറി. പിന്നീട് മനുഷ്യൻ ആണും പെണ്ണുമായി മാറി ലൈംഗിക ബന്ധത്തിലൂടെ പ്രത്യുൽപാദനം ആരംഭിച്ചു. അതിന് ശേഷം ഖുർആൻ മനുഷ്യ പരിണാമത്തിന്റെ ഇടയിലുള്ള ചില കാലഘട്ടങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു. അതായത് മനുഷ്യൻ മാനസികവും, ശാരീരികവും, സാമ്പത്തികവുമായ പ്രവണതകൾ കാണിക്കുന്ന ഗ്രൂപ്പുകളുള്ള സാമൂഹ്യ ജീവിയായി പരിണമിച്ചു. ഈ ബിന്ദുവിൽ നിന്നാണ് മനുഷ്യന്റെ നാഗരിക ജീവിതം ആരംഭിക്കുന്നത്.

മനുഷ്യന്റെ പരിണാമ ചരിത്രത്തിലെ ഒരു ഘട്ടത്തിൽ പൊടിമണ്ണ്, ഉണങ്ങിയ മണ്ണോ; കളിമണ്ണോ, പാറക്കഷ്ണമോ ജലത്തിൽ കലരുകയുണ്ടായി. വരണ്ട മണലുമായുള്ള ഈ കൂടിച്ചേരലിന്റെ ഫലമായി ഒരു തരത്തിലുള്ള ജീവൻ ആരംഭിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ അത് രേഖപ്പെടുത്തുന്നു:

'എല്ലാ ജീവികളേയും നാം വെള്ളത്തിൽ നിന്നും സൃഷ്ടിച്ചു' (21:31)

'താൻ സൃഷ്ടിച്ച സകല വസ്തുക്കളേയും ഏറ്റവും നല്ല നിലയിലാക്കിവനാണ് അവൻ. അവൻ മനുഷ്യസൃഷ്ടി ആരംഭിച്ചത് കളിമണ്ണിൽ നിന്നാണ്' (32:8)

രണ്ടാമത്തെ വചനത്തിൽ കളിമണ്ണിന് ഉപയോഗിച്ച പദം 'ത്വീൻ' എന്നാണ്. അതിന്നർത്ഥം ഒരു നിശ്ചിത അളവ് വെള്ളവുമായി കളിമണ്ണ് കൂട്ടിക്കുഴക്കുമ്പോൾ അത് സ്വയം സംസക്തമാവുന്നു. വിശുദ്ധ ഖുർആൻ പ്രകാരം ഇങ്ങനെ വെള്ളം കലർന്ന കളിമണ്ണിൽ നിന്ന് മനുഷ്യസൃഷ്ടി ആരംഭിച്ചു എന്ന് മനസ്സിലാക്കാം. കാലഘട്ടങ്ങൾ കഴിഞ്ഞപ്പോൾ മനുഷ്യനെന്ന് വിളിക്കപ്പെടുന്ന സുഭഗനായ ജീവി രൂപാന്തരം പ്രാപിച്ചു.

ഖുർആൻ വിട്ടുകളഞ്ഞ പരിണാമ ഘട്ടങ്ങളുടെ തെളിവ് ആ വിഷയ സംബന്ധമായി പ്രതിപാദിക്കുന്ന പല പുസ്തകങ്ങളിലെ ചർച്ചകളിൽ നിന്നും കണ്ടുകിട്ടുന്നതാണ്. ഖുർആനിൽ നിന്നും ഉദ്ധരിച്ച അവസാന വചനത്തിൽ മനുഷ്യന്റെ പ്രാഥമികമായ പരിണാമഘട്ടത്തിൽ നനഞ്ഞ മണ്ണിൽ നിന്നുള്ള ഒരു പ്രത്യേക രൂപമാണ് ഉണ്ടായിരുന്നത്. അതിനെ തുടുർന്ന് മനുഷ്യൻ ആൺ പെൺ ജോഡികളിലൂടെ ലൈംഗികപരമായ പ്രത്യുൽപാദനം ആരംഭിച്ചു. ഖുർആൻ പറയുന്നു. 'പിന്നീട് അവന്റെ (മനുഷ്യന്റെ) സന്തതിയെ നിസ്സാരമായ ഒരു ദ്രവവസ്തു

വിൽ നിന്നുള്ള ഒരു സത്തിൽ (രേതസ് കണത്തിൽ) നിന്ന് അവൻ സൃഷ്ടിച്ചു' (77:22). മനുഷ്യൻ ഉണങ്ങി വരണ്ട മണ്ണിൽ നിന്ന് അഥവാ പാറക്കഷ്ണത്തിൽ നിന്ന് ജലവുമായി കൂട്ടിക്കുഴക്കപ്പെട്ടപ്പോൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമായും പറയുന്നു. മനുഷ്യനെന്ന ജീവിയുടെ ഏറ്റവും പ്രാകൃതമായ രൂപത്തിലേക്ക് ഈ മിശ്രിതം വികസിച്ചു. മനുഷ്യനായി വികസിച്ച ഒരു ജീവിക്ക് അത് ജന്മം നൽകി എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. ഇത്തരത്തിലുള്ള ജീവികൾ ലൈംഗിക പ്രത്യുൽപാദനം വഴി പ്രജനനം ആരംഭിക്കുന്ന ഘട്ടത്തിലേക്ക് വന്നു. മണ്ണിന്റെ അഥവാ കളിമണ്ണോ പാറയുടേയോ അവസ്ഥ ഒരു ഘട്ടവും ആ മണ്ണ് വെള്ളത്തിൽ മിശ്രണം ചെയ്യപ്പെട്ട അവസ്ഥ മറ്റൊരു ഘട്ടവും – അതിന് ശേഷം ലൈംഗികാവയവങ്ങളുടെ വളർച്ചയോടെ ലൈംഗികമായ പ്ര ത്യുൽപ്പാദനവും ആരംഭിച്ചു. ഈ ഘട്ടങ്ങളിലെല്ലാം വിവിധമായ പ്രത്യുൽപാദനവും ആരംഭിച്ചു. വളരെ അവ്യക്തമായിമാത്രമെ അതിനെക്കുറിച്ച് സങ്കല്പിക്കാനാവുകയുള്ളൂ.

മനുഷ്യനെ സൃഷ്ടിച്ചതിന്റെ തത്ത്വം ഖുർആൻ പറയുന്നു:

നിന്റെ നാഥന്റെയടുക്കലേക്കാണ് (സർവവും) അവസാനം ചെന്നെത്തുന്നത്. അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നത് അവൻ തന്നെ. രേതസ് കണം തെറിപ്പിക്കപ്പെടുമ്പോൾ അതിൽ നിന്ന് ആൺ പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുന്നവനും അവൻ തന്നെയാണ്. (55:43–48).

മറ്റൊരർത്ഥത്തിൽ ഖുർആൻ പറയുന്നത് നിങ്ങളുടെ ആരംഭം അല്ലാഹുവിന്റെ കൈകൊണ്ടാണ് എന്നാണ്. നിങ്ങളുടെ അവസാനവും അവന്റെ കൈകളിൽ തന്നെ. ആധാരത്തിൽ (Base) നിൽക്കുന്ന ഒരു വൃത്തചാപം പോലെയാണ് നിങ്ങളുടെ അസ്തിത്വം. ഈ ചാപം രണ്ടറ്റങ്ങളും തമ്മിൽ ഒന്നിച്ചുവരുമാറ് വളക്കാവുന്നതാണ്. നിങ്ങളുടെ ഇപ്പോഴത്തെ അസ്തിത്വത്തിന്റെ സ്ഥാനത്ത് നിന്ന് നിങ്ങളുടെ ഉത്ഭവസ്ഥാനത്തേക്ക് പോവുകയാണെങ്കിൽ നിങ്ങൾ പ്രപഞ്ചത്തിനു പിന്നിൽ അല്ലാഹുവല്ലാതെ മറ്റൊന്നും ഇല്ലാത്ത ഒരു ബിന്ദുവിൽ എത്തുന്നതാണ്. മറ്റൊരു രൂപത്തിൽ പറയുകയാണെങ്കിൽ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചത് അല്ലാഹുവിൽ നിന്നാണ്. അവന്റെ അന്ത്യവും അല്ലാഹുവിലേക്ക്. കാര്യകാരണങ്ങളുടെ പരമ്പര അവസാനം അല്ലാഹുവിനു മുമ്പിൽ വന്നുചേരുന്നു.

ഞാൻ ഉദ്ധരിച്ച ഖുർആൻ വചനങ്ങളിൽ നിന്നും ലഭിക്കുന്ന നിഗമനങ്ങൾ താഴെ പറയുന്നവയാണ്.

1. മനുഷ്യൻ സൃഷ്ടിക്കപ്പെട്ട പദാർത്ഥം അനശ്വരമല്ല. അത് ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്.
2. മനുഷ്യന്റെ സൃഷ്ടിപ്പ് ദീർഘകാലത്തെ ഒരു പരിണാമ പ്രക്രിയയിലൂടെയാണ് നിലവിൽ വന്നത്. പൊടുന്നനെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്നുകരുതുന്നത് തെറ്റാണ്.
3. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് അവനിൽ നിന്നും വ്യത്യസ്തമായ ഒന്നിൽ നിന്നല്ല. അതായത് മൃഗത്തിൽ നിന്നോ മറ്റെന്തെങ്കിലും വസ്തുവിൽ നിന്നോ അല്ല. കുരങ്ങിൽ നിന്നോ കുരങ്ങുവർഗ്ഗത്തിൽപ്പെട്ട മറ്റുവർഗ്ഗങ്ങളിൽ നിന്നോ മനുഷ്യൻ പരിണമിച്ചുണ്ടായി എന്ന ഡാർവിന്റെ പരിണാമ നിയമവും ശരിയല്ല.
4. മനുഷ്യൻ കടന്നുവന്ന പരിണാമ ഘട്ടങ്ങളിലൊന്ന് കല്ലിനോടും പാറയോടും സാദൃശ്യമുള്ളതായുണ്ട്.
5. മനുഷ്യൻ ജീവിരൂപങ്ങൾ ആർജ്ജിച്ചു. പക്ഷേ ബുദ്ധിശക്തി അവനിൽ ആഗതമായിരുന്നില്ല. മാത്രമല്ല മറ്റു മൃഗങ്ങളെപ്പോലെ അവൻ തിന്നുകയും കുടിക്കുകയും ചെയ്തു.
6. അവന് ബുദ്ധിശക്തി കൈവരികയും ഭാഷണകല സ്വായത്തമാക്കി ശബ്ദോന്മുഖനായ ജീവിയാവുകയും ചെയ്തു.
7. വൈയക്തിക ജീവി എന്ന നിലക്ക് മനുഷ്യൻ പുരോഗതിയുടെ അവസാന ഘട്ടം എത്തിച്ചേർന്നപ്പോൾ അവൻ മനുഷ്യനെ നാഗരികതയിലേക്കും, സംസ്കാരത്തിലേക്കും പുതിയൊരു ജീവിതക്രമം ആരംഭിക്കുകയുണ്ടായി. താഴ്ന്ന ജീവികളെപ്പോലെ ഓരോരുത്തരും സ്വന്തമായി ജീവിക്കുക എന്നതിനു പകരം മനുഷ്യൻ അവന്റെ സഹജീവികളുമൊത്ത് സഹകരണത്തിലധിഷ്ഠിതമായ ഒരു ജീവിതമാരംഭിക്കുകയും ഒരു ജീവിതവ്യവസ്ഥയും നിയമക്രമവും ആവിർഭവിക്കുകുയം ചെയ്തു.

മനുഷ്യൻ കടന്നുവന്ന ഈ എല്ലാ ഘട്ടങ്ങളും ഏകദേശം നാലായി തരംതിരിക്കാം. നിർജീവമായ ശിലാവസ്ഥ, ഉയർന്ന മസ്തിഷ്കമില്ലാത്ത അവസ്ഥ, ഉയർന്ന മസ്തിഷ്കമുള്ള അവസ്ഥ, അവസാനം നാഗരികതയുടെ അവസ്ഥ. അവസാനത്തെ രണ്ടുഘട്ടങ്ങളാണ് മനുഷ്യാസ്തിത്വത്തിന്റെ അവസ്ഥകളെന്ന് വ്യക്തമായും കാണാം. ബുദ്ധിശക്തി നൽകപ്പെടാത്തിടത്തോളം കാലം മനുഷ്യൻ മൃഗത്തിൽ കവിഞ്ഞ് ഒന്നുമായിരുന്നില്ല. തുടക്കത്തിൽ തന്നെ മനുഷ്യൻ ഒരു നാഗരിക ജീവിയായി വികസിക്കാനാവാശ്യമായത് തീർച്ചയായും ദൈവം ആസൂത്രണം ചെയ്തിരുന്നു. എന്നാൽ ബുദ്ധിശക്തി ആവിർഭവിക്കുന്നതിന് മുമ്പ് അവൻ മനുഷ്യനെന്ന് വിളിക്കപ്പെടാൻ യോഗ്യനല്ലായിരുന്നു. അവന്റെ അവസ്ഥ ഗർഭപാത്രത്തിൽ ഭ്രൂണമായി രൂപം കൊണ്ടിട്ടില്ലാത്ത അവസ്ഥ പോലെയായിരുന്നു. ഗർഭപാത്രത്തിൽ വെച്ച് ഒരു കുഞ്ഞ് മനുഷ്യാവസ്ഥ പ്രാപിച്ചിരിക്കാം. അതേസമയം അത് അപൂർണമായൊരു വളർച്ചയാണ്. മനുഷ്യന്റെ അടയാളങ്ങൾ വളരെ ദുർബലവും അവ്യക്തവുമായ രീതിയിലും സ്വന്തമായി പ്രവർത്തിക്കാൻ ശേഷിയില്ലാത്ത വിധത്തിലുമായിരുന്നു അത്. അതുപോലെ തന്നെയായിരുന്നു മനുഷ്യന്റെ ആദ്യഘട്ടം. സാരാംശത്തിൽ അവൻ മനുഷ്യൻ തന്നെയാണെങ്കിലും. പക്ഷേ മനുഷ്യൻ എന്ന നാമം വഹിക്കാൻ മാത്രം ആ ഘട്ടത്തിൽ അവൻ പുരോഗതിയിലെത്തിയിട്ടില്ല. മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്ഥനായ മാനുഷികത എന്ന ഗുണം വ്യതിരിക്തമായി വെളിപ്പെടാൻ മാത്രം മനുഷ്യന്റെ കഴിവുകൾ വളർന്നിട്ടില്ലായിരുന്നു. അതിനനുസൃതമായ ബുദ്ധിശക്തി അവൻ ആർജിച്ചിരുന്നില്ല. ബുദ്ധിശക്തി ആർജിച്ചതിന് ശേഷമാണ് അവൻ 'മനുഷ്യൻ' എന്ന പദവി വഹിക്കാൻ യോഗ്യനായത്. എന്നിരുന്നാൽ

തന്നെ ഒരു യുക്തിബോധമുള്ള മനുഷ്യ ജീവി എന്ന് വിളിക്കാൻ അപ്പോഴും അവൻ അയോഗ്യനായിരുന്നു. ഈ ഗുണം വെറും ബുദ്ധിശക്തിയുള്ളവൻ എന്നതിനേക്കാൾ ഉപരിയാണ്. ഈ പദവി യുക്തിപൂർണ്ണവും വ്യവസ്ഥാപിതവും, ക്രമബദ്ധവും ലക്ഷ്യവേദിയുമായ ഒരു ജീവിതം ആവശ്യപ്പെടുന്നു. മനുഷ്യന്റെ പരിണാമ ചരിത്രത്തിലെ രണ്ട് കാലഘട്ടങ്ങൾ ഞാൻ ഇവിടെ പ്രതിപാദിക്കാം.

1. ബുദ്ധിശക്തിയും, യുക്തിബോധവും ആർജ്ജിച്ച കാലഘട്ടം.
2. ഈ കഴിവുകൾ ശരിയായി ഉപയോഗിക്കുന്ന കാലഘട്ടവും. അവ ഉപയോഗിച്ചുകൊണ്ട് വ്യവസ്ഥാപിതവും ക്രമബദ്ധവുമായ ഒരു ജീവിതവ്യവസ്ഥ വികസിപ്പിച്ചെടുക്കാൻ ആരംഭിച്ചു.

## ആദം ഒരു പൂർണ്ണ മനുഷ്യനായിരുന്നു.

മനുഷ്യന്റെ ബുദ്ധിപരമായ ജീവിതം രണ്ട് വ്യത്യസ്ത ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

1. മനുഷ്യന് ബുദ്ധിശക്തി വികസിച്ചുവന്നപ്പോൾ അത് അവന്റെ മാത്രം താല്പര്യത്തിനുതകുന്ന ഒരു വൈയക്തികമായ ഗുണമായിരുന്നു.
2. അവന്റെ ബുദ്ധിശക്തിയിൽ നിന്നും സാമൂഹിക താൽപര്യങ്ങൾ വികസിച്ചുവരികയും നിയമബോധവും ക്രമസമാധാനബോധവും രൂപംകൊള്ളുകയും ചെയ്തു. അവസാനത്തെ ഈ ഘട്ടം പ്രാപിച്ചപ്പോൾ അവന്റെ ജീവിതം ബാഹ്യമായ നിയന്ത്രണത്തിനും സന്മാർഗ്ഗത്തിനും വേണ്ടി സമർപ്പിക്കാൻ പ്രാപ്തമായി. ഈ ഘട്ടത്തിലാണ് സമ്പൂർണ്ണമായ മാനുഷത ആരംഭിച്ചത്.

ഖുർആൻ വീക്ഷണപ്രകാരം ആദം ഈ അവസ്ഥയിലേക്ക് ഉയർന്ന ആദ്യത്തെ മനുഷ്യനാണ്. ആദം കളിമണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട ആദ്യത്തെ മനുഷ്യനായിരുന്നില്ല. ആ ഭൂവിഭാഗത്തിൽ ജീവിച്ചിരുന്ന ഇത്പോലെയുള്ള ജീവികളിൽ നിന്നും മാനസികമായ കഴിവുകൾ ആർജ്ജിച്ച ആദ്യത്തെ വ്യക്തിയായിരുന്നു. ഗുഹാമനുഷ്യൻ ബാഹ്യശക്തിക്ക് വിധേയപ്പെട്ടു ജീവിക്കുക എന്നത് വിഡ്ഢിത്ത പൂർണ്ണമായ പ്രവൃത്തിയായി കരുതിയിരുന്നു. ആ പരിസരത്തുണ്ടായിരുന്ന പലരും ഇത്തരത്തിലുള്ള മാനസികവികസനം പ്രാപിച്ചവരായിരുന്നു. പക്ഷേ അവർക്കാർക്കും തന്നെ ഇങ്ങനെ ബാഹ്യമായൊരു കേന്ദ്രത്തിനു വഴങ്ങി ജീവിക്കുക എന്ന തത്വം സ്വീകാര്യമല്ലായിരുന്നു. അവർക്കാകട്ടെ ഒരളവോളം ബുദ്ധിശക്തിയുമുണ്ടായിരുന്നു. കൂട്ടായി ജീവിക്കുക എന്ന സഹജാവബോധം അപ്പോഴും അവരിൽ ബലപ്പെടുകയോ ഒരു സമ്മർദ്ദശക്തിയായി തീരുകയോ ചെയ്തിരുന്നില്ല. താരതമ്യേന അല്പവികസിതമായ ഈ മനുഷ്യർ വ്യാപകമായി ഈ നിർദേശത്തിനെതിരെ നീരസം പ്രകടിപ്പിക്കുകയും വിപ്ലവകരമായ ഈ ആശയത്തെ സർവ്വവിധേനയും എതിർക്കുകയും ചെയ്തു. രണ്ടു കുതിരകളെ ഒരു വണ്ടിയുടെ നുകത്തിൽ ബന്ധിച്ചുവെന്ന് കരുതുക. അതിലൊന്ന് നന്നായിമെരുങ്ങിയതും മറ്റേത് ഭ്രാന്തമായി തൊഴിച്ചുകൊണ്ടിരിക്കുന്നതും വന്യവുമായതായിരുന്നു. അങ്ങനെയാണെങ്കിൽ ആ വണ്ടി ഇളകിയാടിക്കൊണ്ടിരിക്കും. ആ യാത്രയിൽ യാതൊരു പുരോഗതിയും സാധ്യമാകുമായിരുന്നില്ല. അതായത് ഒരു കുതിരയുടെ വന്യത കാരണം ആ യാത്രയിലുടനീളം സുഖം അനുഭവപ്പെട്ടില്ല. മെരുക്കമില്ലാത്ത കുതിര കടിഞ്ഞാൺ ബന്ധിച്ച ഭാഗം അതിന്റെ വായിൽ നിന്ന് പുറത്തുകളയാൻ ശ്രമിക്കുകയും തന്നെ ബന്ധിച്ച അസ്വാതന്ത്ര്യത്തിന്റെ കടിഞ്ഞാണിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് വരാൻ കിതച്ചോടുകയും ചെയ്യും. സഹകരണത്തിലധിഷ്ഠിതമായ ക്രമബദ്ധവും അച്ചടക്കപൂർണ്ണവുമായ ഒരു ജീവിതം നയിക്കാൻ അതേ മാനസികബോധമുള്ള തന്റെ സഹചരരിൽ നിന്നും ആദ്യത്തെ മനുഷ്യൻ എഴുന്നേറ്റു ആഹ്വാനം ചെയ്യുകയുണ്ടായി. ഈ നിയന്ത്രണങ്ങളെ നിരാകരിക്കാനുള്ള പ്രവണതയാണ് അപ്പോൾ സംഭവിച്ചത്.

## 'ആദം' എന്നതിന്റെ അർത്ഥം.

'ആദം' എന്ന പദം ആദ്യത്തെ പൂർണ്ണ മനുഷ്യൻ എന്ന നിലക്ക് വിശുദ്ധ ഖുർആൻ വളരെ പ്രാധാന്യത്തോടെ നൽകിയ പദമാണ്. 'ആദം' എന്ന നാമം അറബി ഭാഷയിൽ രണ്ട് വിധത്തിൽ നിഷ്പന്നമാണ്. ഒന്ന് 'ആദിം' എന്ന പദത്തിൽ നിന്ന്. അതിനർത്ഥം. ഭൂമി എന്നാണ്. അല്ലെങ്കിൽ 'ഉദ്മ' എന്ന പദത്തിൽ നിന്ന്. അതിന്നർത്ഥം 'ഗോതമ്പ് വർണ്ണം' എന്നാണ്. അതുകൊണ്ട് ആദം എന്നതിന് ഭൂമിയുടെ തുറസ്സായ സ്ഥലങ്ങളിൽ ജീവിക്കുന്ന ഗോതമ്പ് വർണ്ണത്തിലുള്ള മനുഷ്യൻ എന്നാണ് അർത്ഥം. വാസ്തവത്തിൽ ഈ രണ്ട് ഗുണങ്ങളും ആ വ്യക്തിയിൽ അല്ലെങ്കിൽ വ്യക്തികളിൽ സമ്മേളിച്ചിരുന്നു. അതായത് ഗുഹകളിൽ വസിച്ചിരുന്ന മറ്റുള്ളവരെ അപേക്ഷിച്ച് ഇക്കൂട്ടർ തുറസ്സായ സ്ഥലങ്ങളിൽ ജീവിക്കുകയും വെയിലുകൊള്ളുന്നത് മൂലം അല്പം നിറഭേദം പ്രാപിക്കുകയും ചെയ്തിരുന്നു.

മനുഷ്യസമൂഹത്തിന്റെ തറക്കല്ല് പാകിയ ആദ്യത്തെ ദിവ്യവ്യക്തി ആദം ആയിരുന്നു. അതുവഴി മനുഷ്യന്റെ നാഗരികതയടക്കം ആ സംസ്കാരത്തിനും ആരംഭം കുറിച്ചതും അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ആഹ്വാനത്തിന് ചെവികൊടുത്തവർ ഗുഹകളിൽ നിന്നും അതുപോലെയുള്ള മാളങ്ങളിൽ നിന്നും പുറത്ത് വന്ന് കൂട്ടായ സാമൂഹ്യജീവിതം നയിച്ചു. മറ്റുള്ളവരുടെ ആക്രമണങ്ങളിൽ നിന്നും രക്ഷക്കായി സുരക്ഷാസംവിധാനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

## ആദമിന്റെ കാലത്തെ മനുഷ്യ സംസ്കാരം.

ആദമിന്റെ കാലത്തെ ജനങ്ങളിലും അതിനു മുമ്പത്തെ കാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന മാനസികാവസ്ഥയുള്ള ധാരാളം ആളുകളുണ്ടായിരുന്നു. അവർ അപ്പോൾ ഈ പുതിയ ആശയം ഗ്രഹിക്കൻ മാത്രം മാനസികമായ കഴിവ് ആർജ്ജിച്ചിരുന്നില്ല. അതുകൊണ്ട് അവരുടെ സ്വച്ഛന്ദമായ സ്വാതന്ത്ര്യത്തെ തടയുന്ന ഏതൊരു ചിന്തയേയും അവർ കഠിനമായി എതിർത്തു. അവർ ആദമിന്റെ ആഹ്വാനത്തിന് ചെവികൊടുത്തില്ല. പഴയത് പോലെ ഗുഹകളിലും മാളങ്ങളിലും കഴിയാൻ ഇഷ്ടപ്പെട്ടു. മനുഷ്യവംശം ഇത് മുഖേന രണ്ടായി പിളർന്നു. പുതിയ ആശയം സ്വീകരിച്ചവരും സ്വീകരിക്കാത്തവരുമായി അവർ വിഭജിക്കപ്പെട്ടു. സ്വീകരിച്ച ആദ്യത്തെ കൂട്ടർ അവരുടെ

കവിത

# കുല്ലുമൻ അലൈഹാഫാൻ

## (അതിൻമേലുള്ള സർവ്വതും നശിച്ചൊടുങ്ങും)

അസ്മ എടപ്പകത്ത്

മരണത്തിനെ വെന്നു ജീവിതം
സ്ഥിരമാക്കിയൊരെന്റെ സോദരാ,
തവജീവിത ഗാഥപാടുവാൻ
ഇവളീ 'ദുനിയാവിൽ' ബാക്കിയായ്

കരയാൻ കൊതിയുണ്ട് കണ്ണുനീർ
ചൊരിയാൻ ; പല കാരിയങ്ങളും
പറയാൻ ; ഒടുവിൽ ഹതാശയായ്
പിരിയാൻ – ഇവളെത്ര ദുർഭഗ !

കൊതിയേറിയ മർത്ത്യ ജീവിതം
വിധിയാകിന സർപ്പദംശന–
ക്ഷതമേറ്റു പിടഞ്ഞു തീർന്നിട്ടും
കഥയാണിഹ കാണ്മൂ നിത്യവും

അളവറ്റ ശരീരശക്തിയാൽ
തളരാത്ത പ്രയത്നശേഷിയാൽ
ഉളവാക്കുക സാദ്ധ്യമല്ലയീ–
ഇളതന്നിലൊരാൾക്കു മൊന്നുമേ!

അതിതുംഗ പഥത്തിൽ മേവിട്ടു,
മതിയെത്ര ക്ഷണത്തിൽ മാഞ്ഞിട്ടും
ക്ഷിതിയാകെ വെളിച്ചമേകിട്ടാ
കതിരോൻ മറയുന്നൂ രാത്രിയിൽ

പുരുശോഭ കലർന്ന വാനിലെ
പരിശോഭിത സന്ധ്യപോലുമേ
ഇരുളറ്റു കറുത്തിടുന്നതാം
പൊരുളോർക്കുകിലെത്രയത്ഭുതം

കനകം, കനകാംഗി, കെട്ടിടം
ധനമേറെ നിറഞ്ഞ പെട്ടികൾ
അനുവേലമതാണു മർത്ത്യനിൽ
ജനനം മുതലുള്ള കാമിതം!

സ്ഥിരമല്ലഹോ, ജീവിതത്തിലെ
ചിരിയും കളിയും, തമാശയും
പിരിയും വരെ മാത്രമല്ലയോ
ധര തന്നിലെ സൗഖ്യമത്രയും

പണ്ടമെന്തിന് പ്രൗഡിയെന്തിന്?
ഗുണമേറിയ ജോലിയെന്തിന്?
പിണമാണൊരു നാളിലൊക്കെയും–
ക്ഷണഭംഗുരമാണ് ജീവിതം !!!

കരയുന്നതുമെന്തിനാണഹോ
ദുരിതങ്ങളെയോർത്തു മാനുഷൻ
നിരുപിക്കുകിലീയവനിയിൽ
ഒരു ദുഃഖവുമല്ല ശാശ്വതം

■

ഗുഹാജീവിതം ഉപേക്ഷിച്ചു. ഗുഹകളിൽ നിന്നും മാളത്തിൽ നിന്നും പുറത്തു വന്നു. അവർ ചെറിയ കോളനികളായി സാമൂഹിക ജീവിതം ആരംഭിച്ചു. മനുഷ്യന്റെ ആവശ്യങ്ങളും അപകടങ്ങളും വിപത്തുകളും അവർ ഒരുമിച്ച് നിന്ന് സഹകരണാടിസ്ഥാനത്തിൽ നേരിട്ടു. രണ്ടാമത്തെ കൂട്ടർ ഗുഹകളിലും മാളങ്ങളിലുമുള്ള ജീവിതം തുടർന്നു. ക്രമേണ ഇക്കൂട്ടർ 'ജിന്ന്' എന്ന പേരിൽ അറിയപ്പെട്ടു. അതായത് 'കണ്ണിൽ നിന്ന് മറഞ്ഞുനിൽക്കുന്നവർ' എന്നാണ് അതിനർത്ഥം. മിക്കവാറും ഇരുട്ടിലും ചിലപ്പോൾ മാത്രം പുറമേയും കാണുന്നവരായിരുന്നു അവർ. അവർ എല്ലാവരോടും കിരാതമായും ദ്രോഹബുദ്ധിയോടെയും പെരുമാറി. ഭൂമിയുടെ ഉപരിതലത്തിലെ തുറസ്സായ സ്ഥലങ്ങളിൽ കോളനികളായി പരസ്പരം സഹകരിച്ചും സഹായിച്ചും കഴിഞ്ഞവർ 'ഇൻസാൻ' ആയി. 'ഉൻസ്' എന്ന ഗുണം കൊണ്ടാണ് അവർ പ്രവർത്തിച്ചത്. 'ഉൻസ്' എന്നാൽ 'സഹചരരോടുള്ള സ്നേഹ വികാരം' എന്നാണ് അർത്ഥം. മറ്റേക്കൂട്ടർ ഗുഹകളിലെ ഇരുട്ടിൽ തന്നെ ജീവിച്ചു. ചിലപ്പോൾ മാത്രം വെളിയിൽ വരാൻ ഇഷ്ടപ്പെട്ടു. എപ്പോഴും അന്യനെ സംശയിക്കുകയും മറ്റുള്ളവരോട് ശത്രുത വെച്ചു പുലർത്തുകയും ചെയ്തു. ഇരുണ്ട ദുഷ്ടമായ, വന്യമായ, രൂക്ഷമായ, ശത്രുതയുള്ള, കിരാതമായ, എല്ലാറ്റിനോടും തിന്മ ചെയ്യാൻ പ്രേരണയുള്ള എന്നീ ഗുണങ്ങൾ കാരണം ഈ ഗ്രൂപ്പിനെ 'ജിന്ന്' എന്ന് വിളിക്കപ്പെടുന്നു. ഈ രണ്ടു ഗ്രൂപ്പുകളും (ജിന്നും, ഇൻസും) ഒരേ ജീവിവർഗ്ഗം അതായത് മനുഷ്യർ തന്നെയാണെന്ന കാര്യം മറക്കരുത്.

'ജിന്ന്' എന്ന അറബി പദത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം അദൃശ്യനായിരിക്കുന്നയാൾ, മറഞ്ഞിരിക്കുന്നത്, അറിയപ്പെടാത്തത്, മറ്റുള്ളവരെ ദ്രോഹിക്കാൻ കെല്പുള്ള എന്തെങ്കിലും ശക്തി സ്വായത്തമാക്കിയവൻ എന്നൊക്കെയാണ്. അതുകൊണ്ടാണ് – പ്രധാനപ്പെട്ട വ്യക്തികൾക്കും, ഗോത്രമുഖ്യന്മാർക്കും, രാഷ്ട്രീയനേതാക്കന്മാർക്കും അറബിഭാഷയിൽ 'ജിന്ന്' എന്നു പറയുന്നത്. കാരണം അവർ സദാസമയവും പരിവാരങ്ങളാലും രക്ഷാപുരുഷന്മാരാലും വലയം ചെയ്യപ്പെട്ടിട്ടുണ്ടാവും. പൊതുസ്ഥലങ്ങളിൽ അപൂർവ്വമായേ അവർ പ്രത്യക്ഷമാവുകയുള്ളൂ. അവരുടെ അടുക്കലേക്ക് എളുപ്പത്തിൽ കയറിച്ചെല്ലാൻ സാധ്യവുമല്ല. അറബിഭാഷയിൽ ഈ പദം വിദേശിക്കും ഉപയോഗിക്കുന്നു. ഈ അർത്ഥത്തിൽ തന്നെ വിശുദ്ധ ഖുർആനിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ആ പദത്തിന്റെ അർത്ഥങ്ങളുടെ വിശദാംശങ്ങളിലേക്ക് പോകേണ്ട സന്ദർഭമല്ലയിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജിന്ന് എന്നാൽ മനുഷ്യൻ തന്നെയാണ് എന്നതിന് വിശുദ്ധ ഖുർആനിൽ നിന്ന് ഞാൻ മതിയായ തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ ഏതൊരു ജനങ്ങളെ കുറി

*(ശേഷം 42 –ാം പേജിൽ)*

# വ്രതം : ആത്മശുദ്ധി വരുത്തുന്ന ആരാധന

മഹ്മൂദ്, കൽക്കുളം

**ആത്മീയമായും, ശാരീരികമായും സാമൂഹികമായും നാനാവിധത്തിലുള്ള നന്മകൾ നിറഞ്ഞതാണ് വ്രതം**

സാമൂഹികവും വ്യക്തിഗതവുമായ നന്മകൾ പ്രാവർത്തികമാക്കാനവസരം ലഭിക്കുന്ന അനുഗൃഹീതമാസമാണ് റമസാൻ. ഈ മാസത്തിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. "സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾകൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ, നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന്ന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു." (വി.ഖു. 2:186). നിർബന്ധമായ വ്രതം അനുഷ്ഠിക്കുവാനുള്ള സമയമായി റമസാൻ മാസത്തെ വ്രതാനുഷ്ഠാനത്തിന്നായി നിശ്ചയിക്കുവാനുള്ള കാരണം ഈ വചനത്തിൽ എടുത്തുപറഞ്ഞിരിക്കുന്നു. കരുണാവാരിധിയായ ദൈവത്തിൽ നിന്ന് അനുഗ്രഹമെന്നോണം, മനുഷ്യവംശത്തിന്റെ ആത്മസംസ്ക്കരണത്തിനും ഭൗതികവും ആത്മീയവുമായ പുരോഗമനത്തിനും വേണ്ടിയുള്ള വി.ഖുർആൻ അവതരിച്ചത് റമസാൻ മാസത്തിലാണ്. ഖുർആനിക അദ്ധ്യാപനങ്ങൾ സമ്മേളിത രൂപത്തിൽ പ്രയോഗവൽക്കരിക്കാനും റമസാനിൽ സാധിക്കുന്നു.

### വ്രതം – ആത്മശുദ്ധിക്കനിവാര്യം

നന്മകൾ ആർജിക്കുവാനും തിന്മകൾ പരിവർജ്ജിക്കുവാനുമുള്ള പരിശീലനം വ്രതത്തിലൂടെ കൈവരുന്നു. ഇതര സൽക്കർമ്മങ്ങൾക്ക് പ്രചോദനം നൽകുന്ന ആരാധന കൂടിയാണ് വ്രതം. കേവലം ദൈവാജ്ഞയനുസരിച്ചും അവന്റെ പ്രീതി കാംക്ഷിച്ചും അന്നപാനീയങ്ങളും ദേഹേച്ഛകളും ഉപേക്ഷിക്കുമ്പോൾ തീർച്ചയായും അത് മനുഷ്യന്റെ ആത്മീയോൽക്കർഷത്തിനുള്ള നിമിത്തമായിത്തീരുന്നു.

പ്രഭാതം മുതൽ പ്രദോഷം വരെ പൈദാഹങ്ങൾ സഹിച്ച് തിന്നാനും കുടിക്കാനും ഭാര്യാസമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യത്തെ മനുഷ്യൻ മാറ്റിവെക്കുകയാണ് ചെയ്യുന്നത്. ദൈവേഷ്ടത്തിന്നനുസൃതമായി സ്വന്തം ഇഷ്ടത്തെ ത്യജിക്കണമെന്ന പാഠവും വ്രതം മനുഷ്യന് നൽകുന്നു. ''മനുഷ്യന്റെ മുഴുവൻ കർമ്മങ്ങളും അവനുള്ളതത്രെ. വ്രതമോ അത് എനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം. അവൻ അന്നപാനീയങ്ങളും ശാരീരികേച്ഛകളും ഉപേക്ഷിക്കുന്നത് എനിക്ക് വേണ്ടിയാകുന്നു. ഓരോ സൽക്കർമ്മത്തിനും പത്തിരട്ടി പ്രതിഫലമുണ്ടാകും. നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. ഒന്നു നോമ്പ് മുറിക്കുമ്പോൾ, പിന്നെ തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുമ്പോഴും. നോമ്പ് മൂലം അവൻ സന്തുഷ്ടനാകുന്നു."(ഹദീസ് ശരീഫ്, ബുഖാരി).

### വ്രതത്തിലൂടെ പാപമോചനം

വിചാരവികാരങ്ങളെ ആത്മപോഷണത്തിന്നുതകുന്ന വിധത്തിൽ അടുക്കും ചിട്ടയുമുള്ളതാക്കുവാൻ വ്രതം മനുഷ്യനെ സന്നദ്ധനാക്കുന്നു. ജീവിതത്തിൽ നാനാതരം പ്രലോഭനങ്ങളും സമ്മർദ്ദങ്ങളും മനുഷ്യന് നേരിടേണ്ടിവരുന്നുണ്ട്. അനുവദിക്കപ്പെട്ടതും തന്റെ മനസ്സു അഭിലഷിക്കുന്നതുമായ അന്നപാനീയങ്ങൾ മുമ്പിൽ കാണുമ്പോഴുണ്ടാകുന്ന പ്രലോഭനങ്ങളെയും

ദൈവത്തിന് വേണ്ടി മാത്രമാണ് മനുഷ്യൻ കീഴ്പ്പെടുത്തുന്നത്. ഭൗതിക വിഭവങ്ങൾ താൽക്കാലികമാണ്. ശാശ്വതമായി നിലനിൽക്കുന്നത് ദൈവഭക്തിയാണെന്ന സന്ദേശം ഇതുവഴി അവനുൾക്കൊള്ളാൻ സാധിക്കുന്നതാണ്. വ്രതാനുഷ്ഠാനത്തിന്റെ അതിപ്രധാനമായ ഉദ്ദേശത്തെക്കുറിച്ച് വി. ഖുർആൻ പ്രഖ്യാപിച്ചത് ഇതുതന്നെയാണ്. "നിങ്ങൾ തഖ്‌വയുള്ളവരായിരിക്കാൻ വേണ്ടി" (2:184) വ്രതം നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന് ഖുർആൻ പറയുന്നു. ദുഃഖമോചനം, പാപമോചനം, ആത്മീയോൽക്കർഷം എന്നീ മൂന്നർത്ഥങ്ങളിൽ 'തഖ്‌വ' എന്ന പദം പ്രയുക്തമായിട്ടുണ്ട്. വ്രതം മേൽപറഞ്ഞ മൂന്ന് ഫലങ്ങളെയും ഉളവാക്കുന്നതാകുന്നു. ഐഹികജീവിതത്തിൽ മനുഷ്യൻ പ്രിയപ്പെടുന്ന ഏഴുതരം ലൗകിക വിഭവങ്ങളെ എണ്ണിപ്പറഞ്ഞതിനുശേഷം വി. ഖുർആൻ പറയുകയാണ്: "പറയുക, ഇവയെക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? 'തഖ്‌വ' കൈക്കൊള്ളുന്നവർക്ക് അവരുടെ നാഥന്റെയടുക്കൽ താഴോരത്തുകൂടി അരുവികളൊഴുകുന്ന ഉദ്യാനങ്ങളുണ്ട്. അതിൽ അവർ നിത്യവാസികളായിരിക്കും...." (3:16). ചുരുക്കത്തിൽ (അനശ്വരമായ) 'തഖ്‌വാ' അഥവാ, ദൈവഭക്തി കൈ വരിക്കുകയാണ് വ്രതത്തിന്റെ ആത്യന്തികലക്ഷ്യം. ജീവിതവിശുദ്ധിക്ക് വ്രതം അവശ്യോപാധിയാണ്. "വിശ്വാസികളേ! നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപ്പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി." (2:184) വ്രതത്തിന്റെ രൂപത്തിൽ മാറ്റമുണ്ടെങ്കിലും പൂർവ്വ മതങ്ങളിൽ കാണപ്പെടുകയും അവരും ആചരിച്ചു വരികയും ചെയ്യുന്ന ഒരു ഉപാസനയാണ് വ്രതം. മനുഷ്യന്റെ ആത്മീയോൽക്കർഷത്തിന് വ്രതാനുഷ്ഠാനം എത്രയും അനുപേക്ഷണീയമാണെന്ന് ഇത് തെളിയിക്കുന്നു. നബി(സ) തിരുമേനി അരുൾ ചെയ്യുന്നു: "സത്യവിശ്വാസത്തോടും പ്രതിഫലേച്ഛയോടുംകൂടി റമസാനിൽ ആരെങ്കിലും വ്രതമനുഷ്ഠിച്ചാൽ, അവന്റെ പൂർവ്വകാലപാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്." (ബുഖാരി, മുസ്‌ലിം)

### സർവ്വതോന്മുഖമായ അഭിവൃദ്ധി

സമൂഹപരമായ ഉന്നമനവും വ്രതാനുഷ്ഠാനത്തിന്റെ മഹത്തായ ലക്ഷ്യങ്ങളിൽപ്പെടുന്നു. അന്നപാനാദികളുടെ നിരാസം, താൻ ആസ്വദിച്ചുകൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങളുടെ വിലയെന്താണെന്നറിയുന്നതിനും ദൈവത്തോട് നന്ദിയുള്ളവനായിരിക്കുന്നതിനും മനുഷ്യനെ പ്രചോദിതനാക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം ഒരിക്കലും ദാരിദ്ര്യം അനുഭവപ്പെട്ടിട്ടില്ലാത്തവർക്ക്, പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന സഹജീവികളുടെ ദുരിതങ്ങൾ അനുഭവിച്ചറിയുന്നതിനും അവരുടെ നേരെ ആർദ്രതയും സഹാനുഭൂതിയും തോന്നുന്നതിനും വ്രതം നിദാനമായിത്തീരുന്നു. അങ്ങനെ ദരിദ്രജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ സ്വമേധയാ മുഴുകുന്നതിനുള്ള പ്രേരണ സമ്പന്നന്മാരിലുണ്ടാകുന്നു. നബി(സ) തിരുമേനി റമസാൻ മാസത്തിൽ സമസൃഷ്ടികളോട് പ്രകടിപ്പിച്ചിരുന്ന സഹാനുഭൂതിയെപ്പറ്റി ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: "നബി(സ) തിരുമേനി മനുഷ്യരിൽ വെച്ച് ഏറ്റവും ദാനധർമ്മങ്ങൾ ചെയ്യുന്ന ആളായിരുന്നു. അദ്ദേഹം ഏറ്റവും കൂടുതൽ ധർമ്മം ചെയ്യാറുള്ളത് റമസാനിലായിരുന്നു. ജിബ്‌രീൽ അദ്ദേഹത്തെ സന്ദർശിക്കുന്ന ഘട്ടത്തിൽ കൊടുങ്കാറ്റിനേക്കാൾ വേഗത്തിൽ അദ്ദേഹം ധർമ്മം ചെയ്യുന്നതായി കണ്ടിരുന്നു." റംസാൻ മാസത്തിന്റെ മഹത്വങ്ങൾ അനാവരണം ചെയ്തുകൊണ്ട് നബി(സ) തിരുമേനി നടത്തിയ ഒരുപദേശപ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി: 'അല്ലയോ ജനങ്ങളേ, മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണിത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐശ്ചികപുണ്യമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമ്മവും ചെയ്ത് ദൈവസാമീപ്യം തേടുന്നവൻ ഇതരമാസങ്ങളിൽ ഒരു നിർബന്ധകർമ്മം അനുഷ്ഠിച്ചവനെപ്പോലെയാണ്. ഈ മാസത്തിൽ ഒരു നിർബന്ധകർമ്മം ചെയ്യുന്നവൻ മറ്റ് ദിവസങ്ങളിൽ എഴുപത് നിർബന്ധകർമ്മങ്ങൾ ചെയ്തവനെ പോലെയാണ്. റമസാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗ്ഗമത്രെ. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർദ്ധനവുണ്ടാകുന്ന മാസവുമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പുതുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലത്തിന്റെ അത്രയും നോമ്പുതുറപ്പിച്ചവനും ലഭിക്കും. ഇതുകേട്ടപ്പോൾ സ്വഹാബാക്കൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ; ഞങ്ങളിൽ എല്ലാവർക്കും നോമ്പുതുറപ്പിക്കാനുള്ള കഴിവില്ലല്ലോ. നബി(സ) തിരുമേനി പറഞ്ഞു: ഒരു കവിൾ പാലോ, ഒരു ചുളകാരക്കയോ ഒരു ഇറക്ക് വെള്ളമോ കൊണ്ട് നോമ്പ് തുറപ്പിക്കുന്നവനും ഈ പ്രതിഫലം കിട്ടുന്നതാണ്. ഒരു നോമ്പുകാരന് വയറ് നിറച്ചു ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽ നിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹമുണ്ടാകുന്നതല്ല, ഈ മാസത്തിന്റെ ആദ്യത്തെ പത്ത് ദൈവകാരുണ്യത്തിന്റെയും മധ്യത്തിലേത് പാപമോചനത്തിന്റെയും അവസാനത്തേത് നരകവിമുക്തിയുടേതുമാണ്. ആരെങ്കിലും റമസാനിൽ തന്റെ അടിമയ്ക്ക് ജോലിയിൽ ഇളവ് നൽകിയാൽ അല്ലാഹു അവന് പൊറുത്തുകൊടുക്കുന്നതും നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതുമാണ്." (ബയ്ഹഖി) വ്രതാനുഷ്ഠാനത്തിന്റെ യഥാർത്ഥ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ഹ. മുസ്‌ലിഹ് മൗഊദ്(റ) ചെയ്ത പ്രഭാഷണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു: "ദാഹവും വിശപ്പും മുഖേന ആരേയും നശിപ്പിക്കുകയല്ല നോമ്പിന്റെ ഉദ്ദേശ്യം. പട്ടിണി മരണത്താൽ സ്വർഗ്ഗം ലഭിക്കുമെങ്കിൽ നിഷേധികളും കപടവിശ്വാസികളുമായവർകൂടി അതിന് വേണ്ടി തയ്യാ

റായിരിക്കുമെന്ന് ഞാൻ കരുതുന്നു. കാരണം ദാഹവും വിശപ്പും മൂലമുള്ള മരണം ഒരു പ്രയാസമുള്ള കാര്യമല്ല. ധാർമ്മികവും ആത്മീയവുമായ പരിവർത്തനമാണ് വാസ്തവത്തിൽ പ്രയാസമുള്ളത്. നിസ്സാരകാര്യങ്ങളിൽ ആളുകൾ വിശപ്പ് സഹിക്കാറുണ്ട്. ജയിലുകളിൽ പോകുമ്പോൾ അവിടെ നിരാഹാരസമരം തുടങ്ങുന്നു. ഏതെങ്കിലുമൊരു കാര്യം അംഗീകരിക്കപ്പെടാതിരുന്നാൽ ഭക്ഷണം ഉപേക്ഷിക്കുന്നത് ബ്രാഹ്മണരിൽ അറിയപ്പെടുന്ന ഒരു തന്ത്രമാണ്. ചുരുക്കത്തിൽ വിശന്നിരിക്കൽ ഒരു വലിയ കാര്യമല്ല. റമദാന്റെ ഉദ്ദേശ്യവും ഇതല്ല. റമദാൻ മാസം ദൈവത്തിന് വേണ്ടി സർവ്വതും ത്യജിക്കാൻ സന്നദ്ധമാകണമെന്നതാണ് അതിന്റെ യഥാർത്ഥ ഉദ്ദേശ്യം. തന്റെ എല്ലാ സ്വാതന്ത്ര്യങ്ങളും ദൈവത്തിനുവേണ്ടി ഉപേക്ഷിക്കൽ ഒരുക്കമാണെന്നതിനുള്ള ബാഹ്യമായ അടയാളമാണ് വിശപ്പുസഹിക്കൽ. അശനപാനങ്ങൾ മനുഷ്യന്റെ അവകാശമാണ്. ഭാര്യാസമ്പർക്കങ്ങളും അവന്റെ അവകാശമാകുന്നു. അതിനാൽ ഒരാൾ അതെല്ലാം ഉപേക്ഷിക്കുമ്പോൾ താൻ ദൈവത്തിന് വേണ്ടി തന്റെ അവകാശങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അനർഹമായവ ഉപേക്ഷിക്കാൻ വളരെ നിസ്സാരകാര്യമാകുന്നു. ഒരു സത്യവിശ്വാസി ആരുടെയും അവകാശത്തെ ഹനിക്കുമെന്ന് കരുതാവതല്ല. സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം അയാൾ ദൈവപ്രീതിക്ക് വേണ്ടി തന്റെ അവകാശത്തെ ത്യജിക്കുന്നതാണെന്ന് മാത്രം കരുതാം. എന്നാൽ റമസാൻ ആഗതമാവുകയും സ്വന്തം അവകാശങ്ങളെങ്ങനെ ത്യജിക്കാനാണ് എന്നു പറഞ്ഞുകൊണ്ടിരിക്കെ, അതു കടന്നുപോകുകയുമാണെങ്കിൽ റമദാനിൽ നിന്ന് നാമൊന്നും നേടിയില്ല എന്നാണ് അതിന്റെ അർത്ഥം. കാരണം ദൈവപ്രീതിക്ക് വേണ്ടി മനുഷ്യൻ തന്റെ അവകാശങ്ങൾ ഉപേക്ഷിക്കേണ്ടതാണെന്ന പ്രഖ്യാപനവുമായാണ് റമദാൻ ആഗതമായതുതന്നെ."
(അൽഫസ്ൽ 30-3-1926).

■

*(8 -ാം പേജിൽ നിന്ന് തുടർച്ച)*

പിക്കുന്ന സമയത്തോടുപമിക്കാവുന്ന സൂര്യനസ്തമിക്കുന്ന സന്ധ്യയാണ്. പിന്നെ അയാൾ ജയിലിലേയ്ക്കയക്കപ്പെടുന്ന സമയം ഇശാനമസ്കാരത്തിന്റെ സമയംപോലെയാണ്. അതിനുശേഷം അയാൾ വിമുക്തനാക്കപ്പെടുന്ന ഫജർ നമസ്കാരസമയം ആഗതമാകുന്നു. അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ, അയാൾ തന്റെ വേദനയും ദുഃഖവും ഓരോ നിമിഷവും വർദ്ധിക്കുന്നതായി കണ്ടെത്തും, പിന്നെ അതയാളുടെ വ്യഥയും അസ്വസ്ഥതയും സ്വാതന്ത്ര്യവും നൽകുന്ന സമയം വരെ അയാളെ എത്തിക്കും.

ഞാൻ മുമ്പ് പ്രസ്താവിച്ചപ്പോലെ നമസ്കാരത്തിലെ നിൽക്കുന്ന അവസ്ഥ, കുനിയൽ, സാഷ്ടാംഗപ്രണാമം, എന്നിവ വിനയപ്രകടനത്തിന്റെ വിവിധ രൂപങ്ങളാണ്. ഒരു മനുഷ്യൻ ആദ്യം നിവർന്നുനിൽക്കുന്നു. പിന്നെ കുറച്ചുകൂടി വിനയപൂർവ്വം കുനിയുന്നു. പിന്നെ പൂർണ്ണമായ വിനയത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു.

ഞാനിപ്പോൾ പറയുന്നത്, ആചാരപരമായ ഒരഭിപ്രായമല്ല. എന്റെ സ്വന്തം അനുഭവമാണിത്. ഓരോ ആൾക്കും ഇത് സ്വയം പരീക്ഷിച്ചറിയാവുന്നതാണ്. ഈ കുറിപ്പ് സദാസമയം ഓർക്കുക. നിങ്ങൾക്ക് ഏതെങ്കിലും വിഷമാവസ്ഥ നേരിടുമ്പോൾ ഇത് പ്രയോജനപ്പെടുത്തുക. നിങ്ങൾക്കെന്തെങ്കിലും പ്രശ്നമോ ബുദ്ധിമുട്ടുകളോ നേരിടുമ്പോൾ ഇത് പ്രയോജനപ്പെടുത്തുക. നിങ്ങൾ ക്കെന്തെങ്കിലും പ്രശ്നമോ ബുദ്ധിമുട്ടുകളോ നേരിടുമ്പോൾ നമസ്കാരത്തിന്നായി നിൽക്കുക. നിങ്ങളുടെ വിഷമങ്ങൾ ദൈവസവിധത്തിൽ വെയ്ക്കുക. അവൻ മനുഷ്യരുടെ എല്ലാ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരിക്കുന്നു. അവനെ വിളിക്കുന്നവന്റെ വിളി അവൻ കേൾക്കുന്നു. നിങ്ങൾക്ക് സഹായിയായി മറ്റാരും തന്നെയില്ല. തങ്ങൾക്ക് എന്തെങ്കിലും വിഷമങ്ങൾ നേരിടുമ്പോൾ വിവരമില്ലാതെ ചിലർ നിയമജ്ഞരുടെ അടുത്തേയ്ക്കും, ഡോക്ടറുടെയും മറ്റും അടുത്തേക്കു ഓടിച്ചെല്ലുന്നു. അവർക്കും വിഷമങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയില്ല. അപ്പോൾ ദൈവത്തിനു ആ കാര്യം വിട്ടുകൊടുക്കുക. മറ്റാരുടേയും അടുക്കലേക്ക് ഓടിപ്പോകുന്നതിന് മുമ്പ് ദൈവത്തിലേക്ക് ഓടിച്ചെല്ലുന്നവനാണ് വിശ്വാസി.

നിങ്ങൾ ദൈവത്തിലേക്ക് തിരിയുന്നില്ലെങ്കിൽ അവനൊരു നഷ്ടവും ഇല്ല എന്ന് ഓർത്തുകൊള്ളുക. അവൻ നിങ്ങളെ ഒട്ടും വിലവെക്കുകയില്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

قُلْ مَا يَعْبَؤُا بِكُمْ رَبِّي
لَوْلَا دُعَاؤُكُمْ

പറയുക, 'നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തു വില വെക്കാനാണ്?'

(വി. ഖുർആൻ 25:78)

അതായത്, അവരോടു പറയുക:

ആത്മാർത്ഥമായ ഹൃദയത്തോടെ നിങ്ങൾ അവനെ ആരാധിക്കുന്നില്ലെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്? അല്ലാഹു ഏറ്റവും കാരുണ്യവാനും കരുണാനിധിയുമാണ്. അതുപോലെത്തന്നെ അവൻ ഏറ്റവും സ്വയംപര്യാപ്തനും ആരെയും ആശ്രയിക്കാത്തവനുമാണ്. ■

(മൽഫൂസാത്ത്, വാല്യം 9 പേജ് 109-113)

(Review of Religions Dec. 2000)

**വിവ: കെ.വി. ഹസ്സൻകോയ**

ലേഖനം

# മഹ്ദി ഇമാമിന്റെ ആവിർഭാവം

## മൗലവി മുഹമ്മദ് യൂസുഫ്

**മുസ്‌ലിം ലോകം നൂറ്റാണ്ടുകളായി കാത്തിരിക്കുന്ന ഇമാം മഹ്ദിയെക്കുറിച്ച് ഖുർആനിലും ഹദീസിലും നിരവധി സൂചനകളുണ്ട്. അതു സംബന്ധിച്ച് വിവിധ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ (കഴിഞ്ഞ ലക്കം തുടർച്ച)**

### സൂര്യചന്ദ്രഗ്രഹണം

മഹ്ദിയുടെ അടയാളമായി സംഭവിക്കുമെന്ന് ഹദീസുകളിൽ പ്രവചനം ചെയ്യപ്പെട്ട ഗ്രഹണങ്ങൾ ഹിജ്റ 1311 (1894) റമസാൻ മാസത്തിൽ നിശ്ചിത രാത്രിയിലും അതേ റമസാനിൽ നിശ്ചിത പകലിലും സംഭവിക്കുകയുണ്ടായി. ഈ അടയാളത്തിന്ന് അവലംബമായ ഹദീസ് ഇപ്രകാരമാണ്.

انَّ لمَهْدِيِّنَا ايَتَيْنِ لَمْ تَكُونَا مُنْذُ خَلْقِ السَّمٰوٰتِ وَالْاَرْضِ يَنْخَسِفُ الْقَمَرُ لِاَوَّلِ لَيْلَةٍ مِنْ رَمَضَانَ وَتَنْكَسِفُ الشَّمْسُ فِى النِّصْفِ مِنْهُ وَلَمْ تَكُونَا مُنْذُ خَلْقِ السَّمٰوٰتِ وَالْاَرْضِ

ഹദീസ്: നമ്മുടെ മഹ്ദിക്ക് രണ്ടു അടയാളങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടതിന് ശേഷം ഇത്തരം അടയാളം ഉണ്ടായിട്ടില്ല. അതായത് റമസാനിൽ ആദ്യരാവിൽ ചന്ദ്രഗ്രഹണവും (ചന്ദ്രഗ്രഹണം സംഭവിക്കാവുന്ന രാവുകളിലെ ആദ്യരാത്രി) റമസാനിലെ മദ്ധ്യ ദിനത്തിൽ സൂര്യഗ്രഹണവും (സൂര്യഗ്രഹണം സംഭവിക്കാവുന്ന ദിനങ്ങളിലെ മദ്ധ്യ ദിനം) ഉണ്ടാവുന്നതാണ്. (സുനൻ ദാറുഖുത്നി വാല്യം 1 പുറം 188).

(1) 1984-ലെ മലയാള പഞ്ചാംഗം, (2) 1984ലെ വാന നിരീക്ഷണ റിപ്പോർട്ട് (3) എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്ക എന്നീ രേഖകൾ നോക്കുക.

പ്രസ്തുത സൂര്യചന്ദ്രഗ്രഹണം സംഭവിച്ചതായി 'അൽ മഹ്ദി ഫിൽ ഇസ്‌ലാം' എന്ന കിതാബിൽ ഈജിപ്തിലെ മൗലാനാ സഅ്ദ് മുഹമ്മദ് ഹുസൈൻ 1953-ൽ എഴുതിയിരിക്കുന്നു. ചന്ദ്രസൂര്യഗ്രഹണം ഹിജ്റ 1311 (1894)ൽ ഒരേ റമസാനിൽ സംഭവിച്ചു. മഹ്ദിയുടെ അടയാളമായി നബി(സ) പറഞ്ഞതായ സൂര്യചന്ദ്രഗ്രഹണം ഉണ്ടാകുമെന്നു കക്കാട് മുഹമ്മദ് ഫൈസി എഴുതി പ്രസിദ്ധീകരിച്ച 'ഇമാം മഹ്ദിയുടെ ആഗമം' (2003 ജൂൺ) എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (പേജ് 155, 156)

### മുസ്‌ലിം ഉലമാക്കന്മാരും ഇമാം മഹ്ദിയും

മുകളിൽ എഴുതിയ സൂറത്തുൽ ജുമായിലെ ആയത്തിന്റെയും അതിന്ന് നബി(സ) നൽകിയ വ്യാഖ്യാനത്തിന്റെയും കൂടാതെ 50 ഹദീസുകളുടേയും അടിസ്ഥാനത്തിൽ 'മഹ്ദി' എന്ന ഗുണനാമത്തിൽ ഇസ്‌ലാമിന്റെ പുനരുദ്ധാരകനായ ഒരാൾ വരുമെന്ന പ്രതീക്ഷയിൽത്തന്നെയാണ് മുസ്‌ലിം ലോകം.

ഹിജ്റ 1400-ലാണ് മഹ്ദി ഇമാം ആഗതനാകുകയെന്ന് അവരുടെ പല കിത്താബുകളിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

**(1) അൽയവാഖീത്തുവൽ ജവാഹിർ - ഇമാം അബ്ദുൽ വഹ്ഹാബുശ്ശിഅ്റാനി: (റഹ്മത്തുല്ലാഹി)** തന്റെ 'അൽ യ വാഖിത്ത് വൽ ജവാഹിർ' എന്ന ഗ്രന്ഥത്തിൽ 1ാം പതിപ്പ് 27ാം പേജിൽ ''മഹ്ദി ഇമാമിന്റെ ജനനം ഹിജ്റ 1255 ശഅ്ബാൻ മാസം 15ാം തീയതി രാത്രിയിലായിരിക്കും" എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

**(2) താജുൽ ഇസ്‌ലാം - വിവർത്തകൻ: കെ.എം. അബ്ദുൽ ഖാദിർ മൗലവി**

പ്രസ്തുത ഗ്രന്ഥത്തിന്റെ ഭാഗങ്ങൾ മലയാളഭാഷയിൽ വിവർത്തനം ചെയ്തുകൊണ്ട്, 'താജുൽ ഇസ്‌ലാം' എന്ന പേരിൽ കെ.എം. അബ്ദുൽ ഖാദിർ മൗലവി (കാരാഴിക്കോണം, ആയൂർ, കൊല്ലം) ഹിജ്റ 1375-ൽ എഴുതിയ മലയാള

പുസ്തകത്തിൽ 131ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

"ഹിജ്റ 1255 ശഅ്ബാൻ മാസം 15-ാം തീയതി രാത്രിയിൽ ഇമാം മഹ്ദി ഭൂജാതനായിരിക്കുന്നു. ഇതെഴുതുമ്പോൾ (50 കൊല്ലം മുമ്പ്) മഹ്ദി ഇമാമിന് 120 വയസ്സ് പ്രായമായിട്ടുണ്ട്" (പുസ്തകം താജുൽ ഇസ്‌ലാം പേ. 131).

**(3) അന്നജ്മുസ്സാഖിബ് - മൗലാനാ അക്രം അലി മുൻഷി**

നബി(സ) തിരുമേനിയുടെ ഒരു തിരുവചനം 'അന്നജ്മുസ്സാഖിബ്' എന്ന ഗ്രന്ഥത്തിൽ തൽ കർത്താവ് മൗലാനാ അക്രം അലി മുൻഷി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

'ആയിരത്തി ഇരുന്നൂറ്റി നാല്പ്ത് കഴിഞ്ഞാൽ അല്ലാഹു മഹ്ദിയെ നിയോഗിക്കും.' (ഹദീസ് കിത്താബ് അന്നജ്മുസ്സാഖിബ്).

ഇമാം അബ്ദുൽ വഹ്ഹാബുശ്ശഅ്റാനി എഴുതിയതും കെ.എം. അബ്ദുൽ ഖാദിർ മൗലവി ഭാഷാന്തരം ചെയ്തതും അന്നജ്മുസ്സാഖിബിൽ വന്ന ഹദീസും വൈരുദ്ധ്യമല്ല. നബി(സ) തിരുമേനിയുടെ നുബുവ്വത്ത് മുതലാണ് ഹദീസിലെ പ്രതിപാദ്യം അതായത് 1253 എന്നു മനസ്സിലാക്കാം. ഹസ്റത്ത് ഇമാം മഹ്ദി ജനിച്ചത് ഹിജ്റ 1250ലാണല്ലോ. 1290ൽ അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചു. ഹിജ്റ 1326ൽ വഫാത്തായി. ഈ വിഷയത്തെ ഒന്നുകൂടി വിശദീകരിച്ചുകൊണ്ട് അറബ് മലയാളം, മലയാളം കിത്താബുകളിൽ ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

**(4). ഫൈദുൽ ഫയ്യാദ് - അല്ലാമാ ശുജാഇ മൊയ്തു മുസല്ല്യാർ**

'കിത്താബ്' ഫൈദുൽ ഫയ്യാദിൽ തൽകർത്താവായ പൊന്നാനിയിലെ അല്ലാമാ മർഹൂം ശുജാഇ മൊയ്തു മുസല്ല്യാർ ഹിജ്റ 1303-ൽ രചിച്ച അറബി മലയാള കിത്താബിന്റെ പുതിയ പതിപ്പ് 105ാം പേജിൽ ഇപ്രകാരം കാണാം.

"തങ്ങളുടെ ഹിജ്റ മുതൽ 13-ാം ഖർന് സംബന്ധിച്ച ഖിയാമത്തിന്റെ മുഖ്യ അടയാളങ്ങളിൽപ്പെട്ട മഹ്ദി ഇമാം തങ്ങളുടെ വെളിപ്പെടൽ ഉണ്ടാകുമെന്ന് ഉലമാക്കൾ പറഞ്ഞിട്ടുണ്ട്.

"13ാം ഖർന് 1300-ാം കൊല്ലമാണ്. നൂറ് കൊല്ലത്തിന് ഒരു ഖർനാണ്. ഈ മൂന്നൂറും മൂന്നു കൊല്ലം അധികവും കഴിഞ്ഞു.... (മഹ്ദി ഇമാം വെളിപ്പെടുന്നതിന്) ഇനി ദീർഘകാലം ഉണ്ടായിരിക്കുകയില്ലെന്ന് പലതാലും തീർച്ചപ്പെട്ടിരിക്കുന്നു." (ഫൈദുൽ ഫയ്യാദ് പേ: 105) ഹിജ്റ 1303-ൽ എഴുതിയതും 1304ൽ അച്ചടിച്ചതുമായ പ്രസ്തുത അറബി മലയാള ഗ്രന്ഥം പ്രസിദ്ധീകരിക്കുമ്പോൾ മഹ്ദി ഇമാം തന്റെ നിയോഗം പ്രസിദ്ധം ചെയ്തിരുന്നു. പക്ഷേ, കേരളത്തിൽ എത്താത്തതിനാൽ മർഹൂമിന് അക്കാര്യം അറിയാൻ സാധിച്ചില്ല.

**(5) ആമിനാ ബുക് സ്റ്റാൾ മൂന്നാം പതിപ്പായി പ്രസിദ്ധീകരിക്കുന്ന 'താരീഖുൽ ഇസ്‌ലാം' അഥവാ 'ഇസ്‌ലാം സമ്പൂർണ്ണ ചരിത്രം' എന്ന പുസ്തകം താഴെ കൊടുത്ത നാല് പണ്ഡിതന്മാർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാണ്.**

1- ഹാജി കെ.ബി. അബൂബക്കർ. 2. ഒ. അബു. 3. അബ്ദുർ റശീദ് മൗലവി. 4. കെ. അബ്ദുർ റഹ്മാൻ എം.എ. എം.എഫ്.ബി. അഫ്സലുൽ ഉലമ. അതിൽ 221-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

" മുസ്‌ലിംകൾ ഇസ്‌ലാമിൽ നിന്നു വ്യതിചലിച്ചു തുടങ്ങുകയും മഹ്ദി ഇമാം വെളിപ്പെടുകയും ചെയ്യും. ആയിരത്തി മൂന്നൂറിനും ആയിരത്തി നാനൂറിനുമിടക്കാണ് മഹ്ദിയുടെ ആഗമനമുണ്ടാകുകയെന്ന് പല പണ്ഡിതന്മാരും പ്രസ്താവിച്ചിട്ടുണ്ട്"

**(6) 'അശ്റാത്തുസ്സാഅ: അഥവാ അന്ത്യദിനത്തിന്റെ ഭീകരത' എന്ന പുസ്തകത്തിൽ തൽകർത്താവായ പി. എം. അബ്ദുൽ അസീസ് മുസല്ല്യാർ (അവതാരിക ഇ. കെ. ഹസ്സൻ മുസല്ല്യാർ) "ഇമാം മഹ്ദി" എന്ന അദ്ധ്യായത്തിൽ** "എന്റെ സമുദായം അന്ത്യനാളിൽ വളരെ ദുഷിക്കുമെന്നും അപ്പോൾ എന്റെ സമുദായത്തെ ഉദ്ധരിക്കുന്നതിന്നായി എന്റെ കുടുംബത്തിൽ നിന്നും ഒരു പുരുഷനെ അയക്കുമെന്നും, അവരുടെ പ്രവർത്തനം അന്നുള്ള ജനങ്ങൾക്ക് ക്ഷേമവും ഐശ്വര്യവും പ്രദാനം ചെയ്യുമെന്നും... നബി(സ:അ) പറഞ്ഞിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു.(പേജ് 7).

"ആരെങ്കിലും ഒരാൾ ദജ്ജാലിന്റെ വരവിനെ നിഷേധിച്ചാൽ അവൻ കാഫിറാകുന്നതാണ്. അപ്രകാരം തന്നെ ഒരാൾ മുഹമ്മദുൽ മഹ്ദിയുടെ (റ:അ) വരവിനെ നിഷേധിച്ചാൽ അവനും കാഫിറാകുന്നതാണ്."

**(7)** ഇമാം മഹ്ദി പുറപ്പെടുന്ന 27 അടയാളങ്ങളിൽ 27-ാമത്തെ അടയാളമായ സുന്നി ടൈംസിൽ വന്ന 'പരിശുദ്ധ ഹറമിൽ റുക്കനുൽ അസ്‌വദിന്റെയും ഇബ്രാഹീം മഖാമിന്റേയും ഇടയിൽ വെച്ച് രക്തച്ചൊരിച്ചിലുണ്ടാകുമെന്ന' പ്രവചനം ഹിജ്റ 1400ാം കൊല്ലം മുഹറ മാസം 1ാം തീയതി ചൊവ്വാഴ്ച സുബഹി മുതൽ 17 ദിവസം സംഭവിച്ചു. (ഇറാൻകാരായ അക്രമികളിൽ അവരുടെ വാദപ്രകാരം റസൂൽ (സ) തിരുമേനിയുടെ സന്താനപരമ്പരയിൽപെട്ട അംഗവുമുണ്ടായിരിക്കാം.) ഈ അടയാളത്തിലെ പ്രസ്ക്ത കാര്യം ജനങ്ങൾക്ക് നിർഭയമാക്കിയിരിക്കുന്ന അതിപ്രധാനമായ (2 റക്കഅത്ത് നമസ്കരിക്കുന്ന) ഈ സ്ഥലത്ത് രക്തച്ചൊരിച്ചിലുണ്ടാകുമെന്നാണ്. ആയത് 14-ാം നൂറ്റാണ്ടിൽത്തന്നെയുണ്ടായി.

**(8) അന്നസിം മാസിക**

ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ മുഖപത്രമായ 'അന്നസീം' മാസിക 1968 ഒക്ടോബർ ലക്കം 12ൽ അബൂമൂസാ കളമശ്ശേരി എഴുതുന്നു. ''മഹ്ദി ഇമാം പുറപ്പെടുന്ന 61-ാമത്തെ അടയാളം ബഹുമാനപ്പെട്ടവരുടെ കാലത്ത് ഒരു വാൽനക്ഷത്രം പ്രത്യക്ഷപ്പെടും എന്നതാണ്. ഈ നക്ഷത്രത്തിന് പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു വാൽ ഉണ്ടായിരി

ക്കും.... ഹിജ്റ 1299ാം വർഷത്തിൽ ഇപ്രകാരം ഒരു നക്ഷത്രം പ്രത്യക്ഷപ്പെടുകയും അത് 6 മാസക്കാലം നിലകൊള്ളുകയും ചെയ്തു... 62ാമത്തെ അടയാളം ജനങ്ങളിൽ അജ്ഞത പ്രത്യക്ഷപ്പെടുക എന്നുള്ളതാണ്. നബി(സ) ഇക്കാര്യം പറഞ്ഞിരിക്കുന്നു. എന്നാൽ മേൽ പ്രസ്താവിക്കപ്പെട്ട തിരുവചനത്തെ മുമ്പിൽ വെച്ചു ചിന്തിക്കുമ്പോൾ ആ കാലഘട്ടം ഇത് തന്നെയെന്നാണ് മനസ്സിലാകുന്നത്".

**(9) പ്രബോധനം**

1980 മാർച്ച് മാസം പ്രബോധനം മാസിക 53-ാം പേജിൽ 'മഹ്ദി ഒരു നവോത്ഥാന നായകൻ' എന്ന തലക്കെട്ടിൽ മൗദൂദി സാഹിബിന്റെ ലേഖനം 'തജ്ദീദെ വഇഹ്യായെ ദീൻ' എന്ന പുസ്തകത്തിൽ നിന്നും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചതിന്റെ അതിപ്രസക്തമായ ഭാഗങ്ങൾ ഇപ്രകാരമാണ്:

"എന്നാൽ ഇവ്വിഷയകമായി പഠനം നടത്തിയേടത്തോളം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.... എന്റെ വീക്ഷണത്തിൽ ഏറ്റവും ആധുനികനായ ഒരു നേതാവായിരിക്കും വരാനുള്ള മഹ്ദി. ആനുകാലിക വൈജ്ഞാനികശാഖകളിലും ശാസ്ത്രകലകളിലും ജീവിത പ്രശ്നങ്ങളിലും അദ്ദേഹത്തിന് അസാധാരണമായ അവഗാഹമുണ്ടായിരിക്കും... മുഴുലോകത്തെയും അത്ഭുതപ്പെടുത്തുന്നതായിരിക്കും അദ്ദേഹത്തിന്റെ തന്ത്രജ്ഞതയും സാമർത്ഥ്യവും. താൻ ആധുനികരിൽ ആധുനികനാണെന്ന് അവ മുഖേന അദ്ദേഹം ഈ ലോകത്തിനു തെളിയിച്ചുകൊടുക്കും. പക്ഷെ ഈ നേതാവിന്നെതിരിൽ ആദ്യം ബഹുജനങ്ങളെ ഇളക്കിവിടുന്നതും പ്രക്ഷോഭം കൂട്ടുന്നതും ഉലമാക്കളും സൂഫികളുമായിരിക്കുമെന്നു ന്യായമായും ഞാൻ ഭയപ്പെടുന്നു.....

.... "ഹദീസുകളിൽ സൂചിപ്പിച്ചതുപോലെ ഖിലാഫത്ത് വ്യവസ്ഥയുടെ പുനഃസ്ഥാപനം ഉണ്ടാകും.... ലക്ഷ്യപ്രാപ്തിക്ക് വേണ്ടി ഇമാം രൂക്ഷമായ സമരം നടത്തേണ്ടി വരും.... അദ്ദേഹം പരിശുദ്ധ ദീനുൽ ഇസ്‌ലാമിനെ ആധാരമാക്കി ഒരു പുതിയ ചിന്താസരണി വെട്ടിത്തെളിയിക്കും.... അജ്ഞന്മാർ തങ്ങളുടെ സർവ്വശക്തിയും സംഭരിച്ചു അദ്ദേഹത്തെ അടിച്ചമർത്താൻ ശ്രമിക്കാതിരിക്കുകയില്ല. പക്ഷേ, അവസാനം അദ്ദേഹം വിജയിക്കുകയും സുഭദ്രമായ ഒരിസ്‌ലാമിക സമൂഹം സ്ഥാപിക്കുകയും ചെയ്യും.... അവസാനം ഈ ലോകത്ത് വിജയിക്കുന്നത് ഇസ്‌ലാം തന്നെയായിരിക്കും.... അത്തരം വിപ്ലവകരവും വ്യാപകവും സുശക്തവുമായ നേതൃത്വം നൽകുന്ന ഒരു നായകന്റെ ആഗമനത്തിൽ സംശയിക്കുന്നവരുടെ സാമാന്യബോധമില്ലായ്മ വിചിത്രം തന്നെ... നന്മയുടേതുമാത്രമായ ഒരു നേതൃത്വത്തിന്റെ ആഗമനം അത്ര വിദൂരവും അനിശ്ചിതവുമായി കാണുന്നതെന്തിന്?" (പ്രബോധനം 1980 മാർച്ച്).

**ഇമാം മഹ്ദി ആഗമനം മിഥ്യയോ?**

..... ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ചു ഈയ്യിടെയായി ചില കേന്ദ്രങ്ങളിൽ നിന്നുയർന്നുവന്ന ജല്പനങ്ങൾ ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമത്രെ. മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വീക്ഷണം പ്രമാണങ്ങൾ അടിസ്ഥാനമാക്കിയുള്ളതും മുസ്‌ലിം ലോകം അംഗീകരിച്ചതുമാണ്... അബദ്ധജടിലമായ വീക്ഷണം വെച്ചുപുലർത്തുന്നവർക്കാണ് മഹ്ദിയുടെ ആഗമനം തീരെ ദഹിക്കാതിരിക്കുന്നത്.

....... ഇത്തരത്തിലുള്ള വിലയിരുത്തലുകൾ അതു നടത്തിയവരുടെ അജ്ഞതയായേ കണക്കാക്കാനാവൂ. മഹ്ദിയുടെ ആഗമനത്തെ സൂചിപ്പിക്കുന്ന വിശ്വാസയോഗ്യമായ തെളിവുകൾ ധാരാളമുണ്ട്. ''അദ്ദേഹം അന്ത്യദിനത്തിലുള്ള ഒരു അറിവ് (അടയാളം) തന്നെയാണ്." അതിനാൽ നിങ്ങൾ അതിനെപ്പറ്റി തീരെ സംശയിക്കരുത്. (ഖുർആൻ 43:61). ഈ ആയത്ത് അവതരിച്ചത് ഇമാം മഹ്ദിയെ കുറിച്ചാണെന്ന് പ്രബല ഖുർആൻ വ്യാഖ്യാതാവായ മുഖാതിൽ ഇബ്നുസുലൈമാൻ (റ) വിശദീകരിച്ചിട്ടുണ്ട്. (അസ്സവാഇഖുൽ മുഹ്രിഖ. ഇമാം ഇബ്നുൽ ഹജർ പേ.96)

..... വിശ്വാസയോഗ്യമായ ധാരാളം ഹദീസുകൾ സ്ഥിരപ്പെട്ടിട്ടുണ്ട്. നിശ്ചയം, മഹ്ദി(റ) ഈ സമുദായത്തിൽപ്പെട്ടയാളാണ്. ഇവിടെ ഇമാമെന്ന് പ്രയോഗിച്ചത് ഇമാം മഹ്ദിയെക്കുറിച്ചാണ്..... എന്റെ സമുദായത്തിൽ മഹ്ദി പുറപ്പെടും.... അപ്പോൾ അദ്ദേഹത്തിന്റെയടുക്കൽ ഒരാൾ വന്നു പറയും. 'മഹ്ദീ' എനിക്ക് ദാനം നൽകൂ. മഹ്ദി അയാൾക്ക് വഹിക്കുവാൻ കഴിയുമാറ് വാരിക്കൊടുക്കും. (ഇമാം മഹ്ദി, 'രിസാല' മാസിക 1999 ആഗസ്റ്റ്.പേജ് 6-7).

**(10) ഹുജജുൽ കിറാമാ - നവാബ് സിദ്ധീക്ക് ഹസൻഖാൻ**

അഹ്ലെ ഹദീസ് (മുജാഹിദ്) പണ്ഡിതനായ അശൈഖ് നവാബ് സിദ്ധീഖ് ഹസൻ ഖാൻ സാഹിബ് തന്റെ 'ഹുജജുൽ കിറാമാ' എന്ന ഗ്രന്ഥത്തിലും 'അൽഇദാഅ' എന്ന ഗ്രന്ഥത്തിലും 'മഹ്ദി' സംബന്ധമായി അനേകം ഹദീസുകളുടെ വെളിച്ചത്തിൽ ഹിജ്റ 14ാം നൂറ്റാണ്ടിൽ നിയോഗിക്കപ്പെടും എന്നെഴുതിയിരിക്കുന്നു. (ഹുജജുൽ കിറാമ പേജ് 139).

**(11) 'മഹ്ദി എന്ന മിഥ്യ'**

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ (റ) മഹ്ദിയുടെ പുറപ്പാടിനെ ശരിവച്ചിട്ടുണ്ട്. മഹ്ദിയെക്കുറിച്ചു പ്രസ്താവിക്കുന്ന 7 ഹദീസുകൾ അബൂദാവൂദ് റിപ്പോർട്ട് ചെയ്തത് സ്ഥിരീകരിച്ചുകൊണ്ടുള്ള ശൈഖുൽ ഇസ് ലാമിന്റെ പ്രസ്താവനയുണ്ട്. (മഹ്ദി എന്ന മിഥ്യ പേ. 3,4)

.... ചിലർ മഹ്ദിയിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പുറപ്പാട് അംഗീകരിക്കുകയും അത് നിഷേധിക്കുന്നവരെ അപലപിക്കുകയും ചെയ്യുന്നു. ('മഹ്ദി എന്ന മിഥ്യ' പേജ്:12)

.... അല്ലാമ ഇബ്നു കസീർ തന്റെ 'നിഹായ' എന്ന കിത്താബിൽ ഖലീഫ എന്നാണ് മഹ്ദിയെ വിളിച്ചിരിക്കുന്നത്" (പേജ് 28).

**മഹ്ദിയും ഈസബ്നു മറിയമും ഒരാൾ**

"ഈസബ്നു മറിയമായിരിക്കും എനിക്ക് ശേഷം മഹ്ദി (ഹദീസ്) (പേ: 4.) ലൽ മഹ്ദീ ഇല്ലാ ഈസാ (മഹ്ദിയും

ഈസയും ഒരാളാണ്) (ഹദീസ്)

ഇക്കാലത്ത് ജീവിക്കുന്നവർ മണ്ണിൽ മുട്ടുകുത്തിയിഴഞ്ഞെങ്കിലും അവരുടെ അടുത്തുചെല്ലട്ടെ." (പേജ് 44)

... മഹ്ദിയെക്കുറിച്ചു ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്. ചിലതിന്റെ നിവേദനപരമ്പര പ്രബലമാണെന്നഭിപ്രായപെടുന്നുമുണ്ട്. (പേ 4).

**(12) ഇസ്ലാം വിശ്വാസദർശനം - നദ്‌വത്തുൽ മുജാഹിദീൻ**

കേരള നദ്‌വത്തുൽ മുജാഹിദീൻ യുവത ബുക്ക് ഹൗസിൽ നിന്നും പ്രസിദ്ധീകരിച്ച 'ഇസ്ലാം വിശ്വാസ ദർശനം' ഒന്നാം വാല്യം 1323ാം പേജിൽ 'മഹ്ദി എന്ന വ്യക്തി വരുമെന്നു സൂചിപ്പിക്കുന്ന ഹദീസുകൾ നിരവധിയാണ്. അവകൾ "സഹീഹും ഹനും.... മുത്തവാത്തിറിന്റെ പരിധിയോളമെത്തും".......

''ഈ വിഷയകമായി എല്ലാം കൂടി 50 ഹദീസുകളുണ്ടെന്ന് പറയുന്നു. കൂടാതെ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ,.... ജലാലുദ്ദീൻ സുയൂത്തി, മുല്ലാ അലിയ്യുൽ ഖാരി.... അല്ലാമ സിദ്ധീഖ് ഹസൻഖാൻ തുടങ്ങി നിരവധി മഹാന്മാർ ഈ വിഷയത്തെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്. അവരിൽ പലരും ഇതു സംബന്ധമായ സ്വതന്ത്ര കൃതികളും രചിച്ചിരിക്കുന്നു. അവരൊന്നും മഹ്ദി ഹദീസുകളെ മുഴുവനായും തള്ളിയിട്ടില്ല." (ഇസ്ലാം വിശ്വാസദർശനം യുവത പേജ് 1323)

**(13). അബുൽ അഅ്‌ലാമൗദൂദി സാഹിബ്**

മഹ്ദി ഹദീസുകൾ.... ഈ വസ്തുതകളെല്ലാം വീക്ഷിക്കുമ്പോൾ നമുക്കെത്തിച്ചേരാൻ കഴിയുന്ന നിഗമനം ഇതാണ്. ഒരു മഹ്ദിയുടെ ആഗമനം കുറിക്കുന്ന പ്രവചനങ്ങളെന്ന നിലയിൽ ഈ ഹദീസുകളെല്ലാം ആധികാരികങ്ങളാകുന്നു. (പ്രബോധനം 1980 മാർച്ച്).

''മഹ്ദിയുടെ ആഗമനം സൂചിപ്പിക്കുന്ന ഹദീസുകൾ അനേകമുണ്ട്. ധാരാളം പണ്ഡിതന്മാർ അത് മുതവാത്തറാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.... ഈ അടിസ്ഥാനത്തിൽ മഹ്ദിയുടെ ആഗമനത്തെ നിഷേധിക്കുന്നതും മഹ്ദി ഹദീസുകളെ സംശയിക്കുന്നതും ഗുരുതരമായ പ്രശ്നങ്ങളായി ഗണിക്കേണ്ടതാണ്." (പ്രബോധനം 1980 മാർച്ച്.)

കാലാവസാനത്തിൽ മുസ്ലിം സമുദായത്തെ ഉദ്ധരിക്കുന്നതിന്നായി മഹ്ദി എന്ന പേരിൽ ഒരു മഹാപുരുഷൻ ആഗതനാവാനിരിക്കുന്നു എന്ന വിശ്വാസം ആദികാലം മുതലേ ഭൂരിപക്ഷ മുസ്ലിംകളും പുലർത്തിപ്പോന്നിട്ടുള്ളതാണ്.

മഹ്ദി വിശ്വാസം അഹ്‌ലുസ്സുന്നത്തിന്റെ അഖീദയാണെന്ന് വാദിച്ചുകൊണ്ട് മദീനാ യൂണിവേഴ്സിറ്റിയിലെ ഒരു പണ്ഡിതനായ ശൈഖ് അബ്ദുൽ മുഹ്സിൻ രചിച്ച പ്രബന്ധം ശ്രദ്ധേയമാണ്. (പ്രബോധനം 1980 മാർച്ച് പേജ് 1-13).

**14. "ഇമാം മഹ്ദിയുടെ ആഗമം" - കക്കാട് മുഹമ്മദ് ഫൈസി പ്രസിദ്ധീകരിച്ച പുസ്തകം.**

"ലോകാവസാനത്തിന്റെ ദൃഷ്ടാന്തങ്ങളിൽ ഉൾപ്പെടുത്തി തിരുനബി (സ) പ്രസ്താവിച്ച ഒരു പ്രധാന അടയാളമാണ് ഇമാം മഹ്ദിയുടെ ആഗമനം"..... ഈസബ്നു മറിയം (അ) പുനരാഗമനം ചെയ്യുന്നത് മറ്റൊരടയാളമാണ്... അദ്ദേഹം മുസ്ലിം ഉമ്മത്തിന് പൂർവ്വകാല പ്രതാപങ്ങൾ നേടിത്തരുന്നതുമാണ്. അദ്ദേഹമാണ് ഇമാം മഹ്ദി അലൈഹിസ്സലാം.... ഒരു രാത്രിയിലെ പ്രത്യേകസന്ദർഭത്തിൽ അല്ലാഹു സവിശേഷമായ നവോത്ഥാന സിദ്ധി നൽകി തെരഞ്ഞെടുക്കുന്ന നിയോഗപുരുഷനുമായിരിക്കും.

സഗൗരവം പഠിക്കുവാനും വിലയിരുത്തുവാനും ചിന്തിക്കുവാനുമുള്ള സംഗതിയാണ് ഇമാം മഹ്ദി വിഷയം. ഖുർആനും സുന്നത്തും നിരവധി പ്രസ്താവനകൾ ഇവ്വിഷയകമായി നടത്തിയിരിക്കുന്നു. സ്വീകാര്യമായ ഹദീസ് സമാഹാരങ്ങളിലെല്ലാം നിരവധി അദ്ധ്യായങ്ങൾ വിഷയസംബന്ധമായി ചർച്ച ചെയ്യുന്നുണ്ട്.

ഇമാം മഹ്ദിയും ഈസാ മസീഹുമെല്ലാം ഏത് കാലത്ത് എപ്പോൾ വരുമെന്ന് നമുക്കറിഞ്ഞുകൂടാ..... ഇമാം മഹ്ദിയും ഈസാ മസീഹും മസീഹു ദജ്ജാലുമെല്ലാം ഒരു കാലത്ത് പ്രത്യക്ഷപ്പെടും എന്നത് ഉറപ്പുള്ള സത്യവും പ്രമാണങ്ങളാൽ ശരിവയ്ക്കപ്പെട്ടതുമാണ്.... വളരെ അടുത്ത് തന്നെ സംഭവിക്കുന്നതാണെന്ന രീതിയിലാണ് ഖുർആനും സുന്നത്തും സംസാരിച്ചത്... ഈസാനബി(അ) അവസാന കാലത്ത് രംഗത്ത് വരുമ്പോൾ അക്കാലത്ത് ജീവിക്കുന്ന മുസ്ലിംകളോട് തിരുനബി(സ)യുടെ സ്നേഹം നിറഞ്ഞ സലാം അദ്ദേഹത്തോട് പറയണം എന്നുവരെ അവിടുന്ന് വസിയ്യത്ത് ചെയ്യുകയുണ്ടായി.

..... എന്നാൽ ലോകാവസാനം അടുത്തകാലത്തൊന്നും സംഭവിക്കാനുള്ളതല്ല എന്ന ശൈലിയാണ് മറ്റു ചിലർ പിന്തുടരുന്നത്. ഏതു ദൃഷ്ടാന്തങ്ങൾ പുലരുന്നതും അത്തരക്കാരെ കണ്ണു തുറപ്പിക്കുന്നില്ല.

..... ഖുർആനെയും സുന്നത്തിനെയുമാണ് മുസ് ലിംകൾ ആധാരമാക്കേണ്ടത്. അവയെ തിരസ്കരിച്ചുകൊണ്ടുള്ള ഏതു ചിന്തയും നിരർത്ഥകമാണ്... ഖുർആൻ പറയുന്നത് ശ്രദ്ധിക്കൂ. തീർച്ചയായും അവർ അതിനെ (അന്ത്യനാളിനെ) വളരെ വിദൂരമായി കാണുന്നു. നാമാകട്ടെ (അന്ത്യനാളിനെ) വളരെ അടുത്തായിട്ടാണ് കാണുന്നത് (70:6, 7).

.... സുപ്രധാനമായ അടയാളങ്ങളിലൊന്നാണ് ഇമാം മഹ്ദിയുടെ ആഗമനം

..... വളരെ വലിയ പ്രാധാന്യത്തോടെയാണ് സത്യ തിരുനബി(സ) ഇവയെക്കുറിച്ചെല്ലാം ഉൽബോധനം നടത്തിയത്.... ''ഞാൻ ഇതിനെക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾ ഇതു ചിന്തിച്ച് ഗ്രഹിക്കുവാനും ഇതിന്റെ പാഠം ഉൾക്കൊള്ളുവാനും..... നിങ്ങളുടെ പിൻതലമുറയോട് നിങ്ങളിത് പറഞ്ഞുകൊടുക്കുകയും വേണം. ഇതുകേട്ട ആൾ മറ്റാളുകൾക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്." (ഹദീസ്) - (ഇമാം മഹ്ദിയുടെ ആഗമം - ആമുഖം). ■

(അവസാനിച്ചു)

ലേഖനം

# മൊബൈൽ, ഇന്റർനെറ്റ്, വെബ് അനുഗ്രഹവും ഭീഷണിയും

ഫസൽ അഹ്മദ്

**ലോകത്തെ മുഴുവൻ വിവര വിനിമയ സാങ്കേതികവിദ്യ വലയം ചെയ്തു കഴിഞ്ഞു. യാതൊരു നിയന്ത്രണങ്ങളുമില്ലാതെ ഈ ഇലക്ട്രോണിക് മാധ്യമത്തിലൂടെ ഒഴുകിയെത്തുന്ന വിഭവങ്ങൾ വിവേചനബോധമില്ലാതെ ഉപയോഗിച്ചാൽ യുവതലമുറയെ അത് മാരകമായി ബാധിക്കും.**

വിവര വിനിമയ രംഗത്തും ഗതാഗതരംഗത്തും കഴിഞ്ഞ നൂറ്റാണ്ട് സുദീർഘമായ കാൽവെപ്പുകൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. ഗതാഗതത്തിന്റെ ആവശ്യം വർദ്ധിച്ചതോടുകൂടി വിവരവിനിമയത്തിന്റെ ആവശ്യകതയും വർദ്ധിച്ചു. എത്തിയ സ്ഥലത്തുനിന്നും തങ്ങളുടെ പ്രിയപ്പെട്ടവർക്കും സഹപ്രവർത്തകർക്കും പരസ്പരം ബന്ധപ്പെടൽ കൂടുതൽ ആവശ്യമായി വന്നു.

വികസിത രാജ്യങ്ങൾ വിവര വിനിമയത്തിന്നുള്ള അടിസ്ഥാന ഘടനാ സംവിധാനം അതിവേഗം വികസിപ്പിച്ചെടുക്കുകയുണ്ടായി. അതിനു പിറകെ വികസ്വര രാജ്യങ്ങളും ഈ വഴിക്കു തന്നെ നീങ്ങി. ശബ്ദവിനിമയരംഗത്തുണ്ടായ ഈ കുതിച്ചുചാട്ടം നമ്മുടെ ജീവിതത്തിൽ ആകപ്പാടെ ഒരു വിപ്ലവം സൃഷ്ടിച്ചിരിക്കുന്നു. ഈയടുത്തകാലത്തായി ഇന്റർനെറ്റും മൊബൈൽ കമ്യൂണിക്കേഷനും, വരുത്തിയ സ്വാധീനം വമ്പിച്ചതാണ്.

## ഇന്റർനെറ്റ്

ഇന്റർനെറ്റ് അഥവാ വേൾഡ് വൈഡ് വെബ് യഥാർത്ഥത്തിൽ അമേരിക്കൻ പട്ടാളത്തിന്റെ വിവരവിനിമയ ആവശ്യങ്ങൾക്ക് വേണ്ടി വികസിപ്പിച്ചെടുത്തതാണ്. യാതൊരു തെറ്റും കൂടാതെ കണിശമായി യുദ്ധക്കളത്തിന് ചുറ്റും നിന്നും വിവരങ്ങൾ നൽകാനുള്ള ആവശ്യത്തിനു വേണ്ടിയാണ് ഈ സംവിധാനം രൂപം കൊണ്ടത്. ആഗോളതലത്തി ലേക്ക് വരുന്നത് വരെ അതായത് 1990 വരെ ഇന്റർനെറ്റിനെ പറ്റി അധികമാരും അറിഞ്ഞിരുന്നില്ല. അതിനുശേഷം ആളുകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ഇ.മെയിൽ അയക്കാൻ തുടങ്ങി. അതോടെ ആശയങ്ങളും വിവരങ്ങളും അയക്കാനും അറിയാനും പുതിയ ഒരു മീഡിയ രൂപം കൊള്ളുകയായിരുന്നു.

1990കളുടെ മധ്യത്തോടെ ധാരാളം ബിസിനസ്സ് സ്ഥാപനങ്ങൾ ഉപഭോക്താക്കളെ ആകർഷിക്കാനും താല്പര്യം ജനിപ്പിക്കാനും ധാരാളം വെബ്സൈറ്റുകൾ സൃഷ്ടിക്കുകയുണ്ടായി. പക്ഷേ സംതൃപ്തിയുടെ അളവ് പരിമിതമായിരുന്നു. ഈയവസരത്തിൽ തുല്യതാല്പര്യങ്ങളുള്ളവർ അതേ ഗണത്തിൽപെട്ടവരെ പരസ്പരം വെബ്സൈറ്റുകളിലൂടെ തിരയാനാരംഭിച്ചു. അവർ തമ്മിൽ ബന്ധപ്പെട്ടപ്പോൾ കൂടുതൽ വിനിമയങ്ങളും ചർച്ചകളും നടന്നു. അങ്ങിനെ ഇന്റർനെറ്റ് വളരുകയായിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി വിവരത്തിനും വിജ്ഞാനത്തിനും വേണ്ടി വിശ്വസ്തതയോടെ ഇന്റർനെറ്റിനെ ആശ്രയിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ജനങ്ങൾ പുസ്തകം വായിക്കാൻ വേണ്ടി ഇന്ന് വെബ്സൈറ്റുകളിൽ തിരയുകയാണ്. റഫറൻസിനു വേണ്ടി അവരുടെതായ ലൈബ്രറികൾ വെബ്സൈറ്റുകളിൽ ഉണ്ടാക്കി സൂക്ഷിക്കുന്നു. ഇന്റർനെറ്റിൽ നിന്ന് വിവരങ്ങൾ ഡൗൺ ലോഡ് ചെയ്ത് കമ്പ്യൂട്ടറുകളിലൂടെ അത് ഗ്രഹിക്കുകയും ചെയ്യുന്നു.

ഇതിന് മുമ്പ് ചില ലൈബ്രറികളിലും എൻസൈക്ലോപീഡിയകളിലും മാത്രമായിരുന്നു ഇന്റർനെറ്റിലൂടെ പ്രവേ

ശനം സാധിച്ചിരുന്നത്. ഇന്ന് എല്ലാവർക്കും ഗ്ലോബൽ എൻസൈക്ലോപീഡിയ ഇന്റർനെറ്റിൽ ലഭ്യമാണ്. ഏതൊരു ഗവേഷകനും അവന്റെ ആവശ്യങ്ങൾക്കുതകുന്ന വിവരങ്ങളും വിജ്ഞാനങ്ങളും എണ്ണമറ്റ കലവറകളിൽ നിന്നും ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്. തീർച്ചയായും ഇന്റർനെറ്റിലൂടെയുള്ള ഗവേഷണം വളരെ എളുപ്പമാണ്. ഉദാഹരണമായി ഇന്റർനെറ്റ് ഉപയോക്താക്കൾ സെർച്ച് എഞ്ചിനിൽ 'Islam spread in Africa' എന്ന വിഷയം സെർച്ച് ചെയ്താൽ ദശലക്ഷക്കണക്കിന് വെബ്സൈറ്റുകൾ ഇത് സംബന്ധിച്ച് ലഭ്യമാകും. ഒരു ഗവേഷകന് ആവശ്യമായ അഡ്രസ്സുകളും ഇതിൽ നിന്നു ലഭ്യമാകും.

നാം പേപ്പറുകളില്ലാത്ത ഒരു ലോകത്തേക്ക് കുതിക്കുകയാണ്. എന്നാൽ പേപ്പറുകളില്ലാത്ത ഒരു അവസ്ഥയിലെ അപകടം മറ്റൊന്നാണ്. അതിന്റെ ആധികാരികത പൂജ്യമായിത്തീരുന്നു. ഈ വിഷയം വിശദമായി പിന്നീട് ചർച്ച ചെയ്യാം.

### മൊബൈൽ ഇന്റർനെറ്റ്

ഇന്റർനെറ്റിന്റെ വികസനത്തോടൊപ്പം മൊബൈൽ ഫോണുകളുടെ ഉപയോഗവും നമ്മുടെ ദൈനംദിന ജീവിതത്തിൽ വർദ്ധിച്ചിരിക്കുകയാണ്. വികസിതരാജ്യങ്ങളിൽ പ്രായപൂർത്തിയായവരും കുട്ടികളും ഓരോ മൊബൈൽ ഫോണും വഹിച്ചാണ് നടക്കുന്നത്. 2000മാണ്ടിൽ ജപ്പാനിൽ 13 ദശലക്ഷം മൊബൈൽ ഫോൺ ഉപയോക്താക്കളുണ്ട്. 45,000 വീതം ദിവസവും വർദ്ധിക്കുകയും ചെയ്യുന്നു.

അടുത്ത നാലോ അഞ്ചോ വർഷത്തിനുള്ളിൽ മൊബൈൽ ഫോണിലൂടെ മാത്രമായിരിക്കും ശബ്ദ വിനിമയവും ഡാറ്റ വിനിമയവും നടക്കുക. വിപണിയിലെ മൂന്നാംതലമുറയിലെ സേവനോപാധികളായ GPRS, UMTS എന്നീ പേരുകളിലറിയപ്പെടുന്ന സാങ്കേതികവിദ്യയിലൂടെ വയർലെസ്സ് സംവിധാനത്തിലേക്ക് എല്ലാ വിനിമയങ്ങളും മാറ്റപ്പെടും. അപ്പോൾ ഇന്റർനെറ്റ് സൗകര്യം എല്ലാ സമയത്തും എല്ലായിടത്തും ലഭ്യമാകും.

### വിജ്ഞാനത്തിന്റെ ആധികാരികത

ഒരു ഹോം കമ്പ്യൂട്ടറിലൂടെയോ അല്ലെങ്കിൽ ഒരു വയർലെസ്സ് സംവിധാനത്തിലൂടെയോ നമുക്ക് ഏതൊരു വിജ്ഞാനത്തിലേക്കും വിവരശേഖരങ്ങളിലേക്കും ഇഷ്ടമുള്ളപ്പോഴെല്ലാം പ്രവേശിക്കാം. വെബുകളിൽ കണ്ട വിവരങ്ങൾ എത്രത്തോളം വിശ്വാസയോഗ്യമായിരിക്കും എന്നതാണ് പ്രധാനം. ഉദാഹരണത്തിന് Ahmadiyyath എന്ന വിഷയം നാം സെർച്ച് ചെയ്യുമ്പോൾ ചില ആധികാരിക സൈറ്റുകളും ബന്ധപ്പെടാൻ പറ്റിയ വെബ്സൈറ്റ് വിലാസങ്ങളും ലഭിക്കുമെന്നും നാം ആഗ്രഹിക്കുന്നു. ബ്രൗസറിലൂടെയോ സെർച്ച് എഞ്ചിനിലൂടെയോ നാം ആഗ്രഹിക്കുന്ന വിവരങ്ങൾ കണ്ടുവെന്നിരിക്കട്ടെ. ആ വിവരം ഒരുപക്ഷേ വിഷയത്തിന് അനുകൂലമായിരിക്കാം. അല്ലെങ്കിൽ പ്രതികൂലമായിരിക്കാം. ചിലപ്പോൾ ആ വിഷയം സംബന്ധിച്ച വിവരത്തേക്കാൾ കൂടുതലായി പ്രസ്തുത വിഷയത്തെ സംബന്ധിച്ച തെറ്റായ വിവരമായിരിക്കാം അത് നൽകുക. ഇത്തരം ഒരു അവസ്ഥയുള്ളതുകൊണ്ട് വെബ് സൈറ്റിലെ വിവരങ്ങൾ ആധികാരികമാവണമെന്നില്ല. അത് എളുപ്പത്തിൽ മാറ്റിമറിക്കപ്പെടാം. പ്രസ്തുത വിഷയ സംബന്ധമായി തെറ്റായ വിവരങ്ങൾ നൽകപ്പെടുകയും ചെയ്യാനുള്ള സാധ്യത വളരെകൂടുതലാണ്.

ഒരു പുസ്തകമോ അല്ലെങ്കിൽ ഒരു വിവരമോ കടലാസിലൂടെ അച്ചടിച്ച് വിതരണം ചെയ്യുമ്പോൾ അത് ഒരു കർത്താവിന്റെയോ എഡിറ്റോറിയൽ ബോർഡിന്റെയോ ഉത്തരവാദിത്തത്തിലായിരിക്കും നിർവ്വഹിക്കുക. അച്ചടിച്ചു വിതരണം ചെയ്ത ഒരു വിവരം തെറ്റാണെങ്കിലോ അപകീർത്തികരമാണെങ്കിലോ അതിൽ എഴുതിയ ആൾ നിയമപ്രകാരം അതിന് ഉത്തരവാദിയാണ്. ഇക്കാരണത്താൽ അച്ചടി മാധ്യമത്തിലൂടെ എഴുതുന്ന ആൾ താൻ നൽകുന്ന വിവരത്തെപറ്റി പൂർണ്ണബോധമുള്ളവരും ശ്രദ്ധാലുവുമായിരിക്കും. ഇങ്ങനെയുള്ള അച്ചടിമാധ്യമങ്ങൾ ഒരു സ്ഥിരമായ രേഖയുമാണ്. അച്ചടി മാധ്യമങ്ങൾക്ക് പെരുമാറ്റച്ചട്ടങ്ങൾ ബാധകമാണ്. അതിന്റെ ആധികാരികത പരിശോധിക്കുകയും മൂല്യനിർണയം ചെയ്യപ്പെടുകയും ചെയ്യാവുന്നതാണ്. എന്നാൽ ഇപ്പോൾ വെബ്സൈറ്റുകളിൽ ആധികാരികതയെപ്പറ്റിയുള്ള ഇത്തരം പരിശോധനാമാർഗ്ഗങ്ങളോ മൂല്യനിർണ്ണയോപാധികളോ ഒന്നും തന്നെയില്ല. ഒരു വെബ്സൈറ്റിന് ഒരു സമയത്ത് നൽകുന്ന വിവരത്തിൽ നിന്നും പൂർണ്ണമായും വ്യത്യസ്തമായ വിവരങ്ങളായിരിക്കും മറ്റൊരവസരത്തിൽ നൽകുന്നത്. അതുകൊണ്ട് വെബ്സൈറ്റിലെ വിവരങ്ങൾക്ക് ആധികാരികത അസാധ്യമാണ്. പ്രത്യേകിച്ച് ദേശീയമായ അതിർത്തികൾ ഭേദിച്ചുകൊണ്ടുള്ള ഒരു അന്തർദേശീയ മേഖലയാണ് ഇന്റർനെറ്റിലെ സൈറ്റുകൾ. അതുകൊണ്ട് വാർത്തകളും വിവരങ്ങളും തെറ്റായ രീതിയിൽ എളുപ്പത്തിൽ പ്രചരിക്കാൻ ഇന്റർനെറ്റിലൂടെ സാധിക്കും. അന്തർദേശീയരംഗത്ത് പ്രശസ്തനായ ഒരു നേതാവിനെ നൊടിയിട കൊണ്ട് അപകീർത്തിപ്പെടുത്തി ലോകം മുഴുവനും അത് പ്രചരിപ്പിക്കാൻ ഇന്റർനെറ്റിലൂടെ കഴിയും. വെബ്സൈറ്റിൽ വരുന്ന വിവരങ്ങളെക്കുറിച്ച് ആരും കൂലങ്കഷമായി അന്വേഷിക്കാറില്ല. മിക്കവരും കരുതുന്നത് ഈ വിവരങ്ങളെല്ലാം ആധികാരികവും യാഥാർത്ഥ്യവുമാണെന്നാണ്.

### ഇൻഫർമേഷൻ ക്രൈം

ഇന്ന് ഇന്റർനെറ്റിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് മിക്ക ആളുകളും ബോധവാന്മാരാണ്. വളരെ ഗുരുതരമായ ഒരു പ്രശ്നം ഇന്റർനെറ്റ് ഉപയോക്താക്കളുടെ കമ്പ്യൂട്ടറുകളിലേക്ക് വൈറസുകളെ അയക്കുക എന്നതാണ്. ഇത് മുഖേന ഒരുപാട് ഉപയോക്താക്കളെ ഒരേസമയം അക്രമിക്കാൻ സാധിക്കുന്നു. ഇന്റർനെറ്റ് ഗൗരവതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നിരവധി പേരുടെ വിവരശേഖരത്തെ തകർക്കാൻ വൈറസ് മു

ഷേന സാധിക്കുന്നു. ഉദാഹരണത്തിന് ഏഷ്യയിൽ നിന്നും സൃഷ്ടിച്ചുവിട്ട 'Love Bug' എന്ന കമ്പ്യൂട്ടർ വൈറസ് ലോകവ്യാപകമായി പല കമ്പ്യൂട്ടറുക ളേയും കമ്പ്യൂട്ടർ കോർപറേഷനുക ളേയും താറുമാറാക്കുകയുണ്ടായി.

ഇതിനേക്കാൾ സൂക്ഷ്മമായ കുറ്റകൃത്യങ്ങളും കംമ്പ്യൂട്ടറുകളിലൂടെ നിർവ്വഹിക്കുന്നുണ്ട്. ഇന്റർനെറ്റിന് ചുറ്റും യഥാർത്ഥ പ്രവർത്തനം മറച്ചു വെച്ച് ഇന്റർനെറ്റിൽ വ്യാജപേരിൽ പല കൃത്രിമ സമൂഹങ്ങളും രൂപം കൊള്ളു കയും അവർ ഗൂഢപദ്ധതികൾ ആസൂ ത്രണം ചെയ്ത് അത് ഇന്റർനെറ്റിലൂടെ പങ്കുവെക്കുകയും ചെയ്യാറുണ്ട്. ആഗോ ളകുറ്റവാളി സംഘങ്ങൾക്ക് കാര്യക്ഷമ തയോടെ ഉപയോഗിക്കാൻ പറ്റിയ ഒരു മാധ്യമമാണ് ഇന്റർനെറ്റ്. മറ്റൊരു കുറ്റ കൃത്യമേഖല അശ്ലീല വെബ്സൈറ്റുക ളാണ്. ഇത് വമ്പിച്ച തോതിലുള്ള ഒരു ഭീഷണിയായി ഇന്റർനെറ്റിൽ വളർന്നി രിക്കുന്നു. ഇത്തരം അശ്ലീല സൈറ്റുക ളുടെ ഉപയോക്താക്കൾ മാത്രമല്ല നിര പരാധികളായ ഇന്റർനെറ്റ് ഉപയോക്താ ക്കളെയും ഈ അശ്ലീലസൈറ്റുകൾ പിടികൂടുന്നു.

മറ്റൊരു സാധ്യത നിയമവിരു ദ്ധമായ വിവരങ്ങൾ ആർക്കും മനസ്സി ലാകാത്ത ഭാഷയിൽ നിർമ്മിച്ച് അയ ക്കാൻ ഇന്റർനെറ്റിലൂടെ സാധിക്കും. അത്തരത്തിലുള്ള ഒരു ഗൂഢഭാഷയാണ് സ്റ്റെഗ്നോഗ്രഫി. (Steaganography) അതായത് വരികൾക്കിടയിലോ പാഠ ങ്ങൾക്കിടയിലോ ഗുപ്തമായ സൂചന കളിലൂടെ അടയാളപ്പെടുത്തി അയ ക്കുന്ന വിവരങ്ങളാണിത്. പ്രത്യക്ഷ ത്തിൽ നിരുപദ്രവകരമായ ഇത്തരം സന്ദേശങ്ങൾ വമ്പിച്ച അപകടങ്ങൾ നിറഞ്ഞതായിരിക്കും.

## പ്രശ്നങ്ങൾക്ക് ഉത്തരവാദിയാര്?

ഈ പുതിയ സാങ്കേതികവിദ്യ യ്ക്ക് ചുറ്റും ഉരുവം കൊള്ളുന്ന അന ഭിലഷണീയമായ കാര്യങ്ങളെപ്പറ്റി നാം മനസ്സിലാക്കേണ്ടതുണ്ട്. കുറ്റകൃത്യങ്ങൾ നടക്കുന്നുവെങ്കിൽ ആർക്കാണ് ഇത് തട യാനുള്ള ഉത്തരവാദിത്വവും നിയമാധി കാരവും ഉള്ളത് എന്നതാണ് അടുത്ത പ്രശ്നം. ഉദാഹരണമായി 2000ൽ ഒരു അമേരിക്കൻ അസോസിയേഷൻ സെമി റ്റിക്ക് വിരുദ്ധമായ ലേഖനം ഒരു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയു ണ്ടായി. ഈ ലേഖനം നിയമവിരുദ്ധമ ല്ലാത്ത ഒരു സ്ഥലത്തു നിന്നാണ് ഇന്റർനെറ്റിൽ കയറ്റിവിട്ടത്. പക്ഷേ ഈ ലേഖനം ഇന്റർനെറ്റിലൂടെ വായിക്കപ്പെ ടുന്ന മറ്റുരാജ്യങ്ങളിൽ ഇത്തരം ലേഖനം നിയമവിരുദ്ധവുമാണ്. ഒരു രാജ്യത്ത് ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതും കയറ്റുമതി ചെയ്യുന്നതും പോർട്ടുകളിൽ വെച്ച് നിയന്ത്രിക്കാൻ കഴിയും. പക്ഷേ ഇന്റർ നെറ്റിൽ അഥവാ ഇൻഫർമേഷൻ സൂപ്പർഹൈവേയിൽ പോർട്ടുകളോ, അതിർത്തിസംരക്ഷ ണമോ ഇല്ല.

## ധാർമ്മികതയും ഇന്റർനെറ്റും

ലോകത്തിലുടനീളം മൊബൈൽ സാങ്കേതികവിദ്യയുടെ അഭൂതപൂർവ്വമായ വളർച്ച നാം കാണുന്നു. ഇവ മൊബൈൽ ഫോൺ, ലാപ്ടോപ് കമ്പ്യൂട്ടർ മുതലായ മാധ്യമ ങ്ങളിലൂടെ കൂടുതൽ കൈയ്യൊരുക്ക ത്തോടെ കൊണ്ടുനടക്കാൻ പറ്റിയ രീതിയിലേക്ക് വരുകയാണ്. ഈ സാങ്കേതികവിദ്യയുടെ വ്യാപകമായ ഉപയോഗം കണ്ട് നാം അമ്പരന്നുപോ കും. നിങ്ങൾക്ക് എവിടെ വെച്ചും എപ്പോഴും ഏതൊരാളുമായും ബന്ധ പ്പെടാമെന്നു വിവരവിനിമയത്തിലെ വിക സന തത്ത്വമാണ്. ഈ സാങ്കേതിക മുന്നേറ്റത്തിന്റെ അന്തർധാര Wap imode എന്നീ സാങ്കേതികവിദ്യയുടെ ആവിർഭാവത്തോടെയാണ് ഇത് കൂടു തൽ വ്യാപകമായിത്തീർന്നത്.

ബിസിനസ് സമൂഹങ്ങളിലെ കൂടുതൽ യാത്ര ചെയ്യുന്ന അംഗ ങ്ങൾക്കാണ് ഈ സാങ്കേതിക വിദ്യ യുടെ വികാസം കൊണ്ട് കൂടുതൽ പ്രയോജനം ലഭിക്കുക. ആഗോള സമ്പ ദ്വ്യവസ്ഥയോടൊപ്പം പുരോഗതിയി ലേക്കു കുതിക്കാൻ ലോകവ്യാപക മായി സഞ്ചരിക്കുന്നവരാണ് ബിസിന സ്സുകാർ. ഓഫീസുകൾ, ഹോട്ടലുകൾ, വിമാനം, വാഹനങ്ങൾ എന്നിവിടങ്ങ ളിൽ വെച്ചോ ഏത് രാജ്യത്തോ, എവി ടെവെച്ചോ ആകട്ടെ ഏതു സമയവും വിവരങ്ങൾ അറിയാനും അറിയിക്കാനും ഈ സൗകര്യം മൂലം ബിസിനസ്സുകാ രന് സാധിക്കുന്നു. അങ്ങനെ അവരുടെ കച്ചവടത്തിന് കൂടുതൽ അഭിവൃദ്ധിയും പുരോഗതിയുമുണ്ടാകാനും ഇത് സഹാ യകമായിതീരുന്നു.

എന്നാൽ ഇന്റർനെറ്റ് ഒരു വൻഭീഷണിയായിതീരുന്നത് യുവതല മുറക്കാണ്. യൂറോപ്പിലും ജപ്പാനിലും നാമത് കാണുന്നു. ഇപ്പോൾ ചെറുപ്രാ യത്തിൽ തന്നെ കുട്ടികളിൽ ഉപഭോ ക്തൃസംസ്കാരം കുത്തിവെക്കാൻ ഈ അതിദ്രുത വിവരവിനിമയ സംവിധാന ത്തിലൂടെ സാധിക്കുന്നു. അവർ ഉപ യോഗിക്കുന്ന മൊബൈൽ ഫോൺ, പേഴ്സണൽ കമ്പ്യൂട്ടർ, ടെലിവിഷൻ എന്നീ ഉപാധികളിലൂടെ ഇത് സാധ്യ മാണ്.

രക്ഷിതാക്കൾക്ക് ഈ പ്രശ്നം ലളിതമായി മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി പത്ത് വർഷം മുമ്പ് നിങ്ങളുടെ വീടുകളിലുള്ള ടെലിവിഷൻ സെറ്റിനു മുന്നിൽ ഇരുന്ന് അല്പം ചില സെൻസർഷിപ്പുകൾ ഏർപ്പെടുത്തി യാൽ ഒന്നിച്ചിരുന്ന് പരിപാടികൾ ആസ്വ ദിക്കാമായിരുന്നു. ഇന്ന് ടെലിവിഷൻ സെറ്റ് പല സ്ഥലങ്ങളിലും കുട്ടികളുടെ മുറിയിൽ തന്നെയുണ്ട്. അവർ എന്തെല്ലാം പരിപാടികൾ കാണുന്നുവെ ന്നോ, അവരുടെ വ്യക്തിത്വവികാസ ത്തിൽ ആ പരിപാടികൾ എന്തെല്ലാം സ്വാധീനം ചെലുത്തുവെന്നോ നിങ്ങൾ ക്ക് അറിയാനോ അതിനെ നിയന്ത്രി ക്കാനോ സാദ്ധ്യമല്ല, കുട്ടികൾക്ക് വ്യക്തിപരമായി സംവദിക്കാൻ കഴി യുന്ന വാർത്താവിനിമയോപാധികളും, പലവിധ ഗെയിമുകളുമുണ്ട്. അതൊന്നും തന്നെ രക്ഷിതാക്കളുടെ കൈയ്യെ ത്താത്ത ദൂരത്തുമാണ്. അതിലെ ഉള്ള ടക്കം അശ്ലീലമോ, വയലൻസോ ആയി രിക്കാമെന്ന കാര്യം നാമോർക്കണം. ഇത് ഒരുപക്ഷേ നിരുപദ്രവമായിരിക്കാം. പക്ഷേ അമേരിക്കയിൽ കുട്ടികൾ തോക്കുപോലെയുള്ള ആയുധങ്ങൾ ഉപയോഗിച്ച് ഞെട്ടിപ്പിക്കുന്ന ആക്രമണ

ങ്ങൾ നടത്തുന്നു. കുട്ടികൾ കളിക്കുന്ന ഗെയിംമുകളും അവർ കണ്ടുകൊണ്ടിരിക്കുന്ന പല പ്രോഗ്രാമുകളുമാണ് അവരെ ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതെന്ന് അടുത്തകാലത്തെ റിപ്പോർട്ടുകൾ വ്യക്തമായും സൂചിപ്പിക്കുന്നു.

ഇപ്പോൾ ഇന്റർനെറ്റും മൊബൈൽ ഫോണും മുഖേന രക്ഷിതാക്കന്മാർക്ക് അനിഷ്ടകരമായതും അവർ വിലക്ക് ഏർപ്പെടുത്തുന്നതുമായ പരിപാടിയിലേക്കും രാത്രി യോ പകലോ എപ്പോൾ വേണമെങ്കി ലും കുട്ടികൾക്ക് എത്തിച്ചേരാവുന്നതാണ്. യൂറോപ്പിൽ നിന്നും ജപ്പാനിൽ നിന്നുമുള്ള മൊബൈൽ സർവ്വീസിന്റെ റിപ്പോർട്ടുകളിൽ കാണുന്നത് കുട്ടികൾ പലപ്പോഴും മൊബൈലും ഇന്റർനെറ്റും രാത്രികാലങ്ങളിൽ അവരുടെ രക്ഷിതാക്കൾ ഉറങ്ങുമ്പോഴാണ് ഉപയോഗിക്കുന്നത് എന്നാണ്. ടെക്സ്റ്റ് മെസേജ് അല്ലെങ്കിൽ SMS എന്നിവയാണ് കുട്ടികളിൽ ഏറ്റവും പ്രചാരത്തിലുള്ളത്. ഇളംപ്രായത്തിലുള്ള കുട്ടികളിൽ ഇത് വിനാശകരമായ പ്രവണതകൾ തീർച്ചയായും സൃഷ്ടിക്കുന്നു. ഉദാഹരണത്തിന് ജർമ്മനിയിൽ Lobox SMS നെപറ്റിയുള്ള 2000–ലെ പഠനങ്ങൾ വെളിപ്പെടുത്തുന്ന വസ്തുതകൾ താഴെ പറയുന്നത് പ്രകാരമാണ്.

* 40% കസ്റ്റമേഴ്സും 13നും 14നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളാണ്.

* 15, 17 വയസ്സിനിടയിലുള്ള പെൺകുട്ടികളാണ് SMS ഉപയോഗിക്കുന്നത്.

* ഇതിനു കൂടുതൽ കുട്ടികൾ ഉപയോഗിക്കുന്നത് 6 മണിക്കും അർദ്ധരാത്രിക്കും ഇടയിലാണ്.

* 40% സന്ദേശങ്ങളും I love you എന്നും 15% I don't love you anymore, Good Bye! എന്നാണ്.

ഇതെല്ലാം SMSന്റെ ഗുണകരമായ ഉപയോഗങ്ങളായി വിലയിരുത്തുന്നു. പത്ത് വയസ്സിനു മീതെയുള്ള കുട്ടികളെയാണ് ഇത് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ബിസിനസ്സ് എന്ന നിലക്ക് ഇത് ഒരു സേവനം നൽകുകയാണ് ചെയ്യുന്നത്.

പക്ഷേ കുട്ടികളുടെ ഈ പുതിയ കളിപ്പാട്ടത്തെപ്പറ്റി രക്ഷിതാക്കന്മാർ വളരെ ഗൗരവപൂർവ്വം ബോധവാന്മാരാകേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് അതിന്റെ ഉപയോഗം രക്ഷിതാക്കന്മാരുടെ കാഴ്ചവട്ടത്തുനിന്നും, കേൾവിയുടെ പരിധിയിൽ നിന്നും അകലെയാണ് എന്ന പരമാർത്ഥം നാം ഓർക്കണം. ടെക്നോളജിയുടെ വളരെ നിരുപദ്രവമായി ത്തോന്നിയ ഒരു കുതിച്ചുചാട്ടം ഭാവി തലമുറക്ക് മേൽ ഏല്പിക്കുന്ന ആഘാതം മാരകമായി മാറുകയാണ്.

### ഉപസംഹാരം

മനുഷ്യവംശത്തിന്റെ നന്മക്കായി വിഭവങ്ങൾ എങ്ങനെ ഉപയോഗിക്കണം എന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിന്നും നമുക്ക് മാർഗ്ഗദർശനം ലഭിക്കുന്നു. മദ്യത്തിന്റെ ഉദാഹരണമെടുക്കാം. മദ്യം പാശ്ചാത്യനാടുകളിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. പാശ്ചാത്യർ നടത്തിയ കോളനിവത്ക്കരണത്തിനുശേഷം ഈ ദൂഷ്യം ലോകം മുഴുവനും വ്യാപിച്ചിരിക്കുകയാണ്. എന്തായിരുന്നാലും മുസ്‌ലിംകൾക്ക് മദ്യം നിഷിദ്ധമാക്കപ്പെട്ടിരിക്കുകയാണ്. ഖുർആനിക അധ്യാപനങ്ങൾ ആദ്ധ്യാത്മികത്തിൽ നിർഭരമാണ്.

'അവർ നിന്നോടു മദ്യത്തേയും ചൂതിനേയും സംബന്ധിച്ച് ചോദിക്കുന്നു. പറയുക; അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക് പല ഗുണങ്ങളുമുണ്ട്. എങ്കിലും അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വളരെ വലുതാണ്; (2:221).

ഈ വചനങ്ങളിൽ ഖുർആൻ നമ്മോട് പറയുന്നത്, മദ്യത്തിൽ പോലും ചില നന്മകൾ ഉണ്ട് എന്നാണ്. പക്ഷേ അതിലെ തിന്മകളുമായി തുലനം ചെയ്യുമ്പോൾ തിന്മകളാണ് വളരെയധികമായിട്ടുള്ളത്. അതുകൊണ്ടാണ് മദ്യം നിരോധിച്ചത്.

ഈ പുതിയ ടെക്നോളജിയിലും നന്മകളുണ്ട്. പക്ഷേ അതുപോലെ ധാരാളം തിന്മകളുമുണ്ട്. ഈ സാങ്കേതിക വിദ്യയാകട്ടെ കഴിഞ്ഞ കുറച്ചു വർഷങ്ങളായി അതിദ്രുതഗതിയിൽ വ്യാപകമാവുകയാണ്. അവയിൽ പലതും താൽക്കാലിക പ്രതിഭാസങ്ങൾ ആയിരിക്കാം. പക്ഷേ മുസ്‌ലിംകൾ ഇതിന്റെ പ്രത്യാഘാതത്തെപ്പറ്റി യാതൊരു ചിന്തയുമില്ലാതെ അതെല്ലാം സ്വീകരിക്കുന്നത് വിനാശകരമാണ്. ഈ ടെക്നോളജിയിൽ അതിന്റെ ഉപയോഗവും ദുരുപയോഗവും ഉള്ളടങ്ങിയിട്ടുണ്ട്. അവയുടെ ദുഷ്ഫലങ്ങൾ സമൂഹത്തിൽ ഇപ്പോൾ തന്നെ പ്രകടമായിക്കൊണ്ടിരിക്കുകയാണ്.

ഇത്തരം ടെക്നോളജിയോട് ഒരു മൂല്യാധിഷ്ഠിത സമീപനം ആവശ്യമാണ്. ഇതിന്റെ ദൂരവ്യാപകമായ ഫലങ്ങളെക്കുറിച്ച് ബോധവാന്മാരായിക്കൊണ്ടായിരിക്കണം ഈ ടെക്നോളജിയെ നാം സമീപിക്കേണ്ടത്. വിവേചനരഹിതമായി അതൊരു ജീവിത ശൈലിയായി നാം സ്വീകരിക്കരിച്ചാൽ ഫലം മാരകമായിരിക്കും.

■

## വാർത്തകൾ സൂക്ഷ്മമായി കൈകാര്യം ചെയ്യുക

സമാധാനത്തിന്റെയോ ഭീതിയുടേയോ വല്ല വാർത്തയും അവർക്കെത്തിയാൽ അവർ അത് പ്രചരിപ്പിക്കുന്നു. അതിനെ അവർ ദൈവദൂതനിലേക്ക് തിരിച്ചിരുന്നുവെങ്കിൽ അവരിൽ നിന്ന് സൂക്ഷ്മാവസ്ഥ കണ്ടുപിടിക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ ചുരുക്കം പേരൊഴിച്ച് (ബാക്കിയുള്ളവരെല്ലാം) പിശാചിനെ പിൻപറ്റുമായിരുന്നു. *(വിശുദ്ധ ഖുർആൻ)*

# ലോകമഹായുദ്ധത്തെക്കുറിച്ചുള്ള സൂചനകൾ

ഏ.പി. കുഞ്ഞാമു

**സർവ്വനാശകരമായ ഒരു യുദ്ധത്തെക്കുറിച്ചുള്ള താക്കീതും അതിൽ നിന്ന് രക്ഷ നേടാനുള്ള പദ്ധതികളും ഖുർആൻ സൂചിപ്പിക്കുന്നു.**

സൂറഃകഹ്ഫിലെ തോട്ടമുടമയുടെ ഗുണപാഠകഥ വിവരിച്ചതിനുശേഷം നമ്മുടെ കാലഘട്ടവുമായി ബന്ധപ്പെട്ട ലൗകിക പ്രശ്നങ്ങളും ആ പ്രശ്നങ്ങളെ മുൻനിർത്തിയുള്ള ചരിത്രപരമായ താക്കീതുകളും അത്തരം പ്രതിസന്ധിയിൽ നിന്ന് മോചനം നേടാനുള്ള ആദ്ധ്യാത്മിക മാർഗ്ഗങ്ങളും ജീവിതതത്വങ്ങളും ഉപമകളിലൂടെയും സാരോപദേശ കഥകളിലൂടേയും ഖുർആൻ വിവരിക്കുന്നു.

"ഇഹലോക ജീവിതത്തിന്റെ ഉപമ നീ അവർക്ക് വിവരിച്ചുകൊടുക്കുക അത് ആകാശത്തു നിന്ന് നാം ഇറക്കുന്ന ജലം പോലെയാണ്. എന്നിട്ട് ഭൂമിയിലെ സസ്യലതാദികൾ അതുമായി കലരുന്നു. പിന്നെ അത് കാറ്റുകൾ പരത്തിക്കളയുന്നു. ഉണങ്ങിപ്പൊടിഞ്ഞ വൈക്കോലായിത്തീരുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു." (18:46) ഇഹലോക ജീവിതത്തിന്റെ ഈ ഉപമ മറ്റൊരു ഗുണപാഠകഥയിലൂടെ കുറേക്കൂടി വിശാലമാക്കുന്നു. ആരംഭത്തിൽ ഈ ഭൗതികോന്മുഖ ജീവിതം മനുഷ്യർ വളരെ ആകർഷണീയമായും ലൗകികാനുഭൂതിദായകമായും അനുഭവിക്കുന്നു. പക്ഷെ അതിന്റെ അന്ത്യം അസംതൃപ്തവും കഷ്ടത നിറഞ്ഞതുമായിത്തീരുന്നു. എന്നാൽ ആത്മീയജീവിതം ഇതിന് വിരുദ്ധമാണ്. ആരംഭത്തിൽ കാഠിന്യമുള്ളതും, സന്തോഷരഹിതവുമായിരിക്കും. എന്നാൽ അവസാനത്തിൽ വളരെ സന്തോഷകരവും പ്രിയങ്കരവുമായിരിക്കും. പ്രതാപകാലത്ത് ശക്തരായ സാമ്രാജ്യങ്ങളുടെ അവസ്ഥ മതിമറന്ന സന്തോഷത്തിലും സുഖത്തിലുമായിരിക്കും. ആ സന്തോഷത്തിന്റെ നാളുകൾ എന്നെന്നും നിലനിൽക്കുമെന്ന ധാരണയിലായിരിക്കും അവർ. എന്നാൽ അധഃപതനത്തിന്റെ നാളുകൾ തുടങ്ങിയാൽ കാറ്റിൽ അകപ്പെട്ട വൈക്കോൽ ധൂളികൾപോലെ അത് പരിണമിക്കും. അങ്ങിനെ ഒരു ശക്തി മുമ്പുണ്ടായിരുന്നോ എന്നു തോന്നുമാറുള്ള അവസ്ഥയായിരിക്കും. തുടർന്നു പറയുന്നു. "സമ്പത്തും സന്തതികളും ഇഹലോകജീവിതത്തിന്റെ അലങ്കാരമാണ്. എന്നാൽ നിലനിൽക്കുന്ന സൽക്കർമ്മങ്ങൾ നിന്റെ നാഥന്റെ പക്കൽ പ്രതിഫലത്തിന്റെ വീക്ഷണത്തിൽ ഏറ്റവും ഉത്തമവും പ്രത്യാശയുടെ വീക്ഷണത്തിൽ ഏറ്റവും ഗുണകരവുമാണ്." (18:47)

സമ്പത്തും സന്തതികളും ഒരു മനുഷ്യന്റെ ജീവിതാഭിലാഷമാണ്. അതുകൊണ്ടുതന്നെ അവ ഈ ലോകജീവിതത്തിന്റെ അലങ്കാരവുമാണ്. ഈ സന്തോഷകരമായ അവസ്ഥ അമിതമായാൽ സാധാരണനിലയിൽ മനുഷ്യനെ ദൈവസ്മരണയിൽ നിന്നും അകറ്റിക്കളയുന്നു. എന്നാൽ ഈ രണ്ടു ഘടകങ്ങളേയും അദ്ധ്യാത്മിക ശ്രേയസ്സിനായി ഉപയോഗപ്പെടുത്താം. ധനം നല്ല കാര്യങ്ങൾക്ക് ദൈവമാർഗ്ഗത്തിൽ ചിലവഴിക്കുന്നതായാൽ അതു ശാശ്വതമായ ആത്മീയ ലോകത്തിലും ഇഹത്തിലും നല്ല ഫലങ്ങൾ ഉളവാക്കുന്നു. അതേപോലെ യുവാക്കളെ സമുദായത്തിന്റെ ഉദ്ധാരണത്തിന് വേണ്ടിയും, രാജ്യത്തിന്റെ സേവനത്തിന് വേണ്ടിയും, അങ്ങിനെ മനുഷ്യസമൂഹത്തിനാകമാനം നന്മ ചെയ്യാൻ തയ്യാറാക്കിയാൽ അവർ വാസ്തവത്തിൽ ആത്മീയമായും ഒരലങ്കാരമായിത്തീരുന്നു. അവരെ പറ്റിയുള്ള സൽസ്മരണകൾ ശാശ്വതമായിരിക്കും. ഇതാണ് ഈ വചനം കൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യന് നൽകപ്പെട്ടട്ട ഒരേ ഭൗതികാനുഗ്രഹങ്ങൾ കൊണ്ട് തന്നെ ആത്മീയ അധഃപതനത്തിനും ആത്മീയ ഔന്നത്യത്തിനും കാരണമായിത്തീരുന്നു. സന്തതികൾ സന്മാർഗ്ഗത്തിൽ ചരിച്ചാൽ അതിന് പ്രേരകമായി വർത്തിച്ച കുടുംബനാഥനും അതുപോലെ ആ തലമുറകൾക്ക് തന്നെയും ഇഹലോകത്തും പരലോകത്തും അല്ലാഹു നന്മ പ്രദാനം ചെയ്യപ്പെടും. തുടർന്നു പറയുന്നു: "പർവ്വതങ്ങളെ നാം ചലിപ്പിക്കുകയും ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ

കാണുകയും നാം അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന നാളിൽ അപ്പോൾ അവരിൽ ഒരാളേയും നാം വിട്ടുകളയുകയില്ല. (18:48). ഇതിലെ "ജിബാൽ" അഥവാ മലകൾ എന്നതു കൊണ്ടുള്ള ഉദ്ദേശം ഉന്നതന്മാരായ ഭരണകർത്താക്കൾ എന്നാണ്. അതായത് യഅ്ജൂജ് മഅ്ജൂജിന്റെ ശക്തി ക്ഷയിക്കുന്നതിനു മുമ്പായി ലോകത്തുള്ള എല്ലാ രാഷ്ട്രങ്ങളും അന്യോന്യം യുദ്ധങ്ങളും കലഹങ്ങളും ഒരു വട്ടം നടന്നുകഴിഞ്ഞിരിക്കും. ഇതു സംബന്ധമായി ബൈബിളിൽ ''രാജ്യം രാജ്യത്തിന്നെതിരിലും സാമ്രാജ്യം സാമ്രാജ്യത്തിന്നെതിരിലും യുദ്ധങ്ങൾ ഉണ്ടാകും. ആ കാലത്ത് പട്ടിണിയും, പകർച്ചവ്യാധികളും, ഭൂകമ്പങ്ങളും പല ഭാഗങ്ങളിലും സംഭവിക്കും (മത്തായി 24:7) എന്ന് കാണാം.

ഇനി 'മലകൾ' എന്നുള്ളതുകൊണ്ടുള്ള വിവക്ഷ കേപിറ്റലിസ്റ്റ് രാഷ്ട്രമാണെങ്കിൽ "അൽ അറ്ളു" കൊണ്ടുള്ള വിവക്ഷ സോഷ്യലിസ്റ്റ് ആഭിമുഖ്യമുള്ള രാഷ്ട്രങ്ങളാണ്. അതായത് സാധാരണക്കാരെ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രങ്ങളുടെ കൂട്ടായ്മ. ഇവർ തമ്മിൽ ഭയങ്കര യുദ്ധം ഉണ്ടാകും. അവരിൽ ഒരാളെയും നാം വിട്ടുകളയുകയില്ല എന്നതിന്റെ താല്പര്യം മൂന്നാം ലോക മഹായുദ്ധത്തിൽ എല്ലാ രാഷ്ട്രങ്ങളും പങ്കാളികളായിരിക്കും എന്നുതന്നെയാണ്. അവരെ എല്ലാവരേയും ഒരുമിച്ചുകൂട്ടുമെന്നും പറയപ്പെട്ടിരിക്കുന്നു. ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനത്തിലൂടെ ലോകം ആഗോളഗ്രാമമായി മാറിക്കൊണ്ടിരിക്കുകയാണല്ലോ. ഇങ്ങിനെയുള്ള ഒരു സാഹചര്യം ഒരുക്കിക്കൊണ്ടുതന്നെയാണ് അവരുടെ വിനാശകരമായ അവസ്ഥക്ക് അല്ലാഹു അന്ത്യം കുറിക്കുന്നത്.

അൽകഹ്ഫ് സൂറഃയിൽ തുടർന്നു പറയുന്നു. "അണിയണിയായി നിന്റെ നാഥന്റെ മുമ്പിൽ അവൻ ഹാജരാക്കപ്പെടുന്നതുമാണ്. ആദ്യത്തെപ്പോലെ നിങ്ങളെ നാം സൃഷ്ടിച്ചതുപോലെ ഇപ്പോൾ നിങ്ങൾ നമ്മുടെ അടുക്കൽ വന്നിരിക്കുന്നു. എന്നാൽ നമ്മുടെ വാഗ്ദാനം പൂർത്തീകരിക്കുന്ന ഒരു ദിവസം നിങ്ങൾക്ക് നാം ഒരിക്കലും നിശ്ചയിക്കുകയില്ലെന്ന് നിങ്ങൾ വിചാരിച്ചുപോയി. (18:49). "അണിയണിയായി ദൈവസന്നിധിയിൽ ഹാജരാക്കപ്പെടും" എന്ന വചനം അവരുടെ അവസാനത്തെ നാശം സംഭവിക്കുമെന്ന് തറപ്പിച്ചു പറയുന്നു. "നിങ്ങളെ നാം സൃഷ്ടിച്ച ആദ്യത്തെപ്പോലെ നിങ്ങളെന്റെ സന്നിധിയിൽ ഹാജരായിരിക്കുന്നു" ഈ അവസ്ഥ അവരുടെ എല്ലാം നശിച്ചുകഴിഞ്ഞ് ഒന്നും ബാക്കിയില്ലാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു. എല്ലാ അധികാരങ്ങളും ശക്തിയും പ്രതാപവുമെല്ലാം തകർന്നുതരിപ്പണമായിപ്പോകും.

36ാം* വചനത്തിൽ പറഞ്ഞത്പോലെ മനുഷ്യൻ കരുതി ഇതെല്ലാം എന്നെന്നും അവന്റെ കൂടെതന്നെ ഉണ്ടാകുമെന്ന് അല്ലാഹുവിന് മനുഷ്യന്റെ നേരെ യാതൊരു നിയന്ത്രണവുമില്ല എന്ന് അവൻ കരുതി. ഇപ്പോൾ അല്ലാഹുവിന്റെ വാഗ്ദാനം ഇവിടെ പൂർത്തിയാവുകയാണ്.

'(അവരുടെ കർമ്മങ്ങളുടെ) പുസ്തകം (അവരുടെ മുമ്പിൽ വെക്കപ്പെടും. അപ്പോൾ അതിലുള്ളത് കാരണമായി കുറ്റവാളികളെ ഭയപ്പെട്ടവരായി) നീ കാണുന്നതാണ്. അവർ പറയും. അഹോ കഷ്ടം! ഇതെന്തൊരു ഗ്രന്ഥമാണ്. ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് രേഖപ്പെടുത്താതെ വിട്ടുകളഞ്ഞിട്ടില്ലല്ലോ!' അവർ പ്രവൃത്തിച്ചത് സർവവും മുമ്പിൽ ഹാജരാക്കപ്പെട്ടതായി അവർ കണ്ടെത്തും. നിന്റെ നാഥൻ ഒരാളോടും അനീതി പ്രവൃത്തിക്കുകയില്ല' (18:50)

അവരുടെ ദൈവികശിക്ഷ പ്രാവർത്തികമാകുമ്പോൾ അവരെ സംബന്ധിച്ച അവരുടെ കണക്ക് കൂട്ടൽ അതായത് തങ്ങളെ നശിപ്പിക്കാൻ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്നും അവരുടെ പ്രതാപഗരിമയും അവരുടെ നാഗരികതയും അവരോടൊപ്പം ശാശ്വതമായി നിലകൊള്ളും എന്ന അവരുടെ ധാരണകൾ തകിടം മറിയുന്നത് കാണുമ്പോൾ അവർ പരവശരായിത്തീരുന്നു. ചെറുതും വലുതുമായ ഒരു സംഗതിയും ഈ ഗ്രന്ഥം വിട്ടുകളഞ്ഞിട്ടില്ല എന്ന പരാമർശം വിശുദ്ധ ഖുർആനെ പറ്റിയുമാണ്. അതായത് അവിശ്വാസികൾക്ക് സംഭവിക്കാൻ പോകുന്നതെല്ലാം തന്നെ ഒന്നൊഴിയാതെ ഖുർആനിൽ 1400 കൊല്ലങ്ങൾക്ക് മുമ്പു അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. ചെറുതും വലുതുമായ നീചപ്രവർത്തനങ്ങൾക്ക് ഒന്നൊഴിയാതെ അവർ ശിക്ഷ ഏറ്റുവാങ്ങുന്ന ഘട്ടമാണിത്. അപ്പോൾ ദൈവത്തിന്റെ നീതിയെക്കുറിച്ചും അവൻ ബോധവാനാകും. ആകാശഭൂമികളുടെ ഭരണകർത്താവായ ദൈവം മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങൾക്കും അർഹിക്കുന്ന പ്രതിഫലം നൽകുന്നവനാണെന്ന യാഥാർത്ഥ്യം അവനു മനസ്സിലാകും. "നിന്റെ ദൈവം ഒരാളോടും അനീതി പ്രവർത്തിക്കുകയില്ല" എന്ന വാക്യം നിന്ന് ദ്യോതിപ്പിക്കുന്നത് മനുഷ്യൻ ചെയ്തുകൂട്ടിയ സ്വയം കൃതാനർത്ഥമാണിതെന്നാണ്.

അവർ ചെയ്ത എല്ലാ പാപങ്ങൾക്കും ആകാശത്തുനിന്നും ഭൂമിയിൽ നിന്നും ശിക്ഷ അനുഭവിക്കേണ്ടിവരും. എന്നാൽ കാരുണികനായ ദൈവം ആരേയും അനാവശ്യമായി ശിക്ഷിക്കുകയില്ല. തുടർന്നു പറയുന്നത് ആദമിനെ സുജൂദ് ചെയ്യേണ്ട ആവശ്യകതയും ഇബ്ലീസ് നിരാകരിച്ച സംഭവമാണ്. പ്രവാചകന്മാരെ അയച്ച് അവരെ നിഷേധിച്ചാൽ ഉണ്ടാകുന്ന ശിക്ഷയെ പറ്റിയുള്ള ഓർമ്മപ്പെടുത്തലാണ് "മലക്കുകളോടു നാം പറഞ്ഞ സന്ദർഭം ഓർക്കുക. നിങ്ങൾ ആദമിന് കീഴ്പെടുക. എന്നാൽ അവരെല്ലാം കീഴ്പെട്ടു, ഇബ്ലീസ് ഒഴികെ. അവൻ ജിന്നുകളിൽപെട്ടവനായിരുന്നു. അങ്ങനെ അവൻ തന്റെ നാഥന്റെ കല്പനയെ ധിക്കരിച്ചു. അപ്പോൾ അവനേയും അവന്റെ സന്തതികളേയും അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കെ എന്നെ വിട്ട് നിങ്ങൾ രക്ഷാധികാരികളാക്കിവെക്കുകയാണോ? അക്രമികൾക്ക് ലഭി

---

** 'അവൻ പറഞ്ഞു: ഇത് എപ്പോഴെങ്കിലും നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല"*

*(വി: ഖുർആൻ കഹ്ഫ് : 36ാം വചനം)*

ക്കുന്ന പ്രതിഫലം എത്രയും ചീത്ത തന്നെ." (18:51).

വിശുദ്ധ ഖുർആന്റെ ഒരു രീതിയാണ് പ്രവാചകന്മാരെ നിഷേധിച്ചവർക്ക് ശിക്ഷ ലഭിക്കുന്ന സന്ദർഭങ്ങളിൽ മുമ്പു വന്ന പ്രവാചകന്മാരെ നിഷേധിച്ചവർക്കുണ്ടായ ശിക്ഷയെ പറ്റി അനുസ്മരിക്കുക എന്നത്. അത്തരം ഒരു അബദ്ധം ഭാവിയിലുള്ളവർക്ക് പറ്റാതിരിക്കാനും അതിൽ നിന്നു പാഠം ഉൾക്കൊള്ളാനും വേണ്ടി ആദമിനെ തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചു അദ്ദേഹത്തെ വിഷമവൃത്തത്തിലകപ്പെടുത്തിയ ശൈത്വാന്റെ പ്രവർത്തനങ്ങളെ ഇവിടെ ഉദ്ധരിച്ചിരിക്കുകയാണ്. ശൈത്താനും സംഘവും ആദം നബിയുടെ ജനതയിൽ ഒരു വിഭാഗത്തെ ആദമിനെ (അ) വിശ്വസിക്കാതിരിക്കാൻ പ്രലോഭിപ്പിക്കുകയുണ്ടായി. ആ കാരണത്താൽ അവർക്ക് പ്രവാചകനെ വിശ്വസിക്കാൻ കഴിയാതെ വരുകയും അദ്ദേഹത്തിന്റെ ശത്രുക്കളായിക്കൊണ്ട് ദൈവശാപത്തിന് പാത്രമാകുകയും ചെയ്തു. അതേപോലെ വലിയ ദുരന്തങ്ങൾ ലോകത്ത് പ്രത്യക്ഷപ്പെടുന്നതിനു മുമ്പായി മനുഷ്യനെ സൽപന്ഥാവിൽ ചരിക്കുവാൻ പ്രവാചകന്മാർ ശ്രമിക്കുന്നു. എന്നാൽ സംബോധിതർ അഹംഭാവം കാണിച്ച് ഇബ്‌ലീസിന്റെ മാതൃക പിന്തുടരുന്നു. അതിന്റെ ഫലമായി പ്രവാചകന്മാർ ദീർഘദർശനം ചെയ്ത ശിക്ഷകൾ അവർക്ക് അഭിമുഖീകരിക്കേണ്ടി വരുന്നു. അവർ മുൻകൂട്ടി പ്രവാചകന്റെ താക്കീതുകൾക്ക് കാതോർത്തിരുന്നുവെങ്കിൽ ഈ ദുരിതത്തിൽ നിന്ന് അവർക്ക് രക്ഷ കിട്ടിയേനെ. ഈ ശക്തികൾ ഈ കാലഘട്ടത്തിൽ അവതരിച്ച പ്രവാചകനായ ഹസ്രത്ത് അഹമദ് (അ)നെ സ്വീകരിച്ചാൽ ലോകം ഇതുവരെ ദർശിച്ചിട്ടില്ലാത്ത വരാൻ പോകുന്ന ദുരന്തങ്ങളിൽ നിന്നും രക്ഷ പ്രാപിക്കാം. ഈയൊരു തത്വമാണ് ആദമിനെ അഹംഭാവത്തോടെ വിശ്വസിക്കാതിരുന്ന ഇബ്‌ലീസിന്റെ സംഭവം ഇവിടെ പറഞ്ഞുകൊണ്ടു ലോകത്തെ ഉണർത്തുന്നത്. തുടർന്നു പറയുന്നു. "ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിന്നോ ഞാൻ അവരെ സാക്ഷി ആക്കിയിട്ടില്ല. (മനുഷ്യരെ) വഴി തെറ്റിക്കുന്നവരെ ഞാൻ സഹായികളായി സ്വീകരിക്കാറില്ല." (18:52). ഇവിടെ 'അവരെ സാക്ഷി ആക്കിയിട്ടില്ല" എന്നത് ശൈത്വാനേയും ശൈത്വാന്റെ കൂട്ടുകാരേയുമാണ്. അതായത് അവർ കരുതുന്നത് ഈ പൈശാചിക കൂട്ടുകെട്ട് മുഖേന അവർക്ക് ഈ ഭൗതികലോകത്ത് ശക്തിപ്രാപിക്കാമെന്നാണ്. എന്നാൽ ഈ ഭയങ്കര തെറ്റിന് അവർ നൽകേണ്ടി വന്ന വില ഊഹാതീതമാണ്. ഈ പിശാചുക്കളെ കൂട്ടുപിടിച്ച് പുരോഗതി പ്രാപിക്കാമെന്ന വ്യാമോഹം ഇവർക്ക് എവിടെ നിന്നാണ് ലഭിച്ചത്.' ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിൽ ഇവർക്ക് എന്ത് പങ്കാണുള്ളത്. അതേപോലെ മനുഷ്യന്റെ സൃഷ്ടിപ്പിലും. മനുഷ്യരെ ദൈവം സൃഷ്ടിക്കുകയും അവനിൽ പല ഗുണങ്ങളും നിക്ഷേപിച്ചതും ലോകത്ത് നന്മ കരസ്ഥമാക്കാൻ വേണ്ടിയാണ്. എന്നാൽ ഭൗതികമായ അവന്റെ ഉയർച്ചയും സാമ്പത്തികപുരോഗതിയും അവനെ ദൈവമാർഗ്ഗത്തിൽ നിന്നും അകറ്റി പിശാചിന്റെ കരവലയത്തിലകപ്പെടുത്തുന്നു. അവരുടെ ഭൗതികമായ അഭിവൃദ്ധി കുറച്ചുകാലത്തേക്ക് മാത്രമായി ദൈവം നിശ്ചയിച്ചതാണ്. അവരെല്ലാം ഒരുനാൾ ദൈവസവിധത്തിൽ തിരിച്ചുചെല്ലുക തന്നെ ചെയ്യും. ഈ സൂക്തം മനസ്സിലാക്കിത്തരുന്നതു ഈ കാലഘട്ടത്തിൽ ഒരു പുതിയ ലോകക്രമത്തിന് മനുഷ്യൻ ശ്രമിക്കുമെന്നാണ്. ലോകത്തുള്ള ഭൗതികവാദികളായ നേതാക്കന്മാർക്ക് അത്തരം ഒരു ആഗോളക്രമത്തെ ലോകസമക്ഷം സമർപ്പിച്ചു വിജയിപ്പിക്കാനാവുകയില്ല. എന്നാൽ അല്ലാഹു തന്നെ സമാധാനത്തിന്റെയും സുരക്ഷയുടേയും ഒരു ലോകക്രമം സംജാതമാക്കും. ഇരുട്ടിൽ കഴിയുന്ന പൈശാചികശക്തികളുടെ സഹായം അവന്ന് ആവശ്യമില്ല തന്നെ. അല്ലാഹു നിശ്ചയിച്ച മലക്കുകൾ തന്നെ അത്തരത്തിലുള്ള ഒരവസ്ഥാവിശേഷം ലോകത്ത് സംജാതമാക്കും. അങ്ങിനെ പഴയ സംസ്കാരത്തിന്റെ ചാരത്തിൽ നിന്നും പുതിയലോകക്രമത്തിന്റെ ഫിനീക്സ് പക്ഷി പറന്നുയരും. എന്നാൽ ഈ പരിവർത്തനം ഭൗതികശക്തികൾക്ക് അതീതമായ ആത്മീയശക്തിയുടെ ഫലമായിട്ടായിരിക്കും. ഈ അനുഗ്രഹീത ലോകക്രമം ഒരു പുതിയ ആദം മുഖേനയാണ് നിലവിൽ വരേണ്ടത്. തുടർന്നുള്ള വചനം ശ്രദ്ധിക്കുക "നിങ്ങൾ ധരിച്ചു വെച്ച എന്റെ പങ്കാളികളെ വിളിക്കൂ" എന്ന് അവൻ (അല്ലാഹു) പറയുന്ന നാളിൽ, അപ്പോൾ അവർ അവരെ വിളിക്കും. എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുകയില്ല. അവർക്കിടയിൽ നാം ഒരു തടസ്സം ഉണ്ടാക്കുകയും ചെയ്യും (18:53). ഇവിടെ 'മൗബിക്ക' എന്ന വാക്കിന് രണ്ടു സാധനങ്ങൾക്കിടയിൽ ഉള്ള തടസ്സം, ഉന്മൂലനം വരുത്തുക, എന്നീ അർത്ഥങ്ങൾ നിഘണ്ടുക്കളിൽ കാണുന്നു. അതായത് അക്കാലത്ത് രാഷ്ടങ്ങൾ തമ്മിൽ സാമ്പത്തിക ഇടപാടുകളിൽ അഥവാ അന്താരാഷ്ട്ര വ്യാപാരത്തിൽ ഇറക്കുമതിക്കും കയറ്റുമതിക്കും നികുതികളും താരിഫുകളും നിശ്ചയിച്ച് അവർ പരസ്പരം സാമ്പത്തിക താല്പര്യങ്ങളുടെ തടസ്സങ്ങളുണ്ടാക്കിയിരിക്കും. ഇരുമ്പു മറകൾ സൃഷ്ടിച്ച് രഹസ്യസ്വഭാവത്തിലുള്ള രാഷ്ട്രപ്രവർത്തനങ്ങളെപറ്റിയും ഇതിൽ സൂചനയുണ്ട്. ഇതെല്ലാം തന്നെ. ഒടുവിൽ ഭയങ്കരയുദ്ധത്തിലും നാശത്തിലും എത്തിച്ചേരുമെന്നുമാണ് ഇവിടെ സൂചന. മറ്റൊരർത്ഥത്തിൽ – ദൈവപങ്കാളികളെ അഥവാ കള്ള ദൈവങ്ങളെ പ്രയാസകരമായ അവസ്ഥയിൽ വിളിച്ചു പ്രാർത്ഥിക്കുകയാണെങ്കിൽ ഇവരുടെ നിഷ്ഫലമായ പ്രാർത്ഥന അവർ കേൾക്കുകയില്ല. അവർക്കും ഇവർക്കും തമ്മിൽ വലിയ തടസ്സം അവർ കാണും. അവരുടെ വിളിക്ക് ഉത്തരം ലഭിക്കുകയില്ല. തൽഫലമായി എല്ലാ ശിക്ഷകളും ഏറ്റുവാങ്ങേണ്ടി വരും.

ഖുർആൻ തുടരുന്നു. "കുറ്റവാളികൾ നരകാഗ്നിയെ കാണും. അപ്പോൾ അവർ അതിൽ വീഴാൻ പോകുകയാണെന്നു ധരിക്കുന്നതാണ്. അതിൽ നിന്ന് മാറി രക്ഷപ്പെടാൻ ഒരിടവും അവർ കണ്ടെത്തുകയില്ല. നാം ഈ ഖുർആനിൽ മനുഷ്യർക്ക് വേണ്ടി എല്ലാ ഉപ

മകളും വിവിധ രൂപത്തിൽ വിശദീകരിച്ചുകൊടുത്തിട്ടുണ്ട്. മനുഷ്യൻ ഏറ്റവും അധികം തർക്കിക്കുന്ന പ്രകൃതിക്കാരനാണ്." (18; 54, 55). ഇതിലെ 'ന്നാർ' (നരകാഗ്നി) എന്ന വാക്ക് യുദ്ധത്തെ സൂചിപ്പിക്കുന്നു. ശക്തരായ അവിശ്വാസികളായ പാശ്ചാത്യ രാഷ്ട്രങ്ങൾ ഭയങ്കരമായ ഒരു യുദ്ധത്തിന്റെ ആഗമനം സമീപസ്ഥമായി കാണും. എന്നാൽ അതിൽ നിന്നും മോചനത്തിന് വേണ്ടി അവർ ആഗ്രഹിക്കുകയും യത്നിക്കുകയും ചെയ്യും. ഈ കാര്യത്തിൽ അവരുടെ എല്ലാ ശ്രമങ്ങളും നിഷ്പ്രയോജനമായി ഭവിക്കും. മുമ്പു ഭീതിജനകമായ രണ്ടു ലോക മഹായുദ്ധങ്ങളുടെ അനുഭവം ഇവർക്കുണ്ട്. ഈ രാഷ്ട്രങ്ങളുടെ എല്ലാ പ്രതാപവും സംസ്കാരവും അതിന്റെ അടിത്തറ പോലും ശേഷിക്കാതെ ഭയാനകമായ മൂന്നാം ലോക മഹായുദ്ധം ഇപ്പോൾ അവരെ തുറിച്ചു നോക്കുകയാണ്.

"മനുഷ്യൻ ഏറ്റവും അധികം തർക്കിക്കുന്നവനാണ്" എന്ന വചനത്തിന് രണ്ടു വ്യാഖ്യാനങ്ങളാണുള്ളത്. ഒന്ന് അല്ലാഹുവിന്റെ സൃഷ്ടികളിൽ മനുഷ്യർക്ക് അവൻ കാര്യകാരണബന്ധവും ബുദ്ധിപരമായ കഴിവുകളും നൽകിയിട്ടുണ്ട്. ഇതിനെ അവൻ നല്ല നിലയിൽ ഉപയോഗപ്പെടുത്തിയാൽ അവനു അദ്ധ്യാത്മികവും ബുദ്ധിപരവുമായ മാർഗ്ഗങ്ങളിലൂടെ ദൈവസാമീപ്യം കരസ്ഥമാക്കാൻ സാധിക്കും. എന്നാൽ അവൻ ഈ ഗുണങ്ങളെ സത്യത്തെ നിഷേധിക്കാനും, ആദ്ധ്യാത്മികമായും ധാർമ്മികമായും അധഃപതിച്ചുപോകുന്ന മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്തുകയുമാണെങ്കിൽ അവർ അധമരായിത്തീരും. രണ്ടാമത് മനുഷ്യൻ ഭയങ്കരസംശയക്കാരനാണ് അതുകൊണ്ടുതന്നെ അവൻ തൃപ്തനുമല്ല. വളരെ അധികം തൃപ്തിപ്പെടുത്തുന്ന രൂപത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചാലും അതിലെ പഴുതുകളെ അവൻ തിരഞ്ഞു നടക്കും. ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ മനുഷ്യരെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും പലവിധത്തിലും രൂപത്തിലും മനസ്സിലാക്കിത്തന്നിരിക്കുന്നു. അതെല്ലാം തന്നെ യാതൊരു തരത്തിലും അവർക്ക് ഗുണകരമായി സ്വാധീനിച്ചില്ലയെന്നതാണ് പരമസങ്കടം.

ഖുർആൻ തുടരുന്നു "മനുഷ്യർക്ക് മാർഗ്ഗദർശനം വന്നുകിട്ടിയപ്പോൾ അവർ വിശ്വസിക്കുകയും താങ്കളുടെ നാഥനോട് മാപ്പിന് അപേക്ഷിക്കുകയും ചെയ്യുന്നതിന് അവരെ തടഞ്ഞുനിർത്തിയത്, പൂർവികരുടെ സ്ഥിതി അവർക്ക് വരുകയോ അല്ലെങ്കിൽ ദൈവശിക്ഷ അവരുടെ കൺമുമ്പിൽ വന്നെത്തുകയോ ചെയ്യുക എന്നുള്ളത് മാത്രമാണ്. ദൂതന്മാരെ സുവിശേഷം നൽകുന്നവരും താക്കീത് നൽകുന്നവരുമായിട്ടല്ലാതെ നാം അയക്കുന്നില്ല. അവിശ്വസിച്ചവർ അസത്യം കൊണ്ടു തർക്കിക്കുന്നു. അതുവഴി അവർ സത്യത്തെ പരാജയപ്പെടുത്തുവാൻ വേണ്ടി എന്റെ ദൃഷ്ടാന്തങ്ങളെയും അവർക്കു താക്കീതു നൽകപ്പെട്ടതിനേയും അവർ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. തന്റെ നാഥന്റെ ദൃഷ്ടാന്തങ്ങളെ അനുസ്മരിക്കപ്പെട്ടിട്ട് അതിൽ നിന്ന് മുഖം തിരിച്ചു കളയുകയും തന്റെ രണ്ടു കൈകൾ പ്രവൃത്തിച്ചതു മറന്നുകളയുകയും ചെയ്തവനേക്കാൾ ദ്രോഹി മറ്റൊരുണ്ട്. അവർ അതു മനസ്സിലാക്കിത്തരുന്നതിന് വേണ്ടി അവരുടെ ഹൃദയങ്ങൾ ചില മറകളും അവരുടെ ചെവികളിൽ ബധിരതയും നാം ഇട്ടിരിക്കുന്നു. നീ അവരെ നേർമാർഗ്ഗത്തിലേക്ക് വിളിക്കുന്നപക്ഷം അവർ ഒരിക്കലും നേർമാർഗ്ഗം പ്രാപിക്കുകയില്ല. നിന്റെ നാഥൻ സർവ്വഥാ പൊറുക്കുന്നവനും വളരെ കാരുണ്യമുള്ളവനുമാകുന്നു. അവർ പ്രവൃത്തിച്ച തെറ്റുനിമിത്തം അവരെ അവൻ ശിക്ഷിക്കുകയാണെങ്കിൽ ഉടനെത്തന്നെ അവർക്ക് അവൻ ശിക്ഷ വരുത്തുമായിരുന്നു. എന്നാൽ അവർക്ക് ഒരു നിശ്ചിത അവധിയുണ്ട്. അതിനപ്പുറം അവർ ഒരു രക്ഷാസ്ഥാനവും കണ്ടെത്തുകയില്ല. ആ നാട്ടുകാർ (അവിടുത്തെ നിവാസികൾ) അക്രമം പ്രവൃത്തിച്ചപ്പോൾ നാം അവരെ നശിപ്പിച്ചു. അവരുടെ നാശത്തിന് നാം ഒരു സമയം വെച്ചിട്ടുണ്ടായിരുന്നു. (18:56-60)

പൂർവ്വീകർക്ക് പിണഞ്ഞ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു വിശുദ്ധ ഖുർആൻ അതിന്റെ അനുവാചകരെ അത്തരം അബദ്ധങ്ങളിൽ നിന്ന് സംരക്ഷിക്കുവാൻ ശ്രമിക്കുകയാണ്. ഒരു യഥാർത്ഥ സത്യാന്വേഷിക്ക് ദൈവത്തിന്റെ വിളി കേൾക്കാനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്താനും സാദ്ധ്യമാകുംവിധത്തിൽ വിശുദ്ധ ഖുർആൻ മാർഗ്ഗദർശനം ചെയ്യുന്നു. എന്നാൽ ഖേദകരമെന്ന് പറയട്ടെ അവിശ്വാസികൾ അവരുടെ ഹൃദയകാഠിന്യം നിമിത്തം സത്യത്തെ സ്വീകരിക്കാൻ വിമുഖത കാണിക്കുകയും നിഷേധികൾക്കുള്ള ശിക്ഷ ഏറ്റുവാങ്ങാൻ അർഹരായിത്തീരുകയും ചെയ്യുന്നു. 'സുന്നത്തുൽ അവ്വലീൻ' (പൂർവ്വീകരുടെ സ്ഥിതി) എന്നതുകൊണ്ടുള്ള വിവക്ഷ നിഷേധികളെ പാടെ നശിപ്പിക്കുന്ന അവസാനത്തെ ശിക്ഷയെന്നാണ് 'അൗ യഅ്തിയഹും അദാബുൻകുബ്ലാ' ദൈവശിക്ഷ എന്നതു കൊണ്ടുള്ള വിവക്ഷ ചെറിയ ചെറിയ ശിക്ഷകളാണ്. അതായത് അവസാനത്തെ കഠിനശിക്ഷക്ക് മുമ്പായി ജനങ്ങളെ ദൈവത്തിന്റെ വഴിയിൽ ചിന്തിപ്പിക്കാൻ ചെറിയ ചെറിയ ശിക്ഷകൾ അങ്ങിങ്ങായി നൽകുന്നു. എന്നിട്ടും അവന്റെ മാനസികനിലക്ക് മാറ്റം വരുന്നില്ലെങ്കിൽ അവിശ്വാസികളെ ഒന്നടങ്കം നശിപ്പിക്കുമെന്ന താക്കീതാണിവിടെ നൽകുന്നത്. ചെറുശിക്ഷയിലൂടെയുള്ള കഷ്ടനഷ്ടങ്ങൾ കാണിക്കുന്നത് നിഷേധികൾക്ക് വീണ്ടുവിചാരം ഉണ്ടാകാൻ വേണ്ടിയാണ്. എന്നാൽ അവർ പ്രസ്തുത സത്യം മനസ്സിലാക്കി സ്വീകരിക്കുന്നതിനുപകരം അതിനെ പരിഹാസപാത്രമാക്കിത്തീർക്കുന്നു. വിവരമില്ലാത്ത ജനങ്ങൾ അതിനെ വെറുപ്പോടെ നിഷേധിക്കുന്നു. അവരുടെ പണ്ഡിതന്മാർ പറയുന്ന അസത്യങ്ങളേയും അർദ്ധസത്യങ്ങളേയും കഥകളേയും അവർ കണ്ണടച്ചു വിശ്വസിക്കുന്നു. ഏറെക്കുറേ പാശ്ചാത്യരുടെ മതകീയ ജീവിതവും ആദ്ധ്യാത്മിക കാര്യത്തോടുള്ള സമീപനവും ഇതേ രീതിയിലുള്ളതാണ്. ദൈവീകവചനങ്ങളെയും - താക്കീതുകളെയും വളരെ നിസ്സാരമായി അവർ ഗണിക്കുന്നു. അവ

*(ശേഷം 37 -ാം പേജിൽ)*

# മുഹമ്മദീയ നിയമം മതംമാറ്റൽ

**മുക്കാൽ നൂറ്റാണ്ട് മുമ്പ് വടക്കൻ കേരളത്തിലെ യാഥാസ്ഥിതിക സമൂഹത്തിൽ നിന്നും നാരാന്ത്കത്ത് അബ്ദുല്ലാ സാഹിബ് എന്നയാൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. തുടർന്ന് യാഥാസ്ഥിതികരായ ഭാര്യാബന്ധുക്കൾ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ വിവാഹം അസാധുവായെന്ന് കണക്കാക്കി ഭാര്യയെ മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുത്തു. ഇതിനെതിരെ അബ്ദുല്ലാ സാഹിബ് കോടതിയിൽ അന്യായം ബോധിപ്പിക്കുകയും കീഴ്ക്കോടതി പ്രതികളെ വിട്ടയക്കുകയും ചെയ്തു. അദ്ദേഹം സമർപ്പിച്ച റിവിഷൻ ഹരജിയിൽ ഹൈക്കോടതി പ്രതികളെ കുറ്റക്കാരാണെന്ന് വിധിക്കുകയും സാങ്കേതിക കാരണങ്ങളാൽ ശിക്ഷയിൽ നിന്നൊഴിവാക്കുകയും ചെയ്തു. ഉന്നതമായ നീതിബോധം പ്രകടമാക്കുന്ന വിധിന്യായം പരിശോധിക്കുകയാണ് ഈ ലേഖനം. പ്രശസ്ത മുസ്ലിം ചരിത്രകാരൻ കെ.കെ. മുഹമ്മദ് അബ്ദുൾ കരിം സാഹിബിന്റെ ഗ്രന്ഥശേഖരത്തിലെ 1922 നവംബർ ലക്കം 'നിയമ മാസിക'യിൽ കണ്ടെത്തിയതാണ് ഈ ലേഖനം. സത്യദൂതൻ ഇത് പുനഃപ്രസിദ്ധീകരിക്കുന്നു.**

ഒരു മുഹമ്മദീയൻ അന്യമതത്തിൽ ചേരുന്നതിനാൽ ആ കാരണം കൊണ്ടു മാത്രം അയാളുടെ കളത്രബന്ധം ഇല്ലാതായിത്തീരുന്നതാണ്. എന്നാൽ ശരിയായ മുഹമ്മദു സമുദായത്തെ ഉപേക്ഷിച്ച് അഹമ്മദീയ സമുദായത്തിൽ ഒരു മുഹമ്മദീയൻ ചേരുന്നതുകൊണ്ടു അയാൾ അന്യമതം സ്വീകരിച്ചതായി വിചാരിപ്പാൻ പാടുള്ളതല്ലാ. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം വിഭർത്തൃത്വം തുടങ്ങിയുള്ളവ ശിക്ഷാർഹങ്ങളായ കുറ്റങ്ങളായി ഗണിച്ചിട്ടുണ്ട്. ശിക്ഷാനിയമം 79-ാം വകുപ്പുപ്രകാരം, കാര്യങ്ങളുടെ സ്ഥിതിയെപ്പറ്റി ഉത്തമവിശ്വാസമായുള്ള തെറ്റിദ്ധാരണയാൽ ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനു നിയമപ്രകാരം തനിക്ക് അധികാരമുണ്ടെന്ന് വിചാരിച്ച് ഒരാൾ ഒരു പ്രവൃത്തി ചെയ്യുന്നതായാൽ അയാളെ കുറ്റക്കാരനായി ഗണിക്കുന്നതല്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തന്റെ ആദ്യഭർത്താവ് അഹമദീയ സമുദായത്തിൽ ചേർന്നതിനാൽ അന്യമതം സ്വീകരിച്ചതായി വിചാരിക്കാമെന്നും താനും അയാളുമായുള്ള ഭാര്യാഭർത്തൃബന്ധം നിയമപ്രകാരം വേറിട്ടിരിക്കുന്നു എന്നും വിശ്വസിച്ച് വേറൊരു ഭർത്താവിനെ സ്വീകരിക്കുന്നതു മേൽ വിവരിച്ച പ്രകാരം ശിക്ഷയിൽ നിന്നു ഒഴിവാക്കത്തക്ക ഒരു തെറ്റിധാരണയല്ലാ. എന്തെന്നാൽ ഇതിലുള്ള തെറ്റിദ്ധാരണ 79ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള "കാര്യത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണ"യല്ലാ 79-ാം വകുപ്പിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള നിയമത്തെ സംബന്ധിച്ച തെറ്റിദ്ധാരണയോ അല്ലെങ്കിൽ ഇതു രണ്ടും സമ്മിശ്രമായുള്ള തെറ്റിദ്ധാരണയോ ആണ്. എന്നാൽ ശിക്ഷ കല്പിക്കുന്നതിൽ മേൽപറഞ്ഞ ഉത്തമവിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള തെറ്റിദ്ധാരണയെപ്പറ്റി ആലോചിക്കാവുന്നതാണ്.

പ്രതിയെ കുറ്റക്കാരനല്ലെന്ന് കണ്ട് വിടുവാനായി കീഴ്ക്കോടതി കല്പിക്കുന്ന സംഗതികളിൽ സാധാരണയായി അന്യായക്കാരന്റെ (ഗവർമെന്റല്ലാ അന്യായക്കാരൻ എങ്കിൽ) അപേക്ഷപ്രകാരം ഹൈക്കോടതി റിവിഷ്യൻ സ്വീകരിക്കുന്നതല്ലാ. എന്നാൽ പൊതുപ്രാധാന്യമുള്ള സംഗതികൾ മേപ്പടി തീർപ്പിനെ ആസ്പദിച്ചിരിക്കുന്നതായാൽ അങ്ങിനെയുള്ള സംഗതികളിൽ ഹൈക്കോ

ടതി റിവിഷ്യനുള്ള അപേക്ഷ സ്വീകരിക്കുന്നതാണ്.

ഈ കേസ്സ് ഒരു ക്രിമിനൽ റിവിഷ്യൻ ഹരജിയായിരുന്നു. വടക്കേ മലയാളത്തിലെ ഡിസ്ട്രിക്ട് കോടതിയിൽ വിചാരണ ചെയ്തു പ്രതികളെ വിടപ്പെട്ടതായ ഒരു സെഷൻസ് കേസ്സിൽ 5–ാം പ്രതി ഹരജിക്കാരനായ അവുള്ളയുടെ ന്യായമായി കല്യാണം കഴിക്കപ്പെട്ട ഭാര്യയായിരുന്നു. എന്നാൽ അന്യായക്കാരൻ അഹമ്മദീയ സമുദായത്തിൽ ചേരുകയും അതിന്നുശേഷം 5–ാം പ്രതി 2–ാം പ്രതിയെ വിവാഹം ചെയ്യുകയും ചെയ്തു. ന്യായമായും ശാസ്ത്രീയമായും കഴിക്കപ്പെട്ട വിവാഹം നിലവിലുള്ളപ്പോൾ ഒരു മുഹമ്മദീയ സ്ത്രീക്ക് അന്യഭർത്താവിനെ സ്വീകരിപ്പാൻ അവരുടെ നിയമപ്രകാരം പാടുള്ളതല്ല. അങ്ങിനെ ചെയ്യുന്നത് ഇന്ത്യൻ ശിക്ഷാനിയമം 493–ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റമായി ഗണിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. അതനുസരിച്ച് അന്യായക്കാരൻ തന്റെ പൂർവഭാര്യയായ 5ാം പ്രതിയുടെ പേരിൽ വിഭർത്തൃത്വം എന്ന കുററത്തിനും മറ്റു പ്രതികളുടെ പേരിൽ ആ കുറ്റത്തിനു സഹായികളാണു എന്ന നിലക്കും കേസ്സ് കൊണ്ടുവന്നു. അന്യായക്കാരൻ അഹമ്മദീയ സമുദായത്തിൽ ചേർന്നതിനാൽ സ്വമതം ഉപേക്ഷിച്ചിരിക്കുന്നുവെന്നും മുഹമ്മദീയ നിയമപ്രകാരം മേൽപറഞ്ഞ കാരണത്താൽ അന്യായക്കാരനും 5–ാം പ്രതിയും തമ്മിലുള്ള വിവാഹബന്ധം മോചിക്കപ്പെട്ടിരിക്കുന്നുവെന്നും അങ്ങിനെയുള്ള ഉത്തമവിശ്വാസത്തിന്മേലാണ് 5–ാം പ്രതി വീണ്ടും വിവാഹം ചെയ്തതു എന്നും ആയിരുന്നു പ്രതിഭാഗത്തുണ്ടായ വാദം. അന്യായക്കാരൻ തന്നെ, മുമ്പുതന്നെ ഉപേക്ഷിച്ചിരുന്നു എന്നും 5–ാം പ്രതി വാദിച്ചു. പക്ഷെ അതു തെളിയിക്കുന്നതിന്ന് അവൾക്ക് സാധിച്ചില്ലാ. പ്രതിഭാഗത്തെ മറ്റും വാദങ്ങൾ ശരിയാണെന്നു സെഷൻസ് ജഡ്ജിക്കു ബോദ്ധ്യം വരികയും, സെഷൻസ് ജഡ്ജി പ്രതികളെ കുറ്റക്കാരനല്ലെന്ന കണ്ടുവിടുകയും ചെയ്തു. അഹമ്മദീയ സമുദായത്തിൽ ചേർന്നതു നിമിത്തം അന്യമതം സ്വീകരിച്ചതായി വിചാരിക്കേണ്ടതാണെന്നും, അഥവാ ആ അഭിപ്രായം ശരിയല്ലെങ്കിൽ തന്നെ അയാളുടെ ഭാര്യ ചില തങ്ങൾമാരോട് ആലോചിച്ചശേഷം ഉത്തമവിശ്വാസത്തിന്മേൽ അപ്രകാരം തെറ്റിദ്ധരിച്ചു വീണ്ടും വിവാഹം ചെയ്തതാണെന്നും, അതിനാൽ ദുഷ്ട വിചാരത്തോടുകൂടിയുള്ള പ്രവൃത്തിയല്ലാത്തതിനാൽ ഇന്ത്യൻ ശിക്ഷാനിയമം 404–ാം വകുപ്പുപ്രകാരമുള്ള കുറ്റം അവൾ ചെയ്തിട്ടുള്ളതായി വിചാരിപ്പാൻ പാടില്ലാ എന്നും ആയിരുന്നു സെഷൻസ് ജഡ്ജിയുടെ തീർപ്പ്. ആ

■

| | |
|---|---|
| നാരാന്റകത്ത് അവുള്ള (അന്യായക്കാരൻ) | ഹരജിക്കാരൻ |
| V | |
| പാറക്കൽ മമ്മു മുതൽ പേർ (പ്രതികൾ) | എതൃഹരജിക്കാർ |

XL III മ.ല.ജ 663

■

തീർപ്പിൽ നിന്ന് അന്യായക്കാരൻ ഹൈക്കോടതിക്ക് റിവിഷ്യൻ ബോധിപ്പിച്ചു. സാധാരണയായി കീഴ്ക്കോടതിയിൽ ഒരു പ്രതിയെ വിട്ടിട്ടുള്ളതിന്നു എതിരായി (ഗവൺമെണ്ട് ഒഴികെയുള്ള) അന്യായക്കാരൻ റിവിഷ്യൻ ബോധിപ്പിക്കുന്നതായാൽ ഹൈക്കോടതി ആ അപേക്ഷ സ്വീകരിക്കുന്നതല്ലാ എങ്കിലും ഈ കാര്യത്തിൽ മുഹമ്മദീയ സമുദായത്തെ മുഴുവൻ ബാധിക്കുന്നതായ ഒരു തത്വം (അഹമ്മദീയ സമുദായത്തിൽ ചേർന്നതുകൊണ്ട് സ്വമതം ഉപേക്ഷിച്ച് അന്യമതം സ്വീകരിച്ചതായി വിചാരിക്കാമോ എന്നുള്ളത്) തീർച്ചപ്പെടുത്തുവാനുണ്ടായിരുന്നതിനാൽ ഹൈക്കോടതി റിവിഷ്യൻ സ്വീകരിച്ചു. ഹൈക്കോടതിയുടെ തീർപ്പ് കീഴ്ക്കോടതിയുടേതിന്ന് വിപരീതമായിരുന്നു എങ്കിലും പ്രതികളെ അവർ ശിക്ഷിക്കയുണ്ടായില്ല. അന്യായക്കാരൻ അതിനു ആവശ്യപ്പെടാത്തതിനാൽ പുനർവിചാരണയും അവർ കല്പിക്കുകയുണ്ടായില്ല.

സാമുദായികമായും മതസംബന്ധമായും മുഹമ്മദീയർ പ്രത്യേകിച്ചറിഞ്ഞിരിക്കേണ്ട പല സംഗതികളും ഹൈക്കോർട്ട് വിധിന്യായത്തിൽ കാണുന്നുണ്ട്. അവയുടെ സാരം മാസികയുടെ മുഹമ്മദീയവരിക്കാരുടെ പ്രത്യേക അറിവിന്നും ആവശ്യത്തിനും ആയി താഴെ കൊടുക്കുന്നു. ഓൾഡ് ഫീൽഡ് ജഡ്ജിയുടെ വിധിന്യായസാരം:– "അഹമ്മദീയമത സിദ്ധാന്തങ്ങൾ സ്വീകരിച്ചിതനാൽ, ഹരജിക്കാരൻ തന്റെ സ്വന്തമതമായ മുഹമ്മദീയമതം ഉപേക്ഷിച്ചതായി ഗണിക്കാമോ എന്നാണ് ഇതിൽ തീർച്ചപ്പെടുത്തുവാനുള്ളത്. അങ്ങിനെ വിചാരിക്കേണ്ടതാണെന്ന് പ്രതികൾ വാദിക്കുന്നു. അഹമ്മദീയ സിദ്ധാന്തികൾ മുഹമ്മദീയരുടെ ഒരു ശാഖ മാത്രമാണെന്നു അന്യായഭാഗത്തും വാദിക്കുന്നുണ്ട്. മുഹമ്മദീയ മതസിദ്ധാന്തങ്ങൾ വളരെ ശ്രദ്ധയോടും നിഷ്ഠയോടും ആചരിച്ചുവരുന്ന വേദാനുസാരികൾ അഹമ്മദീയ സിദ്ധാന്തികളെ മുഹമ്മദുമതം ഉപേക്ഷിച്ചിട്ടുള്ളവരായിട്ടാണ് വിചാരിച്ചുവരാറുള്ളത് എന്നും കൊറാനിലെ തത്വങ്ങളെപ്പറ്റി മുഹമ്മദീയമതക്കാർ പൊതുവായി സ്വീകരിച്ചിട്ടുള്ള വ്യാഖ്യാനത്തെയാണ് ശരിയായിട്ടുള്ളവയായി സ്വീകരിക്കേണ്ടത് എന്നും ഉള്ള സംഗതികളെ ആസ്പദമാക്കീട്ടാണ് കീഴ്ക്കോടതിയിൽ തീർപ്പുണ്ടായി കാണുന്നത്. എന്നാൽ ഇങ്ങിനെ കൊറാനിലെ തത്വങ്ങളെ സ്വീകരിക്കുന്നതിൽ പലതും ആലോചിപ്പാനുണ്ട്. അതിന് പ്രസ്തുത വ്യാഖ്യാനം അല്ലെങ്കിൽ തീർപ്പ് വാസ്തവത്തിൽ സമുദായത്താൽ അംഗീകരി

ക്കപ്പെട്ടതായിരിക്കണം. വളരെ ഗൗരവമായിട്ടുള്ള ആലോചനക്ക് ശേഷമായിരിക്കണം അങ്ങിനെ ഒടുവിൽ ഒരു പ്രത്യേക തീർപ്പ് സ്വീകരിച്ചത്. എന്നുമാത്രമല്ലാ, പുതിയ മതസ്സിദ്ധാന്തങ്ങളോടു സ്വതവേയുണ്ടാകാറുള്ള ഒരു വിമുഖത താനെ ഇല്ലാതായിത്തീരാത്തക്കവണ്ണം കാലവും കഴിഞ്ഞിട്ടുണ്ടായിരിക്കണം. അഹമ്മദീയ തത്വസിദ്ധാന്തികളുടെ ആദി പുരുഷനായ അഹമ്മദ് മരിച്ചത് 1908–ൽ മാത്രമാണ്. അതിന്നുശേഷം കഴിഞ്ഞ ഈ പത്തുപതിനഞ്ചു കൊല്ലത്തിന്നിടക്ക് അഹമ്മദിന്റെ ഉപദേശതത്വങ്ങളെപ്പറ്റി മേൽപറഞ്ഞവിധമുള്ള ശരിയായ ഒരു അഭിപ്രായം അല്ലെങ്കിൽ തീർപ്പ് സ്ഥാപിക്കുന്നതിന് ഇസ്ലാം മതത്തിന് സാധിച്ചിട്ടുള്ളതായി വിചാരിപ്പാൻ നിവൃത്തിയില്ല. അങ്ങനെ സാധിച്ചിട്ടുള്ളതായി തെളിവും ഇല്ല. പ്രതിസാക്ഷികളിൽ വിശ്വാസയോഗ്യരായ മലബാറികാസിക്കും മുസ്ലിയാർക്കും ഹൈദരാബാദിലെ പ്രധാന മുഹമ്മദീയ പുരോഹിതനെന്ന് പറയുന്ന ആൾക്കും അഹമ്മദിന്റെ തത്വങ്ങളെപ്പറ്റി വലിയ പരിചയം സിദ്ധിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നുമാത്രമല്ല ഇവർക്ക് അതാതു സ്ഥലങ്ങളിലുള്ള പ്രാധാന്യതയൊഴിച്ച് പൊതുവായി യാതൊരു വലിയ പ്രാധാന്യതയും ഉള്ളതായി കാണുന്നില്ല. ഈ സ്ഥിതിക്ക് അഹമ്മദിന്റെ മതസിദ്ധാന്തങ്ങളെപ്പറ്റി ഇസ്ലാം മതക്കാരിൽ പൊതുവായി ശരിയായ ഒരു അഭിപ്രായമോ തീർപ്പോ ഇതുവരെ ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല.

അതിനാൽ, പിന്നീട് വാദപ്രതിവാദമുണ്ടായതു ശരിയായ മുഹമ്മദു മതത്തിലേയും അഹമ്മദിനാൽ പ്രതിപാദിക്കപ്പെട്ട മതത്തിന്റെയും തത്വങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളുടെ സ്വഭാവത്തെപ്പറ്റിയായിരുന്നു. ഇതിൽ തർക്കമുണ്ടായതു "ഏകദൈവം മാത്രമേയുള്ളു മുഹമ്മദ് ആ ദൈവത്തിന്റെ പ്രോഫറ്റ് അല്ലെങ്കിൽ പ്രവാചകൻ ആണ്'' എന്ന മുഹമ്മദീയ പ്രമാണത്തിന്റെ വ്യാപ്തിയേയും വ്യാഖ്യാനത്തേയും പറ്റിയാണ്. ഈ പ്രമാണം പരിപൂർണ്ണമായ ഒന്നാണെന്നും ഹരജിക്കാരനും, കൊറാനിലും മറ്റുവേണ്ട പുസ്തകങ്ങളിലും സമ്മതിക്കപ്പെട്ടിട്ടുള്ള മറ്റു പ്രമാണങ്ങളും ആലോചനക്കെടുക്കേണ്ടതാണെന്ന് പ്രതികളും വാദിക്കയുണ്ടായി. ഹരജിക്കാരൻ വാദിച്ചതു ചക്രവർത്തിനി Vs രംസാൻ (7 All 761) എന്ന കേസ്സിൽ മാമൂഡ് ജഡ്ജിയുടേയും അറ അറ ഉള്ള, ആസീം ഉള്ളാ (12 All 494) എന്ന കേസ്സിൽ മാമൂഡ് ജഡ്ജിയുടേയും എഡ്ജ് ജഡ്ജിയുടേയും വിധികളേയും മൗലബാക്ഷ് Vs അമിരുദ്ദിൻ (1 Lahore 307) എന്ന കേസ്സിലെ വിധിയേയും അടിസ്ഥാനപ്പെടുത്തിയായിരുന്നു. എന്നാൽ ആ കേസ്സുകളിൽ വാദവിഷമായിരുന്ന സംഗതികൾ ഒരു പള്ളിയിൽ പ്രാർത്ഥന കഴിക്കുന്നതിനുള്ള അധികാരത്തെപ്പറ്റിയും മറ്റും മുഹമ്മദീയർ തമ്മിൽ തമ്മിലും മുഹമ്മദീയരിൽ രണ്ടു കക്ഷിക്കാർ തമ്മിലും ആയിരുന്നു. ഇതുപോലെ മതഭേദവിഷയങ്ങൾ അതിലുണ്ടായിരുന്നില്ലാ. ഇങ്ങിനെയുള്ള മതഭേദ തർക്കങ്ങളെപ്പറ്റി തീർച്ചപ്പെടുത്തുന്നതിന്ന് മേൽപറഞ്ഞ വെറും പ്രമാണങ്ങൾ മാത്രം പോരാ. ഏതായാലും ഈ കേസ്സിൽ തെളിവായി ഒരു ഫത്‌വായും, "അഹമ്മദിന്റെ തത്വങ്ങൾ" എന്ന ഒരു പുസ്തകവും അഹമ്മദീയരും അഹമ്മദീയരല്ലാത്തവരും തമ്മിലുള്ള വ്യത്യാസങ്ങൾ എന്ന തലവാചകത്തിൽ ഒരു ലഘുപത്രികയും ഹാജരാക്കീട്ടുണ്ട്.

അഹമ്മദീയർ ഇസ്ലാമികളുടെ വിധികളെ അംഗീകരിച്ചുകാണുന്നുണ്ട്. മുൻപറഞ്ഞ ലഘുപത്രികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ''ദൈവാനുഗ്രഹത്താൽ ഞങ്ങൾ മുഹമ്മദീയരാകുന്നു. അറെബിയയിലെ പരിശുദ്ധ പ്രവാചകനായ മുസ്തഫാ ഞങ്ങളുടെ നേതാവും ഞങ്ങൾക്കു വഴികാട്ടുന്ന ആളും ആകുന്നു. കൊറാൻ എന്ന വേദപുസ്തകമാകുന്ന പാത്രത്തിൽ നിന്നു തന്നെയാണു ഞങ്ങളുടെ ജ്ഞാനമാർഗ്ഗമാകുന്ന (ദ്രാക്ഷാ) രസം ഞങ്ങൾക്കു സിദ്ധിച്ചിട്ടുള്ളത്. എല്ലാ പ്രവാചകത്വവും മുഹമ്മദ് നബി എന്ന ദൈവദൂതനിൽ തന്നെ സ്ഥിതിചെയ്യുന്നു. ഞങ്ങൾക്കു ലഭിക്കുന്ന ജ്ഞാനദൃഷ്ടിയും ദൈവപ്രേരണയും ഞങ്ങൾക്ക് നേരിട്ട് ലഭിച്ചിട്ടുള്ളതല്ല. എല്ലാം അദ്ദേഹം (ആ ദൈവദൂതൻ) മുഖാന്തരം സിദ്ധിച്ചിട്ടുള്ളതാണ്." അപ്പപ്പോഴായി മുഹമ്മദീയരിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തെറ്റുകളെ ഇല്ലായ്മ ചെയ്ത് മതതത്വങ്ങളെ ലൗകിക വിഷയങ്ങളുമായുള്ള ബന്ധത്തിൽ നിന്ന് മോചനം ചെയ്ത് പരിശുദ്ധമായ അവയുടെ ആദി സ്ഥിതി സ്വരൂപത്തിൽ അവയെ പ്രചരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേകമാണ് അഹമ്മദീയരാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വപ്രമാണം എന്നു ആ ലഘുപത്രികയിൽ പറഞ്ഞിട്ടുണ്ട്. ഇതുപോലെ തന്നെ ''അഹമ്മദിന്റെ തത്വങ്ങൾ" എന്ന പുസ്തകത്തിലും ഏകദൈവത്വം സ്വീകരിച്ചിട്ടുണ്ട്. ഇസ്ലാമാണ് സമ്പൂർണ്ണവും യോഗ്യതത്രികവും ഉള്ള മതമെന്നും, എല്ലാവർക്കും മുഹമ്മദാണ് ദൈവത്തിന്റെ പ്രവാചകൻ എന്നും മറ്റും അതിൽ പറഞ്ഞിട്ടുണ്ട്. എന്നു മാത്രമല്ല മതസ്വീകരണസമയത്ത് ചെയ്യേണ്ടതായ സത്യവാചകത്തിൽ "അള്ള ഒഴിച്ച വേറെ ദൈവം ഇല്ല എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു... മുഹമ്മദ് അവന്റെ ഭൃത്യനും ദൂതനും ആണ്" എന്നും പറഞ്ഞിട്ടുണ്ട്. ഇതെല്ലാം കൊണ്ട് തെളിയുന്നത്, മുഹമ്മദു മതവും അഹമ്മ്ദമീയ മതവും വ്യത്യസ്ഥപ്പെട്ടവയല്ല എന്നാകുന്നു. ഇവ തമ്മിൽ അന്യോന്യവിരുദ്ധങ്ങളാണെന്നും മറ്റും പ്രതികൾ വാദിക്കുന്നു. മുഹമ്മദീയ തത്വങ്ങളിൽ ഇല്ലാത്തവയും അവയോടു വിരുദ്ധമുള്ളവയും ആയ തത്വസിദ്ധാന്തങ്ങളെല്ലാം അഹമ്മദീയ മതസിദ്ധാന്തത്തിൽ ഉണ്ടത്രെ. കൊറാനിൽ പറഞ്ഞിട്ടുള്ളതിൽ നിന്ന് അധികമായോ ചുരുക്കമായോ മതസിദ്ധാന്തങ്ങൾ സ്വീകരിക്കുന്ന മുഹമ്മദീയൻ സ്വമാർഗ്ഗത്യാഗിയാണെന്ന് കരുതേണ്ടതാണെന്ന് പ്രതിഭാഗം 7–ാം സാക്ഷി അഭിപ്രായപ്പെട്ടിട്ടും ഉണ്ട്. എന്നാൽ കാലദേശാവസ്ഥകളെ അനുസരിച്ച് ചില നിർദ്ദേശങ്ങളെ സ്വീകരിക്കാതിരിക്കുകയും മറ്റും ചെയ്യുന്നതുകൊണ്ട് സ്വമാർഗ്ഗത്യാഗിയായി ഒരുത്തനെ കരുതുവാൻ നിവൃത്തിയില്ല. ജീവനുള്ള മതങ്ങളുടെ അടയാളം മാത്രമാണ് അത്. കീഴ്ക്കോടതിയിൽ അഭിപ്രായപ്പെട്ടുകാ

ണുന്നതുപോലെ "പടവെട്ടി മതം പരത്തുക" എന്ന നിർദ്ദേശത്തെ അഹമ്മദീയർ അംഗീകരിക്കാത്തതുകൊണ്ടും തുർക്കിസുൽത്താനെ അവരുടെ മതാധിപതിയായി ഗണിക്കാത്തതുകൊണ്ടും അവർ സ്വമാർഗ്ഗ ത്യാഗികളാകുന്നതല്ല.

"അഹമ്മദീയരും ഇസ്ലാമികളും തമ്മിലുള്ള മറ്റു വ്യത്യാസങ്ങൾ, മുഹമ്മദ് നബി മാത്രമല്ല, യേശുക്രിസ്തു, ശ്രീരാമൻ, ബുദ്ധൻ മുതലായവരെല്ലാം ദേവദൂതന്മാരാണെന്നും അങ്ങിനെയുള്ള ദൈവദൂതരിൽ ഇതുവരെയുണ്ടായതിൽ ഒടുവിലത്തെ ദിവ്യൻ അഹമ്മദായിരുന്നുവെന്നും കൊറാനിൽ നബിയുടെ ശേഷം അഹമ്മദ് എന്നു പേരായ ഒരു പ്രവാചകൻ ലോകത്തിൽ ഉൽഭൂതനാകുന്നതാണെന്ന് പറഞ്ഞിട്ടുള്ളത് ഈ അഹമ്മദ് തന്നെയാണെന്നും അവർ വിശ്വസിക്കുന്നു എന്നുള്ളതാണ്. ഈ വക സംഗതികൾകൊണ്ടു മാത്രം അഹമ്മദീയർ മുഹമ്മദീയ മതത്തെ ത്യജിച്ചവരാണെന്ന് വരുന്നതല്ല. ഈ അഭിപ്രായം ഹാക്കിംകാലിബ് വി. മാലിക്ക് എന്ന കേസ്സിലും (1917 പാറ്റ്ന 73) കാണുന്നുണ്ട്. ഈ സ്ഥിതിക്ക് അന്യായക്കാരനും 5-ാം പ്രതിയുമായുള്ള വിവാഹബന്ധം മോചിക്കപ്പെട്ടിട്ടില്ല. തന്നിമിത്തം 5-ാം പ്രതി ദ്വിഭർത്തൃത്വം എന്ന കുറ്റം ചെയ്തിട്ടുള്ളതും ആണ്.

"ആ സ്ഥിതിക്കു ഇനി തീർച്ചപ്പെടുത്തേണ്ടത്, വിവാഹമോചനം വന്നിരിക്കുന്നു എന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ 5-ാം പ്രതി പ്രവൃത്തിച്ചതുകൊണ്ട് അവൾക്ക് "കുറ്റവിചാരം" ഉണ്ടായിരുന്നില്ലെന്നും അതുകൊണ്ട് അവൾ കുറ്റക്കാരിയല്ലെന്നും ഉള്ള വാദത്തെപ്പറ്റിയാണ്. ഈ വാദം സ്വീകരിക്കത്തക്കതല്ല. എന്തെന്നാൽ ഇവിടെ "കുറ്റവിചാരം" എന്നതിനെപ്പറ്റി ആലോചിക്കേണ്ട യാതൊരാവശ്യവും ഇല്ല. ഇന്ത്യൻ ശിക്ഷാനിയമം 79-ാം വകുപ്പ് ഇതിന്നു ബാധകമാവുന്നതുമല്ല. കാരണം ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണ നിയമസംബന്ധമായ ഒന്നാണ്. അല്ലെങ്കിൽ നിയമവും വാസ്തവാവസ്ഥയും സമ്മിശ്രമായ ഒന്നാണ്. അങ്ങിനെയുള്ള തെറ്റിദ്ധാരണകൾക്ക് മേൽപറഞ്ഞ വകുപ്പുപ്രകാരമുള്ള ഒഴിവു അപേക്ഷിക്കുന്നതല്ലാ.

''ഇങ്ങിനെയെല്ലാമിരിക്കുന്ന സ്ഥിതിക്ക് കേസ്സ് പുനർവിചാരണക്ക് വെക്കേണ്ടതാണ്. എന്നാൽ ഹരജിക്കാരന് അതു ആവശ്യമില്ലാത്തതിനാൽ ഞങ്ങൾ അതിനു കല്പിക്കുന്നില്ല. വാസ്തവത്തിൽ ആന്തരമായ തെറ്റിദ്ധാരണ പ്രതിക്കുണ്ടായിരുന്നു. ശിക്ഷിക്കുകയാണെങ്കിൽ തന്നെ വളരെ ചുരുങ്ങിയ ശിക്ഷക്കു മാത്രമെ പ്രതികൾ പാത്രവാന്മാരാകയുള്ളു. ഏതായാലും ഇനി ഈ സംഗതിയെപ്പറ്റി നടപടികളൊന്നും എടുക്കേണമെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. അതിനാൽ ഹരജി നീക്കിയിരിക്കുന്നു."

കൃഷ്ണൻ ജഡ്ജി അവർകളും മേൽവിവരിച്ച അഭിപ്രായങ്ങളോട് യോജിക്കുകയും അതനുസരിച്ച് റിവിഷ്യൻ ഹരജി നീക്കപ്പെടുകയും ചെയ്തു. ■

---

*(33 -ാം പേജിൽ നിന്ന് തുടർച്ച)*

രുടെ സ്വന്തം തന്ത്രങ്ങളും മുറകളും ലോകത്തു സമാധാന തകർച്ചകൾക്കും, അന്യോന്യമുള്ള വൈരാഗ്യങ്ങൾക്കും കാരണമായി ഭവിക്കുന്നു. അതുമുഖേന ലോകസമാധാനം തന്നെ തകർന്നുപോകുന്നു. ദൈവീക ഗുണപാഠങ്ങളെ മനസ്സിലാക്കുകയും അതിനനുസരിച്ച് ദൈവം നൽകിയ എല്ലാ ശേഷികളും ദൈവസാമീപ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിനുപകരം അതു സത്യനിഷേധത്തിന് ഉപയോഗപ്പെടുത്തിയാൽ അവരുടെ ഹൃദയങ്ങൾക്കും കാഴ്ച, കേൾവികൾക്കും അല്ലാഹു മറ ഇട്ടുകളയുകയും അവരെ കഠിനമായ ശിക്ഷക്ക് വിധേയമാക്കിത്തീർക്കുകയും ചെയ്യും. അല്ലാഹുവിന്റെ നടപടിക്രമം ഭയങ്കര ശിക്ഷ വരുന്നതിന് മുമ്പായി അവൻ പ്രവാചകന്മാരെ അയച്ചുകൊണ്ടു താക്കീത് ചെയ്തശേഷമാണ് ശിക്ഷ ഇറക്കുക എന്നതാണ്. പ്രവാചകന്മാരുടെ വിളിക്ക് ഉത്തരം നൽകുന്നവർ ഭാഗ്യവാന്മാർ. ഈ കാലഘട്ടത്തിലും അല്ലാഹു അവന്റെ വാഗ്ദത്തം പൂർത്തിയാക്കി കൊണ്ടു ഒരു ലോകോദ്ധാരകനെ അയക്കുകയും വലിയ ശിക്ഷ വരുന്നതിനു മുമ്പായി ചെറിയ ചെറിയ ശിക്ഷകൾ നൽകി ജനങ്ങളുടെ ശ്രദ്ധ ആ പ്രവാചകന്റെ ആഗമനത്തെ വിളമ്പരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കുറ്റകൃത്യങ്ങളിൽ മുഴുകിയ ജനതയെ പെട്ടെന്നു നശിപ്പിക്കുക എന്നത്. കാരുണികനും പൊറുത്തുകൊടുക്കുന്നവനുമായ അല്ലാഹുവിന്റെ നടപടികളിൽ പെട്ടതല്ല. ഒരു പ്രവാചകനെ അയച്ചു താക്കീത് ചെയ്തശേഷം ദീർഘസമയം അവർക്ക് അനുവദിച്ചശേഷം ജനങ്ങൾക്ക് മാനസാന്തരപ്പെടാനുള്ള സാവകാശം നൽകുന്നു. പ്രസ്തുത സമയത്തിനുള്ളിൽ മാനസാന്തരപ്പെടുന്നവർ ഭാഗ്യവാന്മാർ. അവസാനമായി ഈ ഗുണപാഠ കഥയിൽ അല്ലാഹു പറയുന്നു. ഈ പാശ്ചാത്യശക്തികളെപ്പോലെ ശക്തന്മാരായ രാഷ്ട്രങ്ങൾ മുമ്പും ഉണ്ടായിരുന്നു. ആ ജനങ്ങളും അപഥസഞ്ചാരത്തിൽ ആയപ്പോഴൊക്കെ അല്ലാഹു പ്രവാചകന്മാരെ അയച്ചുകൊണ്ടു അവർക്ക് സാരോപദേശങ്ങളും താക്കീതും നൽകി അതു പ്രയോജനപ്പെടാത്തപക്ഷം അവരെ ശിക്ഷക്ക് വിധേയമാക്കിയിട്ടുണ്ട്. ഇതെല്ലാം ഉപമാരൂപത്തിൽ വിവരിച്ചുകൊണ്ടു ഇന്നത്തെ ലോകജനതയേയും രാഷ്ട്രങ്ങളേയും അല്ലാഹു താക്കീതു ചെയ്യുകയാണ്. ഈ ലോകക്രമത്തിനും അല്ലാഹു ചില സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. സംഭവങ്ങളുടെ ഗതി മനസ്സിലാക്കുമ്പോൾ അതു പടിവാതിൽക്കൽ എത്തിയതായി കണ്ണുള്ളവർ കാണുന്നു. ഈ അവസരം. പ്രയോജനപ്പെടുത്തുവാൻ അല്ലാഹു ലോകജനതക്ക് സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ (തുടരും) ■

**അല്ലാഹു പൊറുക്കുന്നവൻ**

**'എന്റെ ദാസന്മാരെ അറിയിക്കുക. ഞാൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.** ***(വി:ഖുർആൻ 15:50)***

കുറിപ്പുകൾ
മുസാഫിർ

# മെക്കയുടെ മുല്ലായിസം പ്രബുദ്ധ കേരളത്തെ വെല്ലുവിളിക്കുന്നു

മെക്ക (MECA - Muslim Employees Cultural Association) എന്നത് കഴിഞ്ഞ 14 വർഷമായി കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കടുത്ത വർഗ്ഗീയ സ്വഭാവമുള്ള മുസ്‌ലിം സർക്കാരുദ്യോഗസ്ഥന്മാരുടെ ഒരു സാംസ്കാരിക സംഘടനയാണ്. മെക്ക ജനറൽ സെക്രട്ടറി കേരളത്തിലെ സെൻസസ് ഡയറക്ടർക്ക് നൽകിയ ഒരു നിവേദനത്തിൽ അഹ്മദികൾ അമുസ്‌ലിംകൾ ആയതിനാൽ ഈയ്യിടെ സർക്കാർ ആരംഭിച്ച പള്ളികളെക്കുറിച്ചുള്ള സെൻസസിൽ നിന്നും അവരെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. പാക്കിസ്താനിലെ മുല്ലാ ശരീഅത്ത് ഭരണകൂടത്തിന്റേ നടപടികളും അഫ്ഗാനിസ്ഥാൻ ഭരിച്ചിരുന്ന താലിബാന്റെ മുല്ലാ മോഡൽ നിയമങ്ങളും സംസ്ഥാന ഭരണകൂടത്തിലെ ചില അനുകൂല ഘടകങ്ങളുപയോഗിച്ച് ആരുമറിയാതെ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയാണോ ഇവരുടെ ഉദ്ദേശമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു

രജിസ്റ്റാർ ജനറൽ ഓഫ് ഇന്ത്യയുടെ കീഴിൽ സാമൂഹ്യപഠനപദ്ധതിയുടെ ഭാഗമായി കേരളത്തിലെ മുസ്‌ലിം, ക്രൈസ്തവ പള്ളികളെക്കുറിച്ച് പഠിക്കാനുള്ള ഒരു അടിസ്ഥാന രേഖ നിർമ്മിക്കലാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അക്കാദമീയവും, ചരിത്രമൂല്യവുമുള്ള ഈ സെൻസസിനെതിരെ മിക്ക മുസ്‌ലിം സംഘടനകളും ഹാലിളകുകയും സംശയങ്ങളും ദുരൂഹതകളും പ്രചരിപ്പിക്കുകയുമുണ്ടായി. മുസ്‌ലിം പള്ളികൾക്കെതിരെ ഭൂരിപക്ഷ മതക്കാർ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണിതെന്ന് വരെ പ്രചരണമുണ്ടായി. മെക്ക എന്ന പ്രസ്തുത സംഘടന 21-09-2003-ന് സെൻസസ് ഡയറക്ടർക്ക് സമർപ്പിച്ച നിവേദനത്തിലും ഈ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. സെൻസസിന്റെ എക്സ്പേർട്ട് കമ്മിറ്റിയിൽ വിവിധ മുസ്‌ലിം കക്ഷികളുടെ പ്രതിനിധികളെ നിയമിച്ചപ്പോഴാണ് അവരുടെ ഹാലിളക്കത്തിനും ആശങ്കക്കും ശമനമുണ്ടായത്. അതിനു ശേഷമാണ് സെൻസസുമായി സഹകരിക്കാനുള്ള പച്ചക്കൊടി അവരിൽ നിന്ന് ഗവൺമെന്റിനു ലഭിച്ചത്. ഇവർക്ക് മേൽക്കൈ ലഭിച്ചപ്പോൾ സെൻസസ് ചോദ്യാവലിയിൽ നിന്നും അഹ്മദികളെ ഗളഹസ്തം ചെയ്യാനും ഇക്കൂട്ടർ മറന്നില്ല.

### മെക്കയുടെ നിവേദനം

21-07-2003-ന് മെക്ക സെൻസസ് ഡയറക്ടർക്ക് നൽകിയ നിവേദനത്തിൽ ഡയറക്ടർ ആദ്യം പ്രസിദ്ധീകരിച്ച ചോദ്യാവലിയും അതോടൊപ്പം മെക്ക എന്ന മുസ്‌ലിം ഉദ്യോഗസ്ഥരുടെ സാംസ്കാരിക സംഘടന നിർദ്ദേശിച്ച തിരുത്തും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്.

'2001-ലെ അഖിലേന്ത്യാ സെൻസസിൽ രാജ്യത്തെ എല്ലാ വിഭാഗം ദേവാലയങ്ങളുടെയും കണക്കെടുത്തിട്ടുള്ളതാണ്. അതിനു ശേഷം ക്ഷേത്രങ്ങളുടെ മാത്രം പ്രത്യേക വിവരം ശേഖരിച്ചു എന്ന് പറയുകയും മസ്ജിദുകളുടേയും ചർച്ചുകളുടേയും മാത്രം സ്ഥിതിവിവരക്കണക്കുകൾ ഇപ്പോൾ ശേഖരിക്കുകയും ചെയ്യുന്നതിലുള്ള ദുരൂഹത ബന്ധപ്പെട്ടവർ വ്യക്തമാക്കേണ്ടതുണ്ട്. ആയതിലേക്ക് ക്ഷേത്രങ്ങളുടെ സ്ഥിതിവിവരകണക്കുകൾ എടുത്ത ചോദ്യാവലി റഫറൻസിനായി ഞങ്ങൾക്ക് അയച്ചുതരികയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

മസ്ജിദുകളുടേയും ചർച്ചുകളുടേയും സ്ഥിതിവിവര കണക്ക് ആരുടെ നിർദ്ദേശപ്രകാരം ഏത് ആവശ്യത്തിന് ശേഖരിക്കുന്നതെന്ന് അധികൃതർ വ്യക്തമാക്കാത്തതിനാൽ അതുകൂടി മറുപടിയിൽ രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.'

| മസ്ജിദുകളുടേയും ചർച്ചുകളുടേയും ചോദ്യാവലി | തിരുത്ത് |
|---|---|
| **ചോദ്യം 2-** ആരാധനാലയം ഏത് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ് (ഉദാ: ഇസ്ലാം മതത്തിലെ സുന്നി ഷിയ അഹമ്മദിയ ക്രിസ്തീയ മതത്തിലെ സിറിയൻ ഓർത്തോഡക്സ്, ലാറ്റിൻ കാത്തലിക്ക് സി.എസ്.ഐ. എന്നിങ്ങനെ ധാരാളം വിഭാഗങ്ങൾ ഉള്ളതിൽ ഏതാണെന്ന് ഉത്തരവാദിത്വപ്പെട്ട പള്ളി അധികാരിയോട് പ്രത്യേകം ചോദിച്ചെഴുതുക) | **ചോദ്യം 2** ഇസ്ലാമിൽ ജാതിവ്യവസ്ഥ ഇല്ലാത്തതിനാൽ ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന ചോദ്യം ഒഴിവാക്കേണ്ടതാണ്. അഹമ്മദീയ വിഭാഗം അഖില ലോകാടിസ്ഥാനത്തിൽ അമുസ്‌ലിംകൾ ആണ് കേരളത്തിൽ അഹ്മദി വിഭാഗക്കാർ മുസ്‌ലിംകൾ അല്ലായെന്ന് ബഹു കേരളാ ഹൈക്കോടതിയുടെ വിധിയുള്ളതാണ്. ആ നിലക്ക് അഹമ്മദീയ വിഭാഗം മുസ്‌ലിമാണെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ചോദ്യാവലി ഉടൻ തിരുത്തേണ്ടതാണ്. |

**എൻ. കെ. അലി, ജനറൽ സെക്രട്ടറി, മെക്ക**

(മെക്കയുടെ മുഖപത്രമായ 'മെക്കന്യൂസി'ൽ 2004 മെയ് മാസം Vol 12 No. 5-ൽ നിവേദനത്തിന്റെ പൂർണരൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

ഇതിൽ അഹ്മദിയ്യാ വിഭാഗം അഖില ലോകാടിസ്ഥാനത്തിൽ അമുസ്ലിംകൾ ആണ് എന്ന മെക്കക്കാരുടെ വാദത്തിന് പുല്ല് വില പോലും കല്പിക്കാനാവില്ല. മതപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലുമൊരു പ്രശ്നത്തിൽ ഒന്നിച്ചൊരു തീരുമാനമെടുക്കാൻ പോയിട്ട് ഒരു മേശക്ക് ചുറ്റും ഇരിക്കാൻ കൂടി കഴിയാത്ത ആഗോള മുസ്ലിം നേതൃത്വം അഹ്മദികളെ കാഫിറാക്കാൻ വേണ്ടി മാത്രം ഇസ്ലാമിക ഇഖ്വത്തിന്റെ പേരിൽ ഒത്തൊരുമിച്ചു തീരുമാനമെടുത്തു എന്ന വാദം പരിഹാസ്യമാണ്. ഇറാഖിൽ അമേരിക്കയും ബ്രിട്ടനും ചേർന്ന് മുസ്ലിം സഹോദരന്മാരെ കൂട്ടക്കശാപ്പ് ചെയ്യുന്നത് ഈ ആഗോള ഇസ്ലാമിക നേതൃത്വത്തിന്റെ സഹായം ഒന്നു കൊണ്ടു മാത്രമാണ്. ഇതിനെതിരെ ഒന്നിച്ചിരുന്ന് അപലപിക്കാൻ പോലും കഴിയാതെ മലവെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരായ ആഗോള മുസ്ലിം നേതൃത്വം അഹ്മദികൾ കാഫിറാണെന്ന് പ്രഖ്യാപിച്ചാൽ തന്നെ അതിന് ഇസ്ലാമുമായെന്ത് ബന്ധം? എന്തിന് ആഗോള തലത്തിൽ പോകണം. പള്ളികളുടെ സെൻസസിന്റെ മേൽനോട്ടം വഹിക്കാൻ സംസ്ഥാന സർക്കാർ നിയമിച്ച പതിനൊന്നംഗ വിദഗ്ധകമ്മിറ്റിയിലെ ഉലമാക്കൾ പ്രതിനിധാനം ചെയ്യുന്ന ഓരോ മുസ്ലിംകക്ഷികളും പരസ്പരം കാഫിറാക്കിയവരാണ്. നോക്കൂ, കൊച്ചുകേരളത്തിൽ ഒരു മുസ്ലിം കക്ഷിയുടെ ഏറ്റവും വലിയ പ്രതിയോഗി മറ്റാരുമല്ല. മറ്റൊരു മുസ്ലിം കക്ഷി തന്നെയാണ്. കേരളത്തിലെ ഓരോ മുസ്ലിം കക്ഷിയും മറ്റൊരു മുസ്ലിം കക്ഷിയുടെ കൈയ്യാൽ 'കുഫ്റ്'തീണ്ടിയവരാണ്. അയിത്തം ആചരിച്ചിരുന്ന കേരളത്തെ പണ്ട് സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചിരുന്നു. അതുപോലെയൊരു 'കാഫിറാലയം' ആണ് നമ്മുടെ മുസ്ലിം കേരളം! പരസ്പരം കൊലവിളിയും കോടതിയും വഴക്കും വക്കാണവുമായി കഴിയുന്ന ഇവരുടെ ഇസ്ലാമിക സാഹോദര്യത്തിന്റെ പെരുമയിൽ അഹ്മദികളെ കാഫിറാക്കിയാൽ അതൊരു വിഡ്ഢികളുടെ തമാശയായെ കണക്കാക്കാനാവൂ.

മറ്റു മുസ്ലിംകളെപ്പോലെ ഖുർആൻ, സുന്നത്ത്, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നീ പ്രമാണങ്ങളിൽ മുൻഗണനാ ക്രമമനുസരിച്ച് വിശ്വസിക്കുന്നവരാണ് അഹ്മദികളെന്നിരിക്കെ അഹ്മദികളെ അമുസ്ലിംകളാണെന്ന് പ്രഖ്യാപിക്കാൻ ആർക്കാണ് ദൈവം അധികാരം നൽകിയത്?

കേരളത്തിലെ അഹ്മദി മുസ്ലിംകളെ ബഹുമാനപ്പെട്ട ഹൈക്കോടതി അമുസ്ലിംകളായി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന മെക്ക ജനറൽ സെക്രട്ടറിയുടെ വാദം പച്ചക്കള്ളമാണ്. 1922–ലെ നാരന്റകത്ത് അബ്ദുള്ളയും പാഠക്കൻ മമ്മു മുതൽ പേർ തമ്മിലുണ്ടാ.യ വ്യവഹാരം മുതൽ കേരള ഹൈക്കോടതി നിരവധി തവണ അഹ്മദികൾ മുസ്ലിംകളാണെന്ന് വിധിച്ചതാണ്. പ്രഗത്ഭനായ മനുഷ്യവകാശ പ്രവർത്തകനും ആക്റ്റിവിസ്റ്റുമായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരും ജസ്റ്റിസ് ശംസുദ്ദീനും അഹ്മദികളെ മുസ്ലിംകളാണെന്ന് വിധിച്ചവരിൽ പെടും. ഇതിൽ കോഴിക്കോട് വലിയ ഖാസിയശശശശശശശശശശശശശശശായിരുന്ന ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളും അഹ്മദ് കോയയും തമ്മിലുള്ള വ്യവഹാരത്തിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ 1971/KLT-68 –ാം നമ്പർ ഹൈക്കോടതി വിധിന്യായം പ്രത്യേകം സ്മരണീയമാണ്. നൈതികവും, ദൈവശാസ്ത്രപരവും നിയമപരവും ഭരണഘടനാപരവുമായ നിരവധി വസ്തുതകൾ വിശകലനം ചെയ്തുകൊണ്ട് 14 പോയന്റുകളായി അദ്ദേഹം നൽകിയ വിശദീകരണം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്. 'വൈകാരികതയും അതിഭാവുകത്വവുമില്ലാതെ നിയമത്തിന്റെ ശീതവെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ അഹ്മദിയ്യാ വിഭാഗം ഇസ്ലാമിന്നകത്ത് തന്നെയുള്ളതാണെന്ന വസ്തുത കൈക്കൊള്ളാൻ എനിക്ക് യാതൊരു സന്ദേഹവുമില്ല'.

പ്രസ്തുത വിധി സംബന്ധമായി ജസ്റ്റിസ് കൃഷ്ണയ്യർ പറഞ്ഞ ഒരു കാര്യം കൂടി ഇവിടെ രേഖപ്പെടുത്തട്ടെ. 'മതത്തിൽ കൈയ്യിടാൻ പാടില്ല എന്ന് നമ്മുടെ ഭരണഘടന ഉറപ്പ് നൽകിയിട്ടുണ്ട്. അതിനെപറ്റി തർക്കമില്ല. പാക്കിസ്ഥാൻ മറ്റൊരു നിലപാടാണ് അംഗീകരിച്ചിട്ടുള്ളത്. ഇസ്ലാം എന്നാൽ എന്താണെന്ന് അവരാണ് കല്പിക്കുന്നത്. അങ്ങിനെ ചെയ്യുന്നത് ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല.

ഈ ചോദ്യം എന്റെ കോടതിയിൽ വന്നപ്പോൾ പഴയ വിധികൾ നോക്കിയതിൽ മദ്രാസിൽ ഒരു ഡിവിഷൻ ബഞ്ച് വിധിച്ചിട്ടുള്ളത് അഹ്മദികൾ മുസ്ലിംകളാണെന്നാണ് കണ്ടത്. സർ സഫറുല്ലാഹ് ഖാനാണ് ആ കേസ് വാദിച്ചത്. രണ്ട് യൂറോപ്യൻമാരാണ് ആ വിധി പറഞ്ഞത്. അതിനെതിരെ ഒരു വിധിയും ഉണ്ടായിട്ടില്ല. (സത്യദൂതൻ വജ്രജൂബിലി പതിപ്പ് 1996).

ഇത്തരം വിധികളുടെ പശ്ചാത്തലം കൂടി നാം മനസ്സിലാക്കണം. ഭർത്താവ് അഹ്മദിയായതിന്റെ പേരിൽ അദ്ദേഹത്തിന്റെ സമ്മതമോ അറിവോ ഇല്ലാതെ മൊഴി പ്രാബല്യത്തിൽ വന്നതായി ഏകപക്ഷീയമായി പ്രഖ്യാപിക്കപ്പെടുന്നു. നിയമദൃഷ്ട്യാ അസാധുവായ ഇത്തരം വിവാഹമോചനങ്ങൾക്ക് ഒരിക്കലും സ്ത്രീയുടെ സ്വാഭാവിക സമ്മതം ഉണ്ടാവില്ല എന്ന് സ്പഷ്ടമാണ്. ഖാസിമാരും മതഭ്രാന്തന്മാരുമായ ബന്ധുക്കളും നിർബന്ധിച്ചും ഭയപ്പെടുത്തിയുമാണ് സ്ത്രീയെ അവരുടെ വരുതിയിലാക്കുക. പിന്നീട് ആ സ്ത്രീയെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്യുന്നു. സംസ്കാര ശൂന്യമായ ഇത്തരം സംഭവങ്ങൾ അഹ്മദി മുസ്ലിംകൾ ഇവിടെ നേരിടാറുണ്ട്. അങ്ങിനെയാണ് പ്രശ്നം കോടതിയിലേക്കെത്തുന്നത്. കോടതി പിന്നീടു അഹ്മദിയെ മുസ്ലിം തന്നെയാണെന്ന് കണ്ടെത്തുന്നു. അഹ്മദി ഭർത്താവിന്റെ സമ്മതമോ സ്ത്രീയുടെ സ്വാഭാവിക സമ്മതമോ ഇല്ലാതെ ഹതഭാഗ്യയായ അവർ നിയമത്തിന്റെ ദൃഷ്ടിയിൽ തെറ്റായ ദാമ്പത്യജീവിതമാണ് പിന്നെ നയിക്കുന്നത്. – സങ്കീർണ്ണമായ ഈ ജീവിതപ്രശ്നം നിസ്സംഗമായി നോക്കിനിൽക്കാനേ കോടതികൾക്കും ഹരജിക്കാരനായ അഹ്മദി ഭർത്താവിനും സാധിക്കുകയുള്ളൂ. മനുഷ്യജീവിത

ത്തെ കശക്കിയെറിയുന്ന ഖാസിമാരുടെ നിരവധി മൃഗയാ വിനോദങ്ങളിൽ ഒന്നാണ് മനുഷ്യജീവിതങ്ങൾ കൊണ്ടുള്ള ഇത്തരം പന്താട്ടങ്ങൾ എന്ന് സന്ദർഭികമായി ഇവിടെ പറയട്ടെ.

ഇന്ത്യയിലെ സെക്കുലർ ഭരണഘടന അനുശാസിക്കും വിധം പൗരന്റെ മതസ്വാതന്ത്ര്യം സംരക്ഷിക്കേണ്ട കോടതികൾ പാക്കിസ്ഥാനിലെ മുല്ലാക്കോടതികളെപ്പോലെ ഒരാൾ സ്വയം പ്രഖ്യാപിച്ച മതവിശ്വാസത്തിൽ നിന്നും അയാളെ പുറത്താക്കിക്കൊണ്ട് വിധി പ്രസ്താവിച്ചു എന്ന മെക്ക ജനറൽ സെക്രട്ടറിയുടെ പ്രസ്താവന ബഹുമാനപ്പെട്ട ഹൈക്കോടതിയെ അവഹേളിക്കലാണ്. ഹൈക്കോടതിയെ പറ്റി ഇത്തരം ദുർഭാവനകൾ വെച്ച് പുലർത്തുന്ന പ്രസ്താവനകൾ തട്ടിവിടുന്നത് കോർട്ടലക്ഷ്യമാണെന്നും മുല്ലായിസം തലയിൽ കയറിയ മെക്ക ജനറൽ സെക്രട്ടറിയെ ഓർമ്മപ്പെടുത്തട്ടെ.

പാകിസ്താനിലെ മുല്ലാ ശരീഅത്ത് ഭരണകൂടത്തിന്റെ മനുഷ്യത്വഹീനമായ നിയമങ്ങൾ ജനാധിപത്യപ്രബുദ്ധമായ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യാനാണ് അണ്ണാരക്കണ്ണനും തന്നാലായത് എന്ന മട്ടിൽ മെക്കാ ഭാരവാഹികളും തല്പരകക്ഷികളും ശ്രമിക്കുന്നത്.

1974ലാണ് അഹ്മദികളെ പാക്കിസ്താനിൽ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചത്. പാക്കിസ്താൻ ഭരണഘടനയുടെ തന്നെ മതസ്വാതന്ത്ര്യത്തിന്റെയും, മൗലികാവകാശങ്ങളുടെയും വ്യക്തമായ ലംഘനമായിരുന്നു ഈ അമുസ്‌ലിം പ്രഖ്യാപനം. Pt XII Ch. 5. Article 260(3) (a) 260 (3) (b) എന്നീ വകുപ്പുകൾ പുതുതായി ഭരണഘടനയിൽ കൂട്ടിച്ചേർത്തുകൊണ്ടാണ് കിരാതമായ മുല്ലായിസം പാക്കിസ്താൻ ഭരണകൂടത്തിന്റെ സെക്കുലർ സ്വഭാവം ചോർത്തിക്കളഞ്ഞത്. പിന്നീട് 1984–ൽ പട്ടാള സ്വേഛാധിപതിയും മതരാഷ്ട്ര മൗലികവാദിയുമായിരുന്ന ജനറൽ സിയാഉൽഹഖിന്റെ കുപ്രസിദ്ധമായ 20–ാം നമ്പർ ഓർഡിനൻസിലൂടെ ഈ ഭരണഘടനാ നിയമം പ്രാവർത്തികമാക്കുകയായിരുന്നു. ഇത് പ്രകാരം അഹ്മദി മുസ്‌ലിംകൾ 'അസ്സലാമു അലൈക്കും' എന്ന ഇസ്‌ലാമിക അഭിവാദനം ആശംസിച്ചാലും, ഖുർആൻ പാരായണം ചെയ്താലും മസ്ജിദുകളിൽ നമസ്കരിച്ചാലും അടി ശിക്ഷ മുതൽ വധ ശിക്ഷ വരെ അർഹിക്കുന്ന ക്രിമിനൽ കുറ്റങ്ങളാക്കി മാറ്റി. കെട്ടുകഥകളിൽ പോലും കാണാൻ കഴിയാത്ത വിചിത്രനിയമങ്ങളും റോമൻ ചക്രവർത്തിമാർ പോലും ചെയ്യാൻ മടിച്ച പീഢനങ്ങളുമാണ് പിന്നീട് പാക്കിസ്താനിൽ അഹ്മദികൾക്കെതിരെ അരങ്ങേറിയത്. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ചാർട്ടറിന്റെ ലംഘനവും മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവരിൽ അറുപ്പും വെറുപ്പും ഞെട്ടലും ഉളവാക്കുന്നതുമായ പാക്കിസ്ഥാനിലെ ഈ കിരാത സംഭവങ്ങൾ ലോകമെങ്ങുമുള്ള മനുഷ്യാവകാശപ്രവർത്തകരും; മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവരും അപലപിച്ചുകൊണ്ടിരിക്കുന്നു. മതതീവ്രവാദത്തിലധിഷ്ഠിതമായ ജുഗുപ്സയുളവാക്കുന്ന ഇത്തരം നിയമങ്ങളാണ് പാക്കിസ്താനെ അന്താരാഷ്ട്രവേദികളിൽ നോട്ടപ്പുള്ളിയാക്കി മാറ്റിയതും മതസ്വാതന്ത്ര്യത്തിന്റെ കശാപ്പു ശാലയെന്ന വിശേഷണം ചാർത്തി കൊടുത്തതും. പാകിസ്താനിലെ അഹ്മദികൾക്ക് നേരെയുള്ള ഈ നീതിനിഷേധങ്ങളും പീഢനങ്ങളും കേരള സർക്കാറും സെൻസസ് ഡയറക്ടറും ന്യായമായും അറിഞ്ഞിരിക്കേണ്ടതുണ്ട്.

നിർഭാഗ്യകരമെന്ന് പറയട്ടെ മെക്കയെപോലെ അസഹിഷ്ണുതയിലധിഷ്ഠിതമായ ഒരു വർഗ്ഗീയ സംഘടന നിർദ്ദേശിച്ച തിരുത്ത് കാര്യമറിയാതെ കേരളത്തിലെ സെൻസസ് ഡയറക്ടർ അംഗീകരിച്ചതായി മനസ്സിലാവുന്നു. ജില്ലാ കലക്ടറേറ്റുകളിൽ സെപ്തംബറിൽ മാസത്തിൽ വിളിച്ചു ചേർത്ത പ്രസ്തുത സെൻസസിന്റെ റീജിനൽ മീറ്റിംങ്ങുകളിൽ വിതരണം ചെയ്ത പുതുക്കിയ ചോദ്യാവലിയിൽ അഹ്മദികളുടെ പേര് ചേർത്തിട്ടില്ല. ഗവൺമെന്റിന്റെ ഒരു കക്ഷിയിൽപ്പെട്ട ചിലരുടെ ഒത്താശകളും മുസ്‌ലിം തീവ്രവാദികളുടെ സമ്മർദ്ദവും ഇതിനു പിന്നിൽ ഉണ്ടായിരിക്കാം. മെക്കക്കാരുടെ നിർദ്ദേശത്തിനുശേഷം അഹ്മദി മുസ്‌ലിംകളെ ഒഴിവാക്കിക്കൊണ്ട് തിരുത്തിയ ചോദ്യാവലിയിലെ ചോദ്യം ഇപ്രകാരമാണ്.

*ചോദ്യം 2 : ആരാധനാലയം ഏതു വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്?... (ഉദാ: സുന്നി ഷിയാ മറ്റുള്ളവ ഇവയിൽ ഏതാണെന്ന് ഉത്തരവാദിത്തപ്പെട്ട പള്ളി അധികാരിയോട് ചോദിച്ചെഴുതുക)*

പള്ളികളുടെ സെൻസസ് രേഖയിൽ നിന്നും അഹ്മദികളുടെ പേര് നീക്കം ചെയ്തതുകൊണ്ട് വാസ്തവത്തിൽ അഹ്മദികൾക്ക് പ്രശ്നങ്ങളൊന്നുമില്ല. കാരണം അഹ്മദി മുസ്‌ലിംകൾ വിശാലാർത്ഥത്തിൽ സുന്നികളാണ്. അതുകൊണ്ട് ഈ ചോദ്യം പൂരിപ്പിക്കാൻ അഹ്മദി മുസ്‌ലിംകൾക്ക് യാതൊരു പ്രയാസവുമില്ല. പക്ഷേ പ്രശ്നത്തിന്റെ ഗൗരവം അവിടെയല്ല. മെക്കയെ പോലെയുള്ള വർഗ്ഗീയതയിലും വിഭാഗീയതയിലുമധിഷ്ഠിതമായ ഒരു മുസ്‌ലിം സംഘടന ഉന്നയിച്ച ന്യായങ്ങളും കാരണങ്ങളും അംഗീകരിച്ചുകൊണ്ടാണോ സെൻ സസ് ഡയറക്ടർ അഹ്മദി മുസ്‌ലിംകളുടെ പേര് സെൻസസ് ചോദ്യാവലിയിൽ നിന്നും നീക്കം ചെയ്തത്? എന്നാണ് അറിയേണ്ടത്. അതായത് പാകിസ്താനിലെ ശരീഅത്ത് ഭരണക്കൂടവും മുല്ലാ കോടതികളും വെച്ചുപുലർത്തുന്ന നയമാണോ പ്രബുദ്ധ കേരളത്തിലെ ജനാധിപത്യത്തിലധിഷ്ഠിതമായ സംസ്ഥാന സർക്കാർ അഹ്മദി മുസ്‌ലിംകളോട് അനുവർത്തിക്കുന്നത്. രണ്ടാമതായി അഹ്മദികളോട് അനുഭാവമുള്ളവരല്ല സെൻസസ് വിദഗ്ദ്ധസമിതിയിലെ അംഗങ്ങളായ മുസ്‌ലിം പണ്ഡിതന്മാർ. അവരിൽ ചിലർ അഹ്മദി മുസ്‌ലിംകൾ അവിശ്വാസികളാണെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ്. അഹ്മദി മുസ്‌ലിംകൾ നിർമ്മിച്ച മസ്ജിദുകളും അതുസംബന്ധമായ മറ്റു വിവരങ്ങളും സെൻസസ് രേഖയിൽ സത്യസന്ധമായി രേഖപ്പെടുത്തും എന്ന് കേരള സർക്കാർ അഹ്മദി മുസ്‌ലിംകൾക്ക് ഉറപ്പ് നൽകേണ്ടതുണ്ടെ[redacted]ന് ജനാധിപത്യകേരളത്തെ സാക്ഷി നിർത്തി ഞങ്ങൾ ആവശ്യപ്പെടുന്നു.

# നാസിർ അഅ്ലാ കേരളം സന്ദർശിച്ചു

**കോഴിക്കോട് :** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഭാരത്, നാസിർ അഅ്ലാ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ഭാര്യാസമേതം സ്വകാര്യ സന്ദർശനാർത്ഥം സെപ്റ്റംബർ 12ന് രാവിലെ കോയമ്പത്തൂരിൽ വന്നെത്തി. കോയമ്പത്തൂരിൽ അഹ്മദിയ്യാ ജമാഅത്ത് അദ്ദേഹത്തിനും പത്നിക്കും വിമാനത്താവളത്തിൽ ഊഷ്മളമായ വരവേല്പു നൽകി. പിന്നീടദ്ദേഹം കോയമ്പത്തൂർ മസ്ജിദിൽ ഒരു ചെറുപ്രഭാഷണം നടത്തി. 15–നു രാവിലെ മലമ്പുഴയിൽ വെച്ച് ഒരു പത്രത്തിന്ന് അഭിമുഖം അനുവദിച്ചു.

അന്നുരാവിലെത്തന്നെ പുതുതായി രൂപീകരിക്കപ്പെട്ട കൊടുവായൂർ അഹ്മദിയ്യാ ജമാഅത്തിന്നായി നിർമ്മിക്കാനുദ്ദേശിക്കുന്ന മസ്ജിദിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. അതിന്നുശേഷം മണ്ണാർക്കാട്ടെത്തി. അവിടെ ഇപ്പോഴുള്ള മസ്ജിദിന്ന് വിപുലീകരണത്തിന് തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. കേരള അമീർ ഏ.പി. കുഞ്ഞാമു സാഹിബും സന്നിഹിതനായിരുന്നു. ഹ്രസ്വപ്രഭാഷണത്തിന്നുശേഷം കോഴിക്കോട്ടേക്ക് തിരിച്ച വസിം സാഹിബ് അന്നു രാത്രി ഇശാക്ക് ശേഷം കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ സമ്മേളിച്ച അഹ്മദി സഹോദരന്മാരെ അഭിമുഖീകരിച്ചുകൊണ്ട് ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായിക്കൊണ്ടിരിക്കുന്ന വിജയങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി എന്നത് ഇവിടെ പ്രസ്താവ്യമാണ്. കേരളാ അമീർ ഏ.പി. കുഞ്ഞാമു സാഹിബ് അദ്ധ്യക്ഷം വഹിച്ചു.

സെപ്റ്റംബർ 16–ന് രാവിലെ കണ്ണൂരിലേക്കു പുറപ്പെടുകയും അന്നു വൈകുന്നേരം കേരള അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് യോഗത്തെ അഭിസംബോധന ചെയ്തു.

സെപ്റ്റംബർ 17–നു കണ്ണൂരിലെ അപ്പോളോ ക്ലിനിക്കിന്റെ ഉൽഘാടനം അദ്ദേഹം നിർവ്വഹിച്ചു. മരുന്നുകളും ആധുനികാചികിത്സാസൗകര്യങ്ങളും മാത്രമല്ല അചഞ്ചലമായ പ്രാർത്ഥനയും വിശ്വാസവും ആരോഗ്യത്തിന്നനിവാര്യമാണെന്നു അദ്ദേഹം തന്റെ ഉൽഘാടന പ്രസംഗത്തിൽ പറഞ്ഞു.

സ്റ്റേറ്റ് അമീർ സാഹിബ് ചീഫ് മിഷണറി മൗലവി മുഹമ്മദ് ഉമർ, ജനറൽ സെക്രട്ടറി കെ. എം. അഹ്മദ് കോയ സാഹിബ്, കോഴിക്കോട് നായിബ് അമീർ എം.എ. മുഹമ്മദ് സാഹിബ് എന്നിവർ ചേർന്ന് നാസിർ അഅ്ലായ്ക്ക് ഊഷ്മളമായ യാത്രയയപ്പ് നൽകി. കോഴിക്കോട് നിന്നും അദ്ദേഹം ചെന്നൈയിലേക്കാണ് തിരിച്ചത്. ■

# ജൂതന്മാർ യേശുവിന്റെ കല്ലറ കാണാൻ കൂട്ടമായെത്തുന്നു:

## ഇസ്രായേലിന്റെ ആജ്ഞ അവഗണിച്ച് കാശ്മീരിലേക്ക്

**ശ്രീനഗർ:** സെപ്ത. 11. ജെറുസലെമിൽ നിന്നുള്ള താക്കീത് അവഗണിച്ചുകൊണ്ട് ഇസ്രായേലി ടൂറിസ്റ്റുകൾ ആഗസ്തിൽ കാശ്മീരിലേക്ക് പ്രവഹിക്കുകയുണ്ടായി. യേശുവിന്റെയും മോസസിന്റേതുമെന്ന് വിശ്വസിക്കപ്പെടുന്ന കബറിടം സന്ദർശിക്കാനായിരുന്നു അവരുടെ വരവിന്റെ ഉദ്ദേശ്യം.

കാശ്മീരിൽ നിന്നും ഉടനടി വിട്ടുപോകണമെന്ന് ഇസ്രയേലിൽ നിന്നും കർശന നിർദ്ദേശം വന്നതിന് ശേഷവും നൂറോളം ഇസ്രയേലി ടൂറിസ്റ്റുകൾ ഇവിടെയെത്തിയിട്ടുണ്ട്. ചുരുക്കം ചില ടൂറിസ്റ്റുകൾക്ക് മാത്രമേ ഈ നിരോധനം സംബന്ധിച്ച് അവബോധമുള്ളൂവെന്ന് വിദേശ ടൂറിസ്റ്റുകളുടെ ഉത്തരവാദിത്തം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. ഇസ്രയേലി ടൂറിസ്റ്റുകളുടെ ഈ വർദ്ധവിനെത്തുടർന്ന് ഒരുപാട് ഹൗസ് ബോട്ടുകളിൽ ഇപ്പോൾ ഹിബ്രുവിൽ ബോർഡുകളും മെനുവും എഴുതിത്തൂക്കിയിട്ടുണ്ട്.

ഔദ്യോഗിക കണക്കുപ്രകാരം 1,500 ഓളം ഇസ്രയേലീ ടൂറിസ്റ്റുകൾ 2003–ൽ കാശ്മീർ സന്ദർശിച്ചിട്ടുണ്ട്. ഈ വർഷം കഴിഞ്ഞ എട്ടുമാസത്തിനകം 1623 ഇസ്രായേലി ടൂറിസ്റ്റുകൾ കാശ്മീർ സന്ദർശിച്ചുകഴിഞ്ഞു. അതുപോലെ ജപ്പാൻ, കൊറിയ, മലേഷ്യ മുതലായ രാജ്യങ്ങൾക്ക് പുറമെ തെക്ക് കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നും ടൂറിസ്റ്റുകൾ കാശ്മീരിലേക്ക് കൂടുതലായി വരുന്നു. ബ്രിട്ടനിൽ നിന്നും മറ്റു ഭൂഖണ്ഡത്തിൽ നിന്നും 12,000 ടൂറിസ്റ്റുകൾ ഇതു വരെ ഈ വർഷം കാശ്മീർ സന്ദർശിച്ചിട്ടുണ്ട്.

താഴ്‌വരയിലെ ഇസ്രായേലികളുടെ മുഖ്യആകർഷണകേന്ദ്രങ്ങൾ രണ്ട് കബറിടങ്ങളാണ്. അത് മോസസി

ന്റെയും യേശുവിന്റേതുമാണെന്ന് വിശ്വസിക്കപ്പെടുന്നു. യേശുവിന്റെതെന്ന് പറയപ്പെടുന്ന കബർ മധ്യശ്രീനഗറിലെ റോസാബാലിലാണ്. മോസസിന്റേത് വടക്കൻ കാശ്മീരിലെ ബന്ദിപൂർ പട്ടണത്തിനടുത്തും.

ശ്രീനഗറിലെ വളരെ കലാപരമായി പണിത ഗ്രാന്റ് മോസ്ക്, വിശുദ്ധ മന്ദിരമെന്ന് അറിയപ്പെടുന്ന ഹസ്റത്ത് ബാൽപള്ളി, തക്കെത സുലൈമാൻ അഥവാ സോളമൻ സിംഹാസനം ഇവയെല്ലാം ഇസ്രായേലി ടൂറിസ്റ്റുകളുടെ മറ്റ് ചില ആകർഷണകേന്ദ്രങ്ങളാണ്. സോളമൻ (ഇസ്രായേലി രാജാവ്) സിംഹാസനം സ്ഥിതിചെയ്യുന്നത് ശങ്കരാചാര്യർ മലയിലാണ്. അവിടെ നിന്നും ഡാൽ തടാകത്തിന്റെ സുന്ദരദൃശ്യം കാണാം.

*(ഹൈദരാബാദിൽ നിന്നും പുറപ്പെടുന്ന 'Deccan Chronicle' എന്ന പത്രത്തിൽ* ***'JEWS FLOCK TO JESUS TOMB.*** *Head for J & K, Ignore Israel rule' എന്ന ശീർഷകത്തിൽ ആദ്യപേജിൽ വന്ന വാർത്ത)* ■

# ബർമിങ്ങ്ഹാമിൽ പുതിയ മസ്ജിദ്

**ലണ്ടൻ:** ബ്രിട്ടനിലെ രണ്ടാമത്തെ വലിയ പട്ടണമായ ബർമ്മിങ്ങ്ഹാമിൽ അഹ്മദിയാ മുസ്ലിം ജമാഅത്ത് വളരെ വിശാലമായ ഒരു മസ്ജിദിന്റെ പണി തീർത്തിരിക്കുന്നു. ഒക്ടോബർ ഒന്നാം തിയ്യതി വെള്ളിയാഴ്ച ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഉദ്ഘാടനം നിർവ്വഹിക്കുന്നതായിരിക്കും.

വിപുലവും പ്രൗഢഗംഭീരവുമായ മസ്ജിദ് ബെർമിംങ്ങ് ഹാം സെന്ററിൽ നിന്നും 3 കിലോമീറ്റർ അകലെയാണ് ലണ്ടനിലെ അഹ്മദിയ്യാ കേന്ദ്രമായ ടിൽഫോർഡിലെ ഇസ്ലാമാബാദ് ലണ്ടൻ എന്നീ നഗരങ്ങൾക്ക് പുറമെ ബെർമ്മിങ്ങ്ഹാമിലാണ് ഖലീഫാ തിരുമനസ്സിന്റെ ഖുത്തുബ ആദ്യമായി നിർവ്വഹിക്കപ്പെടുന്നത്. ■

---

*(18 -ാം പേജിൽ നിന്ന് തുടർച്ച)*

ച്ചാണോ ഈ പദം ഉപയോഗിച്ചത് ആ ജനങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. അവർ ജീവിച്ച പട്ടണങ്ങളും ഞാൻ കണ്ടിട്ടുണ്ട്. ഈ ജിന്നുകളെല്ലാം മനുഷ്യരിൽ പെട്ടവർ തന്നെയാണ് എന്ന വ്യക്തമായ തെളിവുകളോടെയാണ് ഞാൻ അവരെ കണ്ടത്. മനുഷ്യരിൽ നിന്ന് വ്യത്യസ്തരായവരല്ല അവർ.

**ആദം ആദ്യത്തെ മനുഷ്യനല്ല**

വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ആദ്യം സൃഷ്ടിക്കപ്പെട്ട ആൾ എന്ന നിലക്ക് ആദം ഒരിക്കലും ആദ്യത്തെ മനുഷ്യനായിരുന്നില്ല. ആദം വരുന്നതിന് വളരെകാലം മുമ്പേതന്നെ മനുഷ്യസമൂഹം നിലനിന്നിരുന്നു. ആദമിനെ പ്രതിപാദിച്ചുകൊണ്ട് അല്ലാഹു പറയുന്നു: 'ഞാൻ ഒരു ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു' (2:31)

ഇവിടെ ആദം ആദ്യത്തെ മനുഷ്യനായിരുന്നുവെങ്കിൽ അല്ലാഹു ഞാൻ 'ആദ്യത്തെ മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു' എന്നായിരുന്നു പറയേണ്ടിയിരുന്നത്. പക്ഷേ അല്ലാഹു അങ്ങനെയല്ല പറഞ്ഞത്. അല്ലാഹു പറഞ്ഞത് തന്റെ പ്രതിനിധിയായിക്കൊണ്ട് ഒരു പ്രത്യേക മനുഷ്യനെ ബഹുമാനിതമായ ഒരു പദവിയിൽ നിയമിക്കാൻ പോകുന്നു എന്നാണ്. ഈയൊരു പ്രയോഗം കൊണ്ട് വളരെ വ്യക്തമായി മനസ്സിലാവുന്നത്, മറ്റു മനുഷ്യരും അപ്പോൾ നിലവിലുണ്ടായിരുന്നു എന്നാണ്. അവരിൽ നിന്നുള്ള ഒരാളെയാണ് തിരഞ്ഞെടുക്കുന്നത്. അങ്ങനെയാണ് അദ്ദേഹത്തിന് 'പ്രതിനിധി' എന്ന പദവി ലഭിക്കുന്നത്. ഈ വചനങ്ങളിൽ നിന്നും വ്യക്തമായും മനസ്സിലാവുന്നത് മനുഷ്യവർഗ്ഗത്തിന്റെ ആദ്യത്തെ പിതാവ് എന്ന അർത്ഥത്തിലല്ല മറിച്ച് ഒരു പ്രത്യേക സ്ഥാനത്തേക്ക് ഒരാളെ നിയോഗിക്കുന്നത് സംബന്ധിച്ചാണ് ഈ വചനം പറയുന്നത് എന്നാണ്.

ആദമിന് മുമ്പ് ജനങ്ങൾ ജീവിച്ചിരുന്നു എന്നതിന്റെ രണ്ടാമത്തെ തെളിവ്.

'നാം നിങ്ങളെ സൃഷ്ടിക്കുകയും എന്നിട്ട് നാം നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. പിന്നീട് നാം മലക്കുകളോടു പറഞ്ഞു. 'ആദമിനെ അനുസരിക്കുക' എന്ന് (7:12).

മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യരെ ആദ്യം സൃഷ്ടിച്ചു. എന്നിട്ട് അവർക്ക് ശരിയായ ആകാരവും, ബുദ്ധിവൈഭവവും നൽകി. മലക്കുകളെ മനുഷ്യന്റെ ആവശ്യങ്ങൾക്കായി നിയമിക്കുകയും ചെയ്തു. ഇവിടെ അല്ലാഹു മനുഷ്യനെ സൃഷ്ടിക്കുകയും മലക്കുകളോട് അനുസരിക്കാൻ കല്പിക്കുകയും ചെയ്തു എന്നല്ല പറയുന്നത്. അല്ലാഹു പറയുന്നത് അവൻ മനുഷ്യനെ സൃഷ്ടിക്കുകയും അവൻ ഒരു നിശ്ചിത അവസ്ഥയും ഘട്ടവും പ്രാപിക്കുന്നത് വരെ പരിണാമ പ്രക്രിയക്ക് വിധേയമാക്കുകയും ചെയ്തു എന്നാണ്. അങ്ങനെ അതിനു മുമ്പ് മനുഷ്യൻ പ്രാപിച്ചിട്ടില്ലാത്ത പുരോഗതിയുടെ ആ ഘട്ടം എത്തിയപ്പോൾ അല്ലാഹു മനുഷ്യനെ അനുസരിക്കാൻ മലക്കുകളോട് കല്പിക്കുകയാണുണ്ടായത്. ആദമിനെ അല്ലാഹുവിന്റെ പ്രതിനിധിയായികൊണ്ട് മനുഷ്യർക്കിടയിൽ ബഹുമാനിതമായ ഒരു സ്ഥാനത്ത് നിയോഗിക്കുമ്പോൾ മനുഷ്യവർഗ്ഗത്തിൽ ആദമിനെ കൂടാതെ മറ്റു അംഗങ്ങളുമുണ്ടായിരുന്നു എന്നതിന് വ്യക്തമായ തെളിവാണ് ഇത്. ■